# സത്യദൂതൻ

2019 ഡിസംബർ | ലക്കം 12

വില ₹ 30



## എല്ലാ സമുജ്ജ്വല സ്മാരകങ്ങളും വിസ്മൃതമാവും. ദൈവത്തിന്റെ തിരുമുഖം മാത്രം ബാക്കിയാവും

---

## ആ ഭീകരൻ അരങ്ങൊഴിഞ്ഞു

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy
Yassarnal Quran Font




**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons
In 15 languages





**MTA**
Watch MTA Live, view
Schedule and much more



**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly


لا إله إلا الله محمد رسول الله

# സത്യദൂതൻ


2019 ഡിസംബർ
ഹി.ശ.1399- ഫത്ഹ്
1441 റബീഉൽ ആഷിർ - ജമാദുൽ അവ്വൽ
പുസ്തകം 91 ലക്കം 12
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം

**ഹദ്റത്ത് മിഖ്ദാദ്**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 നവംബർ 22ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മൗലവി ഹാശിം അശ്റഫ്.

**11**

അഹ്മദിയ്യാ പ്രസ്ഥാനം - 3

**മനുഷ്യനെ സൃഷ്ടിച്ചത് ലക്ഷ്യസഹിതം**

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷൻ ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ നടന്ന മതസമ്മേളനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അവതരിപ്പിച്ചതും സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഇംഗ്ലീഷിൽ വായിച്ചു കേൾപ്പിച്ചതുമായ പ്രബന്ധമാണ് Ahmadiyya Movement അഥവാ അഹ്മദിയ്യാ പ്രസ്ഥാനം എന്ന ഈ ലഘുകൃതി. ഇംഗ്ലീഷിൽ നിന്ന് വിവർത്തനം: ആരിഫ് മുഹമ്മദ് ബി.എം.



**17**

**ആരാധന ഉത്ഭവിച്ചത് ഭയത്തിൽ നിന്നോ?**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ്

**21**

**എസ്സീൻ സാഹോദര്യ കൂട്ടായ്മയും വിശുദ്ധ ഖുർആനും**

എ. എം. മുഹമ്മദ് സലീം

**24**

ഭാഗം - 3

**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**

(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

ഇബ്നു വഫാ ബേപ്പൂർ

**30**

**എല്ലാ സമുജ്ജ്വല സ്മാരകങ്ങളും വിസ്മൃതമാവും ദൈവത്തിന്റെ തിരുമുഖം മാത്രം ബാക്കിയാവും**

എം ആലിക്കോയ

**36**

**കാണാത്ത ദൈവവും കാണപ്പെടുന്ന ദൈവങ്ങളും**

ജലാലുദ്ദീൻ കൽപേനി

**41**

കുറിപ്പുകൾ

**ആ ഭീകരൻ അരങ്ങൊഴിഞ്ഞു**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

പറയുക: എന്റെ അടുക്കൽ അല്ലാഹുവിന്റെ ഖജനാവുകൾ ഉണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യങ്ങൾ ഞാനറിയുന്നുമില്ല. ഞാൻ ഒരു മാലാഖയാണെന്നും നിങ്ങളോട് പറയുന്നില്ല. എന്നിലേക്ക് ദിവ്യബോധനം നൽകപ്പെടുന്നത് പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. പറയുക: അന്ധനും കാഴ്ച്ചയുള്ളവനും ഒരുപോലെയാകുമോ? അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ? (6: 51)





## നബിവചനം

സൈദുബ്നു ഖാലിദ്(റ) യിൽ നിന്ന് നിവേദനം: റസൂൽ തിരു മേനി പറഞ്ഞു: അല്ലാഹു പറയുന്നത് ഇതാണ്, എന്റെ ദാസന്മാരുടെ കൂട്ടത്തിൽ എന്നിൽ അവിശ്വസിച്ചവരും എന്നെ നിഷേധിച്ചവരുമുണ്ട്. ദൈവാനുഗ്രഹത്താൽ മഴ വർഷിച്ചു കിട്ടിയെന്ന് പറയുന്നുണ്ടെങ്കിൽ അവൻ എന്നിൽ വിശ്വസിച്ചവനും നക്ഷത്രങ്ങളെ നിഷേധിച്ചവനുമാണ്. ഇന്നിന്ന നക്ഷത്രങ്ങൾ ഉദിച്ചത് കാരണമാണ് ഞങ്ങൾക്ക് മഴ ലഭിച്ചത് എന്ന് പറയുന്നവനാകട്ടെ, എന്നെ നിഷേധിച്ചവനും നക്ഷത്രത്തിൽ വിശ്വസിച്ചവനുമാണ്. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

യുക്തിയും സയൻസും ഇസ്‌ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. ഭൗതിക തത്ത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ അവർക്ക് തുറന്ന് കാട്ടാൻ കഴിവില്ലാത്തതുകൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്ന് സിദ്ധാന്തിച്ചു കൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചു പിടിക്കാൻ അവർ ശ്രമിക്കുകയാണ്........ഭൗതിക തത്വശാസ്ത്രങ്ങൾക്ക് മുമ്പിൽ അവരുടെ ആത്മാക്കൾ വിറകൊള്ളുകയാണ്. നവംനവങ്ങളായ കണ്ടു പിടുത്തങ്ങൾക്ക് മുമ്പിൽ അവർ കുമ്പിടുകയും ചെയ്യുന്നു. മതത്തിന്റെ സേവനത്തിനും ദൈവവചനങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനുമെല്ലാം ആധുനിക വിജ്ഞാനങ്ങൾ ഏതു വിധേനയും പഠിക്കുകയും അവ ശ്രദ്ധാപൂർവ്വം ഗ്രഹിച്ചറിയുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഈ പഠനം ഒരു വശത്തിൽ മാത്രം ഊന്നി കൊണ്ട് തുടർന്ന് വന്നിട്ടുള്ളവരും സ്വാത്തികരുമായി ബന്ധം സ്ഥാപിക്കാൻ ഇടവന്നിട്ടില്ലാത്തവരും അതിന്ന് മുമ്പിൽ അറച്ച് നിൽക്കുകയും അങ്ങിനെ ഇസ്‌ലാമിൽ നിന്ന് വേർപെട്ടു പോകുകയും ചെയ്തതായി എനിക്ക് തന്നെ അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. (മൽഫൂസാത്ത്, ഭാ 65, 66)



എഡിറ്റോറിയൽ


# യേശുവിനോട് നമുക്കുള്ള കടപ്പാട്

ഇസ്‌ലാം പൂർവ്വ മതങ്ങളെ സത്യപ്പെടുത്തുകയും സ്വാംശീകരിക്കുകയും ചെയ്ത മതമാണ്. പൂർവ്വമത പുരുഷന്മാരുടെ പാരമ്പര്യം ഇസ്‌ലാമിന്റെ കൂടിപാരമ്പര്യമാണ്. വിശുദ്ധ ഖുർആൻ വളരെയേറെ ആദരപൂർവ്വം പ്രതിപാദിച്ച പ്രവാചകനാണ് യേശു (അ) അഥവാ ഈസബ്നു മറിയം(അ). ഏകദൈവ വിശ്വാസം പ്രചരിപ്പിക്കാൻ കുരിശിൽ വെച്ച് മഹാപീഢനങ്ങൾ സഹിച്ച അവിടുത്തെ ഉജ്ജ്വല ത്യാഗങ്ങൾ ഉൾകിടിലത്തോടെയല്ലാതെ ആർക്കും സ്മരിക്കാൻ സാദ്ധ്യമല്ല. കുരിശു പീഢനത്തിൽ നിന്നും അല്ലാഹു തന്റെ വരിഷ്ഠ ദാസനെ അത്ഭുതകരമായി രക്ഷിക്കുകയായിരുന്നു. ഖുർആൻ പറയുന്നു: ***'വാസ്തവത്തിൽ അദ്ദേഹത്തെ (യേശുവിനെ) അവർ വധിച്ചിട്ടില്ല. ക്രൂശിച്ചു കൊന്നിട്ടുമില്ല. നേരെ മറിച്ച് അദ്ദേഹമവർക്ക് (ക്രൂശിക്കപ്പെട്ട ഒരുവനെപ്പോലെ) സദൃശീകരിക്കപ്പെടുകയായിരുന്നു.. .....തൽസംബന്ധമായി ഭിന്നാഭിപ്രായക്കാരായവർ അക്കാര്യത്തിൽ സംശയത്തിൽ തന്നെയാണ്. ഊഹത്തെ പിൻ പറ്റുകയല്ലാതെ അവർക്ക് അതിനെപറ്റി യാതൊരറിവുമില്ല. അവർ അദ്ദേഹത്തെ ഉറപ്പായും വധിച്ചിട്ടില്ല.' (4:158)***. യേശുവിന്റെ ജീവിതം അപ്രകാശിതമായ നിഗൂഢ യാഥാർത്ഥ്യങ്ങൾ കൊണ്ട് നിറഞ്ഞതാണ്. ഖുർആന്റെ നിഷ്പക്ഷവും ഗവേഷണാത്മകവുമായ വായന ഈ സമസ്യകൾക്ക് ഉത്തരം നൽകും.

യേശു ***'ആദരണീയനും ദൈവ സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമാണെന്നും' (3:46)*** അദ്ദേഹം ***'അല്ലാഹുവിന്റെ വചനമാണെന്നും'*** അല്ലാഹുവിൽ നിന്നുള്ള കാരുണ്യമാണെന്നും (4:172) ഖുർആൻ വിശേഷിപ്പിക്കുന്നു. ക്രിസ്ത്യാനികളുടെ സദ്ഗുണങ്ങളേയും ഖുർആൻ വാഴ്ത്തുന്നത് കാണുക: ***'സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സ്നേഹമുള്ളവരായി ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് പറഞ്ഞവരെയും നീ കണ്ടെത്തുന്നതാണ്. അതിന് കാരണം അവരിൽ പൺഡിതന്മാരും പുരോഹിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹംങ്കരിക്കുന്നില്ല എന്നുള്ളതുമാണ്. ഈ ദൂതന് അവതീർണമായത് (ഖുർആൻ) അവർ കേൾക്കുന്നതായാൽ അവർ സത്യം ഗ്രഹിച്ച കാരണത്താൽ അവരുടെ നയനങ്ങൾ കണ്ണുനീർ പൊഴിക്കുന്നതയി നിനക്ക് കാണാം.' (5: 83,84)*** വിശുദ്ധ ഖുർആനിൽ 93 ആയത്തുകളിൽ യേശു(അ)വിനെ കുറിച്ച് പ്രതിപാദനമുണ്ട്. ക്രിസ്തുവിനെ സംബന്ധിച്ച് ഇസ്‌ലാമിന് തനതായ ഒരു ക്രിസ്തു വിജ്ഞാനീയം തന്നെ സ്വന്തമായുണ്ട്.

ദൈവദൂതനായ യേശു പഠിപ്പിച്ച ദൈവ സങ്കൽപ്പത്തിൽ പിൽക്കാല ക്രിസ്തു മതം വരുത്തിയ വ്യതിയാനങ്ങൾ വിശുദ്ധ ഖുർആൻ ചൂണ്ടിക്കാണിക്കുന്നു. ***'അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്നവർ പറയുന്നു. എന്നാൽ അവനെത്രയും പരിശുദ്ധനാണ്. '(2:117) 'മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്നു പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. വാസ്തവത്തിൽ മസീഹ് പറഞ്ഞിരുന്നത്, ഇസ്റയേൽ സന്തതികളേ, എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവുമായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുവീൻ (എന്നാണ്)'(5: 73). 'അല്ലാഹു മൂവരിൽ മൂന്നാമനാണ് എന്ന് പറയുന്നവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു.'(5:74) 'വാസ്തവത്തിൽ ഒരേയൊരു ദൈവമല്ലാതെ മറ്റൊരു ദൈവമില്ല.' (5:74)*** ഇതായിരുന്നു യേശുവിന്റെ യഥാർത്ഥ പ്രേഷിത സാരം.

ആദിമ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ദൗത്യം റോമിൽ പ്രചരിപ്പിക്കാനെത്തിയപ്പോൾ വിശക്കുന്ന സിംഹങ്ങൾക്ക് മുമ്പിൽ തീറ്റി പണ്ടമാകാൻ വേണ്ടി എറിഞ്ഞു കൊടുക്കുന്ന ശിക്ഷയായിരുന്നു (Damnatio ad Bestias= "Condemnation to Beast) ക്രൂരരായ റോമൻ ഭരണാധികാരികൾ അവർക്ക് നൽകിയത്. പീഢനം സഹിക്കവയ്യാതെ റോമിലെ ഭൂഗർഭ ഗുഹയിലേക്ക് അന്തർധാനം ചെയ്ത അവരെ ഖുർആൻ അനുസ്മരിക്കുന്നത് കാണുക. ***ആ യുവാക്കൾ ഗുഹയിലേക്ക് അഭയം പ്രാപിച്ചപ്പോൾ അവർ പറഞ്ഞു: 'ഞങ്ങളുടെ നാഥാ നീ ഞങ്ങൾക്ക് നിന്റെ പക്കൽ നിന്നുള്ള കാരുണ്യം നൽകേണമേ. ഞങ്ങളുടെ കാര്യത്തിൽ നീ ഞങ്ങൾക്ക് വഴിയൊരിരുക്കിത്തരികയും ചെയ്യേണമേ' (18:11)*** പിന്നീട് റോമൻ സിംഹാസനത്തിൽ ആസനസ്ഥമായ ക്രിസ്തു മതം യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനത്തിൽ നിന്നും മാറി ത്രിത്വം എന്ന വിചിത്ര ദൈവസങ്കൽപ്പത്തിൽ എത്തിയിരിക്കുകയാണ്. ആദിമ ക്രിസ്ത്യാനികൾ ജീവൻ ത്യജിച്ച് പ്രചരിപ്പിക്കാൻ ശ്രമിച്ച യേശുവിന്റെ യഥാർത്ഥ മതതത്വങ്ങൾ മനസ്സിലാക്കി ജീവിതത്തിൽ പകർത്തുകയാണ് നമുക്ക് മഹാനായ ആ ദൈവിക പ്രവാചകനോട് ചെയ്യാനുള്ള കടപ്പാട്.



ഹദ്റത്ത് അഹ്മദ് (അ)

# മനുഷ്യസമൂഹത്തിന്റെ ഐക്യം

അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ ശാശ്വതമായ ദൈവിക ദാസ്യത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യ സമുദായത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർദ്ധന കാരണം മനുഷ്യ സമുദായത്തിൽ രൂപപ്പെട്ടിട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണ്ണമായ മനുഷ്യൈക്യത്തിന് വേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യ സമുദായത്തിൽ ഏകതയുടെ വിഭിന്ന ശാഖകൾ സ്ഥാപിച്ചു കൊണ്ട് പിന്നീട് പൂർണ്ണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനയിട്ടാണ് ദൈവം ഇച്ഛിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിനും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം പരിചയപ്പെടുന്നതിന്ന് സൗകര്യവും എളുപ്പവും ഉണ്ടാക്കുകയും അവർ പരസ്പരം ബന്ധപ്പെടുന്നതിന്ന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ മുഴുവൻ സമുദായങ്ങളെയും ഒരു സമുദായമാക്കി ഒന്നിപ്പിക്കുവാനാണ് ദൈവം ഇച്ഛിക്കുന്നത്. ഉദാഹരണമായി ഒരാൾ ഒരുതോട്ടം നിർമ്മിക്കുവാൻ ഇഛിക്കുന്നുവെന്നിരിക്കട്ടെ, തോട്ടത്തിൽ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യസ്തങ്ങളായ ഗണങ്ങളായി വേർതിരിക്കുകയും അതിൽ പിന്നെ തോട്ടത്തിന് ചുറ്റുമായി മതിൽ കെട്ടി വൃക്ഷങ്ങളെയെല്ലാം ഒരൊറ്റ വൃത്തത്തിൽ ഒതുക്കുകയും ചെയ്യുന്നു. ഇതിലേയ്ക്ക് തന്നെയാണ് വിശുദ്ധ ഖുർആൻ സൂചന നൽകിയിരിക്കുന്നത്.

*'ഓ ലോകത്തിന്റെ വിവിധ നബിമാരെ വിവിധ സമുദായങ്ങളിൽ നിന്ന് ലോകത്ത് ഒരുമിച്ച്കൂട്ടിയിട്ടുള്ള ഈ മുസ്‌ലിംകളായ നിങ്ങളെല്ലാവരും ചേർന്ന് ഒരു സമുദായമാകുന്നു. അവർ എല്ലാവരിലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആയിരിക്കയാൽ നിങ്ങളെല്ലാവരും ചേർന്ന് എന്നെ ആരാധിക്കുവിൻ.' (21: 93)*

ഈ അനുക്രമങ്ങളായ ഐക്യത്തിന്റെ ഉദാഹരണം ഇതാണ്. ഓരോ മഹല്ലുകളിലേയും ആളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചു നേരം ഒരുമിച്ചു കൂടുന്നതിന് കൽപ്പിച്ചു. പിന്നീട് ഈ പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം ജാമിയാ മസ്ജിദിൽ എന്ന് വെച്ചാൽ എല്ലാവർക്കും ഒരുമിച്ചു കൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചു ചേരാൻ കൽപ്പിച്ചു. പിന്നെ കൊല്ലത്തിലൊരിക്കൽ മുഴുവൻ നഗരത്തിലേയും ചുറ്റുവട്ടത്തിലെ ഗ്രാമങ്ങളിലേയും ജനങ്ങൾ ഈദ്ഗാഹിൽ ഒന്നിച്ചു ചേരാൻ കൽപിച്ചു. പിന്നെ ജീവിതത്തിൽ ഒരിക്കൽ ലോകത്ത് മുഴുവനുമുള്ള ജനങ്ങൾ ഹജ്ജിന്റെ അവസരത്തിൽ ഒരിടത്ത് അതായത് പരിശുദ്ധ മക്കയിൽ സമ്മേളിക്കുവാനും കൽപ്പിച്ചു. അങ്ങനെ അല്ലാഹു ക്രമത്തിൽ ക്രമത്തിലായി സമുദായത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർണ്ണതയിൽ എത്തിച്ചു. (ചശ്മെ മഅ്രിഫ 137)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 നവംബർ 22ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മൗലവി ഹാശിം അശ്റഫ്.

# ഹദ്റത്ത് മിഖ്ദാദ്




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ബദരീ സഹാബാക്കളുടെ വിവരണത്തിൽ ഇന്ന് ഞാൻ ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദിനെ കുറിച്ചാണ് പറയുന്നത്. അദ്ദേഹത്തിന്റെ യഥാർഥ പേര് മിഖ്ദാദ് ബിൻ അംറ് എന്നായിരുന്നു.

ഹദ്റത്ത് മിഖ്ദാദിന്റെ പിതാവിന്റെ പേര് അംറ് ബിൻ സഅലബ എന്നാണ്. എന്നിരുന്നാലും അദ്ദേഹത്തെ അസ്വദ് ബിൻ യഗൂസിനോടാണ് ചേർത്താണ് പറയുന്നത്. കാരണം ബാല്യത്തിൽ ഇദ്ദേഹത്തിന്റെ വളർത്തുമകനായിരുന്നു. അതിനാൽ മിഖ്ദാദ് ബിൻ അസ്വദ് എന്ന പേരിൽ പ്രസിദ്ധനായി. എന്നാൽ

അല്ലാഹുവിന്റെ കല്പന ഇപ്രകാരമാണ്. വളർത്തുമക്കളെ ആരോടു തന്നെ ചേർത്തു പറഞ്ഞാലും ശരി, അവരുടെ പരമ്പര യഥാർഥത്തിൽ പിതാവിന്റേതാണ്. അതിനാൽ പിതാവിനോട് ചേർത്ത് പറയുക.

നബി(സ) തിരുമേനി തന്റെ പിതൃസഹോദരനായ സുബൈർ ബിൻ അബ്ദുൽ മുത്തലിബിന്റെ മകൾ ളുബാഅയുമായി അദ്ദേഹത്തിന്റെ വിവാഹം നടത്തി. ഹദ്റത്ത് ളുബാഅത്തിൽനിന്ന് അദ്ദേഹത്തിന്റെ രണ്ട് കുട്ടികൾ ജനിച്ചു. കരീമ, അബ്ദുല്ലാഹ്. അബ്ദുല്ലാഹ് ജമൽ യുദ്ധത്തിൽ ഹദ്റത്ത് ആയിശയുടെ ഭാഗത്ത് നിന്ന് പൊരുതുകയും ശഹീദാക്കപ്പെടുകയും ചെയ് തു. നബി(സ) തിരുമേനി ഖൈബറിൽനിന്ന് നാൽപത് വസഖ് ഇന്തപ്പഴങ്ങൾ ളുബാഅത്തിന് നല്കിയിരുന്നു. അത് 600 കിലോ തൂക്കത്തിന് അടുത്ത് വരും. ഹദ് റത്ത് മിഖ്ദാദിന്റെ മകൾ കരീമ അദ്ദേഹത്തിന്റെ രൂപം വിവരിക്കുന്നു: അദ്ദേഹത്തിന് ഉയരം കൂടുതലും ഗോതമ്പിന്റെ നിറവുമുണ്ടായിരുന്നു. വലിയ വയറും കനത്ത മുടിയുമായിരുന്നു. അദ്ദേഹം താടിരോമങ്ങൾക്ക് മഞ്ഞ നിറം നില്കി ഭംഗി വരുത്തിയിരുന്നു. അത് നീണ്ടതോ കുറിയതോ ആയിരുന്നില്ല. കണ്ണുകൾ കറുത്തതും, പുരികം നേർത്തതും നീളമുള്ളതും ആയിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് വിവരിക്കുന്നു: മക്കയിൽ വച്ച് തുടക്കത്തിൽ തന്നെ സ്വന്തം ഇസ്ലാം വെളുപ്പെടുത്തിയ ഏഴ് സഹാ ബാക്കളിൽ ഹദ്റത്ത് മിഖ്ദാദും ഉൾപ്പെടുന്നു. അതുപോലെ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്ത മുസ്ലിംകളിൽ ഹദ്റത്ത് മിഖ്ദാദും പങ്കെടുത്തിരുന്നു. കുറച്ച് കാലത്തിനുശേഷം മക്കയിലേക്ക് തിരിച്ച് വന്നു. നബി(സ) തിരുമേനി ഹിജ്റത്ത് ചെയ്ത് മദീനയിലേക്ക് പോയപ്പോൾ ഹദ്റത്ത് മിഖ്ദാദ് ഹിജ്റത്ത് ചെയ്തിരുന്നില്ല. തിരുനബി(സ) ഒരു യുദ്ധത്തിനായി ഹദ്റത്ത് ഉബൈദ ബിൻ ഹാരിസിന്റെ നേതൃത്വത്തിൽ ഒരു സേനയെ അയക്കുന്ന സമയംവരെ ഇദ്ദേഹം മക്കയിൽ താമസിച്ചു.

വദാൻ യുദ്ധത്തിനുശേഷം റബീഉൽ അവ്വൽ മാസത്തിന്റെ തുടക്കത്തിൽ നബി(സ) തിരുമേനി, അവിടുത്തെ അടുത്ത ബന്ധുവായ ഉബയ്ദ ബിൻ അൽഹാരിസ് മത്ലബിയുടെ നേതൃത്വത്തിൽ 60 ഒട്ടക സവാരികളുടെ ഒരു സേനയെ യാത്ര അയച്ചു. ആ സേനയുടെയും ലക്ഷ്യം മക്കയിലെ ഖുറൈശികളുടെ ആക്രമണത്തെ തടയുകയെന്നതായിരുന്നു. അങ്ങനെ ഉബയ്ദ ബിൻ അൽഹാരിസും കൂട്ടുകാരും കുറച്ച് ദൂരം താണ്ടി, സിനയത്തുൽ മിറത്തയുടെ സമീപത്ത് എത്തിയപ്പോൾ പെട്ടെന്ന് അവർ കണ്ടത് ഖുറൈശികളുടെ 200 ആയുധധാരികളായ യുവാക്കൾ ഇക്രിമ ബിൻ അബൂ ജഹലിന്റെ നേതൃത്വത്തിൽ അവിടെ തമ്പടിച്ചുകൊണ്ടിരിക്കുന്നതായാണ്. രണ്ട് സംഘവും പരസ്പരം ഏറ്റുമുട്ടി. ഏറ്റുമുട്ടലിന്റെ ഭാഗമായി പരസ്പരം കുറച്ച് അമ്പുകൾ പ്രയോഗിച്ചു. എന്നാൽ ഖുറൈ ശികൾ, മുസ്ലിംകളുടെ പിന്നിൽ രഹസ്യ സഹാ യികളും ഉണ്ടായിരിക്കുംഎന്ന് ഭയന്ന് പിറകിലേക്ക് പിൻമാറി. മുസ്ലിംകൾ അവരുടെ പിന്നാലെ പോയതുമില്ല. എന്നാൽ മുശ്രിക്കുകളുടെ സേനയിൽ നിന്ന് രണ്ട് ആളുകൾ, മിഖ്ദാദ് ബിൻ അംറ്, ഉത്ബ ബിൻ അസ്വാൻ എന്നിവർ ഇക്രിമ ബിൻ അബൂജഹലിന്റെ സേനയിൽനിന്ന് സ്വയം പിൻമാറികൊണ്ട് മുസ്ലിംകളുടെ സേനയിൽ വന്ന് ചേർന്നു. അവർ ഈ ഉദ്ദേശ്യത്തോടുകൂടി തന്നെയാണ് ഖുറൈശികളുടെ കൂടെ വന്നത്. അവർ ഹൃദയംകൊണ്ട് മുസ്ലിം ആയിരുന്നു. അതുകൊണ്ട് തന്നെ അവസരം നോക്കി അവർ മുസ്ലിംകളിൽ വന്ന് ചേർന്നു.

മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത സന്ദർഭം ഹദ്റത്ത് മിഖ്ദാദ്, കൽസൂം ബിൻ ഹദമിന്റെ ഭവനത്തിലാണ് താമസിച്ചത്. നബി(സ) തിരുമേനി ഹദ്റത്ത് മിഖ്ദാദിനും ഹദ്റത്ത് ജബ്ബാർ ബിൻ ളഹറിനും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. നബി(സ)തിരുമേനി അൻസാറുകളുടെ ഗോത്രമായ ഖസ്റജിന്റെ ശാഖ, ബനൂ ഹദീലയുടെ മുഹല്ലയിൽ അദ്ദേഹത്തിന് താമസ സൗകര്യം നല്കി.

ഹദ്റത്ത് മിഖ്ദാദ് ബദർ, ഉഹദ്, ഖന്തക് ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും റസൂലുല്ലാഹ്(സ)നോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് മിഖ്ദാദ് റസൂലുല്ലാഹ്(സ)യുടെ അമ്പെയ്ത്തുകാരിലാണ് എണ്ണപ്പെടുന്നത്.

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ബദർ യുദ്ധത്തെ കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: ശത്രുക്കളുടെ വിവരമറിഞ്ഞ് അവരുടെ ഉദ്ദേശ്യം അറിയുന്നതിനും അവർ ഇനി യുദ്ധം ചെയ്യുകയാണെങ്കിൽ അവരെ യുദ്ധത്തിൽനിന്ന് തടയുന്നതിനുംവേണ്ടി നബി(സ) ബദറിലേക്ക് പുറപ്പെട്ടു. റോഹയുടെ സമീപത്ത് എത്തിയപ്പോൾ അവിടുന്ന് ബസീസ്, ആദി എന്ന് പേരുള്ള രണ്ട് സഹാബാക്കളെ ശത്രുക്കളുടെ പദ്ധതികളും തന്ത്രങ്ങളും അറിഞ്ഞ് വരുന്നതിനായി ബദറിലേക്ക് അയച്ചു. അവരോട് വേഗത്തിൽ വാർത്തയുമായി വരുവാനും കല്പന നല്കി. റോഹയിൽ നിന്ന് പുറപ്പെട്ട് മുസ്ലിംകൾ സഫ്റാ താഴ്‌വാരത്തിന്റെ ഒരുവശത്ത് കൂടി സഞ്ചരിച്ച് ബദറിന് അടുത്ത് സ്ഥിതി ചെയ്യുന്ന സഫ്റാൻ എന്നറിയപ്പെടുന്ന സ്ഥലത്ത് എത്തിയപ്പോൾ ഖുറൈശികളുടെ ആയുധധാരികളായ ഒരു വലിയ യുദ്ധസംഘം അവരുടെ കച്ചവടസംഘത്തെ സംരക്ഷിക്കുന്നതിനായി വന്നുകൊണ്ടിരിക്കുന്നുവെന്ന അറിയിപ്പ് ലഭിച്ചു. അപ്പോൾ നബി(സ) തിരുമേനി എല്ലാ സഹാബാക്കളെയും ഒരുമിച്ച് കൂട്ടി ലഭി ച്ച വാർത്ത അവരെ അറിയിച്ചു. ഇനി എന്ത് ചെയ്യണമെന്ന് അവരോട് അഭിപ്രായം ആരാഞ്ഞു.

മുതിർന്ന സഹാബാക്കൾ എഴുന്നേറ്റ് ജീവാർപണ പരമായ പ്രഭാഷണങ്ങൾ നടത്തി. പറഞ്ഞു: ഞങ്ങളുടെ ജീവനും സമ്പത്തും

എല്ലാം അല്ലാഹുവിന്റെതാകുന്നു. ഞങ്ങൾ എല്ലാ അവസരത്തിലും എല്ലാ സേവനത്തിനും തയ്യാറാണ്. അതോടൊപ്പം, മിഖ്ദാദ് ബിൻ അംറ് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! മൂസ യുടെ അനുയായികളെപോലെ, നീയും നിന്റെ ദൈവവും പോയി യുദ്ധം ചെയ്യുക, ഞങ്ങൾ ഇവിടെ വിശ്രമിക്കാമെന്ന് ഒരിക്കലും ഞങ്ങൾ പറയുകയില്ല. മറിച്ച് ഞങ്ങൾ പറയുക, എവിടെയാണെങ്കിലും ഞങ്ങൾ അങ്ങയോടൊപ്പം ഉണ്ടാകും. അങ്ങയുടെ വലത്തും ഇടത്തും മുന്നിലും പിന്നിലും ഞങ്ങൾ പോരാടുന്നതാണ്. ഈ പ്രഭാഷണം കേട്ട് അങ്ങയുടെ തിരുമുഖം സന്തോഷത്താൽ വെട്ടിതിളങ്ങി.

അല്ലാഹുവിന്റെ മാർഗത്തിൽ നടന്ന യുദ്ധത്തിൽ വച്ച് ഹദ്റത്ത് മിഖ്ദാദിന് ആദ്യ കുതിരസവാരിക്കാരനാകുവാനുള്ള സൗഭാഗ്യം ലഭിച്ചു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: ബദർ യുദ്ധാവസരത്തിൽ മുസ്ലിംകളുടെ പക്കൽ രണ്ട് കുതിര കളാണ് ഉണ്ടായിരുന്നത്. മുസ്ലിംകളുടെയും അവിശ്വാസികളുടെയും യുദ്ധസാധന സാമഗ്രികൾ തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. എന്നിട്ടും ശത്രുകൾക്കെതിരിൽ അവർ അണിനിരന്നപ്പോൾ മുഹാജിറുകളും അൻസാറുകളും ചെയ്ത പ്രതി ജ്ഞ അവർ പൂർത്തിയാക്കി കാണിച്ചു.

ഒരിക്കൽ ഹദ്റത്ത് മിഖ്ദാദ് റസൂലുല്ലാഹ്(സ)യോട് ചോദിച്ചു: അല്ലയോ അല്ലാഹുവിന്റെ റസൂ ലേ! ഞാൻ ഏതെങ്കിലും അവിശ്വാസിയുമായി യുദ്ധം ചെയ്യുമ്പോൾ, അയാൾ എന്റെ കൈ വാൾ കൊണ്ട് വെട്ടി മാറ്റുകയും പിന്നെ ഒരു മരത്തിന്റെ പിന്നിൽ ഒളിക്കുകയും അല്ലാഹുവിനുവേണ്ടി ഞാൻ മുസ്ലിമായിരിക്കുന്നുവെന്ന് പറയുകയും ചെയ്താൽ, എനിക്ക് അവനെ വധിക്കാൻ അനുവാദം ഉണ്ടാക്കുമോ? അവിടുന്ന് പറഞ്ഞു: അവനെ നീ വധിക്കരുത്. ഹദ്റത്ത് മിഖ്ദാദ് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! അവൻ എന്റെ കൈ മുറിച്ചവ നാണ്. റസൂലുല്ലാഹ്(സ) പറഞ്ഞു: അവനെ വധിക്കരുത്. ഇനി നീ വധിക്കുകയാണെങ്കിൽ അവനെ വധിക്കുന്നതിന് മുമ്പ് നിനക്കുണ്ടായിരുന്ന സ്ഥാനത്ത് അതായത് ഈമാന്റെ സ്ഥാനത്ത് അവൻ വരികയും കലിമ ചെല്ലുന്നതിനുമുമ്പ് അവനുണ്ടായിരുന്ന സ്ഥാനം നിനക്കു ലഭിക്കുകയും ചെയ്യുന്നതാണ്. ഹുസൂർ തിരുമനസ്സ് പറയുന്നു: നബി(സ) തിരുമേനി കലിമ ചെല്ലുന്നവർക്ക് കൽപ്പിച്ച സ്ഥാ നം ഇതാണ്. ഈ കാലഘട്ടത്തിലെ ഉലമാക്കൾ എന്ന് വിളിക്കപ്പെടുന്നവരുടെയും ഇസ്ലാമിക ഭര ണകൂടങ്ങളുടെയും പ്രവർത്തനങ്ങൾ നോക്കുക. അവർ സത്യാവിശ്വാസിയുടെ സ്ഥാനത്താണോ അവിശ്വാസികളുടെ സ്ഥാനത്താണോ നിൽക്കുന്നതെന്ന് ഈ ഹദീസ്വച്ച്, സ്വയം ഒരു പരിശോധന നടത്തിയാൽ അത് എത്ര നന്നായിരുന്നു.

ബനൂ ഫുസാറ ഗോത്രത്തിലെ അയീന ബിൻ ഹസൻ, ബനൂ ഉത്ഫാന്റെ കുതിരസേനയേയും കൂട്ട്പിടിച്ച് നബി(സ) തിരുമേനിയുടെ ഒട്ടകങ്ങളെ മോഷ്ടിച്ചു. ഇടയനെ വധിക്കുകയും ചെയ്തു. ഹദ്റത്ത് സലമാ ബിൻ അക്വഅ് ആ സംഘത്തെ പിൻതുടരുകയും അവരുടെമേൽ അമ്പുകൾ വർഷിക്കുകയും ചെയ്തു. ഹദ്റത്ത് സലമായുടെ സഹായം തേടിയുള്ള ശബ്ദം കേട്ടപ്പോൾ നബി(സ) ശത്രുകളോട് പോരാടാൻവേണ്ടി മദീനയിൽ വിളംബരം നടത്തി. നബി(സ) തിരുമേനിയുടെ വിളംബരം കേട്ട് ഏറ്റവും ആദ്യം നബി(സ)യുടെ മുമ്പാകെ കുതിരെയും കൊണ്ട് ഹാജറായത് ഹദ്റത്ത് മിഖ്ദാദ് ആയിരുന്നു.

നബി(സ) തിരുമേനി മക്കാപ്രവേശനത്തിനായി തയ്യാറെടുപ്പ് നടത്തിയപ്പോൾ, ആ ഉദ്ദേശ്യത്തെ മറച്ച് വെച്ചിരുന്നു. തദവസരത്തിൽ ഒരു ബദരീ സഹാബി, ഹദ് റത്ത് ഹാതിബ് ബിൻ ബൽത നിഷ്കളങ്കതയാലും അജ്ഞതയാലും ഒരു കത്ത് മക്കയിൽനിന്ന് വന്ന ഒരു സ്ത്രീയുടെ കൈവശം രഹസ്യമായി കൊടുത്തുവിട്ടു. അതിൽ മക്കയെ ആക്രമിക്കാനുള്ള മുഴുവൻ തയ്യാറെടുപ്പിനെയും കുറിച്ച് പറയപ്പെട്ടിരുന്നു. അല്ലാഹു ഈ വിവരം നബി(സ) തിരുമേനിയെ അറി യിച്ചു. നബി(സ) തിരുമേനി ഹദ്റത്ത് അലി, സുബൈർ, മിഖ്ദാദ് എന്നിവരെ ആ സ്ത്രീയിൽനിന്ന് ആ എഴു ത്ത് വാങ്ങി വരുന്നതിനായി അയച്ചു. ഹദ്റത്ത് അലി നിവേദനം ചെയ്യുന്നു: റസൂലുല്ലാഹ്(സ) പറഞ്ഞു: നിങ്ങൾക്ക് ആ സ്ത്രീ റൗളത്തെ ഖാഖിൽവച്ച് ലഭിക്കുന്നതാണ്. ഞങ്ങൾ ആ സ്ത്രീയുടെ സമീപത്തെത്തി. അവരിൽനിന്ന് ആ കത്ത് വാങ്ങി, റസൂലുല്ലാഹ്(സ) തിരുമേനിയുടെ സമക്ഷം എത്തിച്ചു.

യർമൂക് യുദ്ധത്തിൽ ഹദ്റത്ത് മിഖ്ദാദ് പങ്കെടുത്തു. അദ്ദേഹം ആ യുദ്ധത്തിൽ ഖാരിയായിരുന്നു. റസൂലു ല്ലാഹ്(സ) ഒരു യുദ്ധത്തിൽ ഹദ്റത്ത് മിഖ്ദാദിനെ അമീറായി നിശ്ചയിച്ചിരുന്നു. പിന്നീട് അദ്ദേഹം തിരിച്ച് വന്നപ്പോൾ നബി(സ) തിരുമേനി ചോദിച്ചു: അല്ലയോ അബൂ മുഅബദ് നീ ഇമാറത്തിന്റെ സ്ഥാനം എപ്ര കാരമാണ് കാണുന്നത്? അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! പുറപ്പെട്ടപ്പോൾ എന്റെ അവസ്ഥ എപ്രകാരമെന്നാൽ മറ്റുള്ളവരെ എന്റെ അടിമകളായി കണക്കാക്കിയിരുന്നു. അവിടുന്ന് പറഞ്ഞു: അല്ല യോ അബൂ മുഅബദ്, ഇമാറത്തിന്റെ അവസ്ഥ ഇപ്രകാരം തന്നെയാണ്. അല്ലാഹു അതിന്റെ പരീക്ഷണ ത്തിൽനിന്ന് രക്ഷിക്കുന്നവർ ഒഴികെ. മിഖ്ദാദ് പറ ഞ്ഞു: അതിൽ സംശയമില്ല. അങ്ങെ സത്യത്തോട് അയച്ച ആ അസ്തിത്വത്തെകൊണ്ട് സത്യം! ഞാൻ രണ്ട് ആളുകളുടെപോലും മേൽനോട്ടം വഹിക്കാൻ ഇഷ്ടപ്പെടുന്നില്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇത് തഖ്വയുടെ നിലവാരമാകുന്നു. ഒഫീസറാകുമ്പോൾ ആളുകളിൽ അഹങ്കാരം ഉടലെടുക്കുന്നു. അതുകൊണ്ട് രണ്ട് പേർപോലും തന്റെ കീഴിൽ വരുന്ന

ത് ഒരു മുത്തഖി ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് നമ്മുടെ എല്ലാ ഒഫീസർമാരും ഇക്കാര്യംഎപ്പോഴും ഓർമ്മിക്കുക. ഒന്നാമതായി ആഗ്രഹം ഉണ്ടാകാൻ പാടില്ല. ഇനി ഒഫീസർ ആക്കിയാൽ, ഭാരവാഹിത്വം നല്കപ്പെട്ടാൽ അല്ലാഹുവിനോട് അതിന്റെ കുഴപ്പങ്ങളിൽനിന്ന് രക്ഷ നേടുന്നതിനായി ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു ഒരിക്കലും അഹങ്കാരം ഉണ്ടാക്കാ തിരിക്കുന്നതിനും അവന്റെ അനുഗ്രഹം ലഭിക്കുന്നതിനുംവേണ്ടി.

ഹദ്റത്ത് മിഖ്ദാദ്, ഹമസ് ചുറ്റി വളഞ്ഞ അവ സര ത്തിൽ ഹദ്റത്ത് ഉബൈദ ബിൻ ജറാഹിന്റെ ഒപ്പം ഉണ്ടായിരുന്നു. ഹദ്റത്ത് മിഖ്ദാദ് മിസർ ജയിച്ചടക്കിയതിലും പങ്കെടുത്തിരുന്നു. ജബീർ ബിൻ നഫീർ വിവരിക്കുന്നു, ഹദ്റത്ത് മിഖ്ദാദ് ഞങ്ങളുടെ അരികിൽ വന്നു. പറഞ്ഞു: അല്ലാഹുവിനെ കൊണ്ട് സത്യം! റസൂലുല്ലാഹ്(സ) ഇപ്രകാരം പറ യുന്നതായി ഞാൻ കേട്ടു, ഫിത്നകളിൽനിന്ന് രക്ഷപ്പെടുന്നവനാണ് ഭാഗ്യവാൻ. നബി(സ) തിരുമേനി പറയുന്നു: ഇനി പരീക്ഷണങ്ങൾ ഉണ്ടായാൽ പിന്നെ ക്ഷമ കൈകൊള്ളുക.

ഹദ്റത്ത് മിഖ്ദാദിന്റെ വയർ അൽപം വലുതായിരുന്നു. അദ്ദേഹത്തിന്റെ റോമക്കാരനായ അടിമ, ഞാൻ താങ്കളുടെ വയർ മുറിച്ച് കൊഴുപ്പ് പുറത്ത് എടുത്ത് കളയാം എന്ന് അദ്ദേഹത്തോട് പറഞ്ഞു. അങ്ങനെ അയാൾ ഹദ്റത്ത് മിഖ്ദാദിന്റെ വയർ മുറിച്ച് കൊഴുപ്പ് പുറത്തെടുത്തു വീണ്ടും അത് തുന്നി കെട്ടി. പിന്നീട് ഇത് കാരണം ഹദ്റത്ത് മിഖ്ദാദിന് വഫാത്ത് സംഭവിച്ചു. എന്നാൽ മറ്റൊരു നിവേദനത്തിൽ, ഹദ്റത്ത് മിഖ്ദാദിന്റെ വഫാത്ത്, കാസ്റ്റർ ഓയിൽ കുടിച്ചത് മൂലം സംഭവിച്ചുവെന്ന് പറയപ്പെടുന്നു. അബൂ ഫാഇദ് നിവേദനം ചെയ്യുന്നു: ഹദ്റത്ത് മിഖ്ദാദിന്റെ മകൾ കരീമ പറയുന്നു: അദ്ദേഹത്തിന്റെ വഫാത്ത് മദീനയിൽനിന്ന് മൂന്ന് മൈൽ ദൂരെയുള്ള ജറഫ് എന്ന സ്ഥലത്ത്വച്ചാണ് സംഭ വിച്ചത്. അവിടെനിന്ന് ആളുകൾ അദ്ദേഹത്തിന്റെ ശരീരം തോളിലേറ്റി മദീനയിൽ എത്തിച്ചു. ഹദ്റത്ത് ഉസ്മാൻ അദ്ദേഹത്തിന്റെ ജനാസ നമസ്കാരം നിർ വഹിച്ചു. ജനത്തുൽ ബഖീഇൽ അദ്ദേഹത്തെ മറവ് ചെയ്തു.

റസൂലുല്ലാഹ്(സ) തിരുമേനി പറഞ്ഞു: അല്ലാഹു നാലുപേരെ സ്നേഹിക്കാൻ എനിക്ക് കൽപന നല്കി. എന്നോട് പറയപ്പെട്ടു: അവനും അവരെ സ്നേഹിക്കുന്നു. ചോദിച്ചു: അല്ലാഹുവിന്റെ ദൂതരെ! അവർ ആരൊക്കെയാണ്? നബി(സ) പറഞ്ഞു: അലി, അബൂദർ, സൽമാൻ, മിഖ്ദാദ്

ഹദ്റത്ത് അലി നിവേദനം ചെയ്യുന്നു: നബി(സ) തിരു മേനി പറഞ്ഞു: എല്ലാ നബിമാർക്കും ഏഴ് കുലീനരായ കൂട്ടാളികളെ നല്കപ്പെട്ടിട്ടുണ്ട്. എന്നാൽ എനിക്ക് 14 പേരെയാണ് നല്കിയിരിക്കുന്നത്. ഞങ്ങൾ ചോദിച്ചു: അവർ ആരൊക്കെയാണ്? ഹദ്റത്ത് അലി വിവരിക്കുന്നു: നബി(സ) പറഞ്ഞത് ഒന്നമത്തേത് ഞാ ൻ, പിന്നെ എന്റെ രണ്ട് മക്കൾ ഹസൻ, ഹുസൈൻ, ജഅ്ഫർ, ഹംസ, അബൂബക്കർ, ഉമർ, മുസഅബ് ബിൻ ഉമയ്ർ, ബിലാൽ, സൽമാൻ, അമ്മാർ, മിഖ്ദാദ്, ഹുദൈഫ, അബൂദർ, അബ്ദുല്ലാഹ് ബിൻ മസ്ഊദ്

ഹദ്റത്ത് മിഖ്ദാദ് നിവേദനം ചെയ്യുന്നു: അദ്ദേഹം ഒരു ദിവസം പ്രാഥമികാവശ്യങ്ങൾക്കായി ബഖീയിലേക്ക് പോയി. അദ്ദേഹം ഒരു എലിയെ കണ്ടു. അത് ഒരു മാളത്തിൽനിന്ന് ഒരു ദീനാർ പുറത്തെടുത്തു. വീണ്ടും ഉള്ളിലേക്ക് പോയി. പിന്നെയും ഒരു ദിനാർ പുറത്തെടുത്തു. അങ്ങനെ അത് 17 ദിനാർ പുറത്ത് കൊണ്ടുവന്നു. അതിനുശേഷം ഒരു ചുവന്ന നിറമുള്ള തുണി പുറത്ത് കൊണ്ട് വന്നു. ഹദ്റത്ത് മിഖ്ദാദ് പറയുന്നു: ഞാൻ ആ തുണി വലിച്ചു, അതിൽനിന്നും ഒരു ദിനാർ ലഭിച്ചു. അങ്ങനെ 18 ദിനാറായി. അദ്ദേഹം പറയുന്നു: പിന്നീട് ഞാൻ അതുമായി റസൂലുല്ലാഹ്(സ) തിരുമേനിയുടെ സമക്ഷം ഹാജറായി. എല്ലാ സംഭ വങ്ങളും അങ്ങയോട് പറഞ്ഞു. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഇതിനെ സദഖയായി സ്വീകരിച്ചാലും. അവിടുന്ന് പറഞ്ഞു: അതിൽ യാതൊരു സദഖയുമില്ല. അത് കൊണ്ടുപോകുക. അല്ലാഹു നിനക്കായി അതിൽ അനുഗ്രഹം നിറക്കട്ടെ. ഇങ്ങനെ അല്ലാഹു എനിക്ക് വേണ്ടി സംവിധാനം (ജീവിതമാർഗവും) ഒരുക്കി നല്കി.

ഖുത്ബയുടെ അവസാനം, ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഈ ദുആ എപ്പോഴും ചെയ്തുകൊണ്ടിരിക്കുക. അതിലൂടെ തലമുറകളിൽ ദീൻ ഉറച്ച് നില്ക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പറയുക. ആ ദുആ ഇപ്രകാരമാണ്:

അല്ലയോ ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ജീവിതപങ്കാളികളെയും ഞങ്ങളുടെ സന്താനങ്ങളെയും ഞങ്ങളുടെ കണ്ണുകൾക്ക് കുളിർമയാക്കി തീർക്കേണമേ. (25.75)

ഹദ്റത്ത് അനസ് പറയുന്നു: നബി കരീം(സ) തിരു മേനി ഒരിക്കൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതായി കേട്ടു. അയാൾ വലിയ ശബ്ദത്തിൽ തിലാവത്ത് ചെയ്ത് കൊണ്ടിരിക്കുകയായിരുന്നു. അവിടുന്ന് ചോദിച്ചു: ഇത്ര ദൈവഭയംവച്ചു പുലർത്തുന്ന മനുഷ്യൻ ആരാണ്? അത് ഹദ്റത്ത് മിഖ്ദാദ് ബിൻ അംറ് ആയിരുന്നു.

അല്ലാഹു നമ്മുക്ക് എല്ലാവർക്കും ഇസ്‌ലാമിന്റെ യാഥാർഥ്യം മനസിലാക്കുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. നബി(സ) തിരുമേനിയുടെ ഉമ്മത്തായി കൊണ്ട് ചെയ്യേണ്ട കടമകൾ നിർവഹിക്കാനുള്ള തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. നമ്മുടെ ഉള്ളിൽ ദൈവഭയം ഉണ്ടാക്കുവാനുള്ള തൗഫീഖും നല്കുമാറാകട്ടെ.

www.alislam.org

അഹ്മദിയ്യ പ്രസ്ഥാനം- 3

# മനുഷ്യനെ സൃഷ്ടിച്ചത് ലക്ഷ്യസഹിതം

1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷൻ ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ നടന്ന മതസമ്മേളനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അവതരിപ്പിച്ചതും സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഇംഗ്ലീഷിൽ വായിച്ചു കേൾപ്പിച്ചതുമായ പ്രബന്ധമാണ് Ahmadiyya Movement അഥവാ അഹ്മദിയ്യാ പ്രസ്ഥാനം എന്ന ഈ ലഘുകൃതി. ഇംഗ്ലീഷിൽ നിന്ന് വിവർത്തനം: ആരിഫ് മുഹമ്മദ് ബി.എം.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

പ്രപഞ്ചം സൃഷ്ടിച്ചവന് മാനവരാശിയുടെ ആത്മീയോത്കർഷത്തിനു വേണ്ട മാർഗങ്ങൾ ഏർപ്പെടുത്താനുള്ള ശക്തിയില്ലെന്ന് ചിന്തിക്കുന്നത് അസംബന്ധമാണ്. എല്ലാം സൃഷ്ടിച്ചവന് അതിലെ ഒരു ഭാഗം സൃഷ്ടിക്കാനുള്ള കഴിവുണ്ടായിരിക്കണം. സ്രഷ്ടാവായ ദൈവത്തിന്റെ അസ്തിത്വത്തെ അംഗീകരിക്കുന്ന പക്ഷം അവൻ സർവശക്തനാണെന്നും അവന് ഒന്നും തന്നെ അസാധ്യമായിട്ടില്ലെന്നും അവന്റെ പരിശുദ്ധിക്കും മഹത്ത്വത്തിനും എതിരായിട്ടുള്ളതൊഴിച്ചുള്ള സകലതും ചെയ്യാൻ അവനാകുമെന്നും നാം അംഗീകരിക്കേണ്ടതാണ്. ലൗകികമായ നിലനില്പിനു വേണ്ടി മാത്രമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും നമുക്ക് ചിന്തിക്കാവതല്ല. എന്തെന്നാൽ, അങ്ങനെ വരുമ്പോൾ യുക്തിജ്ഞനും സർവജ്ഞനുമായ ദൈവം ഈ മഹാപ്രപഞ്ചത്തെ സൃഷ്ടിച്ചത് ഒരു ലക്ഷ്യമില്ലാതെയാണെന്നു പറയേണ്ടി വരും. ഒരു യന്ത്രം പോലും ലക്ഷ്യമില്ലാതെ വെറുതേ പ്രവർത്തിച്ചു കൊണ്ടിരിക്കാൻ വേണ്ടിമാത്രം നിർമിക്കപ്പെട്ടിട്ടില്ല. ഒരു നിശ്ചിത ലക്ഷ്യത്തിനായിട്ടാണ് ഓരോ യന്ത്രവും നിർമിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം വെറും അന്നപാനത്തിനും ഉറക്കമനക്കങ്ങൾക്കും വേണ്ടിയാണെങ്കിൽ ലൗകികസുഖാനുഭൂതികൾക്കു വേണ്ടി മാത്രമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നാണ് അത് അർഥമാക്കുക. വ്യക്തിക്ക് തന്റെ സൃഷ്ടിപ്പിൽ യാതൊരു ലക്ഷ്യവുമില്ലെങ്കിൽ പരസ്പര സഹായത്തെ ജീവിത ലക്ഷ്യമായി കരുതാനാവില്ല. തന്നെയുമല്ല, എല്ലാ സാത്വികരും, അവർ സിറിയ, അറേബ്യ, പേർഷ്യ, ഇന്ത്യ ചൈന ഏതു രാജ്യത്ത് അവതരിച്ചവരാണെങ്കിലും ശരി, നഊദുബില്ലാഹ് വ്യാജന്മാരും കറ്റുകെട്ടുകാരുമാണെന്ന് വിചാരിക്കേണ്ടി വരും. മാനവരാശിക്ക് സന്മാർഗം നല്കുകയെന്ന ചുമതല ദൈവത്താൽ അർപ്പിക്കപ്പെട്ടവരാണ് തങ്ങളെന്ന് അവർ പഠിപ്പിച്ചെങ്കിലും മാനവരാശിക്ക് മാർഗദർശനമേകാൻ ദൈവം അശക്തനായതിനാലും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദിവ്യഭാഷണം കരഗതമാകണമെന്ന ലക്ഷ്യത്തിനു വേണ്ടിയല്ലാത്തതിനാലും അവർ അങ്ങനെയൊരു ചുമതലയർപ്പിക്കപ്പെടാവതല്ലല്ലോ. എന്നാൽ, സമൃദ്ധവും സാത്വികവും സംശുദ്ധവുമായ കാര്യങ്ങൾക്ക് കാരണഭൂതരായ, സത്യത്തിന്റെയും വിശുദ്ധിയുടെയും പരിപൂർണ മാതൃകയായ, ലോകത്ത് ധാർമിക വിപ്ലവം ഉണ്ടാക്കുകയും നന്മയോടും പവിത്രതയോടുമുള്ള സ്നേഹം മനുഷ്യഹൃദയങ്ങളിൽ സന്നിവേശിപ്പിക്കുകയും ചെയ്ത ഇവർ ലോകം സൃഷ്ടിച്ചതിൽ ഏറ്റവും വലിയ വ്യാജന്മാരും കറ്റുകെട്ടുകാരുമാണെന്നും ആ വഞ്ചനയിലേക്കാണ് അവർ ജനങ്ങളെ വിളിച്ചതെന്നും ചിന്തിക്കാൻ നമ്മുടെ യുക്തി അനുവദിക്കുമോ? മാനവരാശിയുടെ ധൈഷണികവും ധാർമികവും ആധ്യാത്മികവുമായ ഉന്നമനത്തിന്റെ കാര്യത്തിൽ പ്രശംസക്കർഹരായവരെ, കാലത്തിനു പോലും മായ്ക്കാനാകാത്ത വിധം മനുഷ്യഹൃദയങ്ങളിൽ സ്വാധീനം ചെലുത്തിയവരെ, ബുദ്ധിക്ക് സ്ഥിരതയില്ലാ

ത്തവരും തങ്ങളുടെ തന്നെ കാല്പനികസൃഷ്ടിയിലെ പ്രപഞ്ചത്തെ വിഭാവനം ചെയ്യുന്നവരുമാണെന്നു വിശ്വസിക്കാൻ നമുക്കു കഴിയുമോ? അതിനു സാധ്യമല്ലെങ്കിൽ, തീർച്ചയായും അതു സാധ്യമല്ല തന്നെ, മനുഷ്യനെ ദൈവത്തിലേക്കെത്തിക്കുന്ന ചില മതങ്ങളുണ്ടാകണമെന്ന് തീർച്ചപ്പെടുത്താതെ രക്ഷയില്ല. നിലവിലുള്ള എല്ലാ മതങ്ങളും അലങ്കോലപ്പെട്ടിട്ടുണ്ടെങ്കിൽ മാനവരാശിയുടെ മാർഗദർശനത്തിന് ഒരു പുതിയ മതം വെളിപ്പെടേണ്ടതാണ്. ഇനി മനുഷ്യനെ ദൈവത്തിലേക്ക് അടുപ്പിക്കുന്ന മതം ലോകത്ത് നിലനില്ക്കുകയും മനുഷ്യൻ അതിൽ ശ്രദ്ധിക്കാത്തതുകൊണ്ടാണ് അതിന്റെ ലക്ഷ്യം നിവർത്തിക്കാൻ സാധ്യമാകാത്തതെങ്കിൽ ജനങ്ങളിൽ പ്രബോധനം നടത്തുകയും അവരെ ദൈവത്തോടടുപ്പിക്കുകയും ചെയ്യുന്ന ഒരു പരിഷ്ക്കർത്താവ് എഴുന്നേല്പിക്കപ്പെടേണ്ടതാണ്. സത്യം തീർത്തും തിരോധാനം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും അതു സംശങ്ങയളാൽ വലയം ചെയ്ത് മാനവരാശിയുടെ മാർഗദർശനത്തിന് അനുയോജ്യമല്ലാതായിരിക്കുന്നു എന്നുമുള്ള കാഴ്ചപ്പാടാണ് യുക്തിബോധമുള്ള എല്ലാവരുടെയും എന്നെനിക്ക് ഉറപ്പാണ്. രണ്ടാമത്തെ സാധ്യത, ആദ്യത്തേതിന്റേതു പോലെ മനുഷ്യന്റെ ആത്മീയാഭിവൃദ്ധിക്ക് അപകടകരമാണ്. ഒരു പരിപൂർണ മതം ലോകത്ത് നിലനില്ക്കുന്നുണ്ട് എന്നാണ് എല്ലാ മതാനുയായികളും വിശ്വസിക്കുന്നത്. അതേസമയം മുൻകാലങ്ങളിലെ പോലെ പൂർണ മനുഷ്യരെ നിർമിക്കാൻ എല്ലാ മതങ്ങൾക്കും കഴിവില്ലെന്നും കഴിഞ്ഞ കാലങ്ങളിലുണ്ടായപോലെ ദൈവവും മനുഷ്യനും തമ്മിൽ ബന്ധം സ്ഥാപിക്കാൻ അവ അശക്തമാണെന്നും നാം കാണുന്നു. തന്റെ ശക്തിവിലാസങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് ജനമനസ്സുകളിൽ ഒരു പരിവർത്തനം സംജാതമാക്കുമാറ് സത്യമതത്തെ ദൈവം എന്തുകൊണ്ട് ലോകത്ത് അവതരിപ്പിക്കുന്നില്ല? ഇതു തന്നെയല്ലേ മതത്തിന്റെ ലക്ഷ്യവും? സുന്ദരമായി താൻ നിർമിച്ച ഒരു വീടിന്റെ കേടുപാടുകൾ തീർക്കാതെ അതിനെ നശിക്കാൻ മനുഷ്യൻ വിടുമോ? അല്ലെങ്കിൽ വളരെ മനോഹരമായ പൂങ്കാവനം മനുഷ്യൻ ഉണ്ടാക്കുന്നത് വെള്ളം ലഭിക്കാതെ ഉണങ്ങി നശിക്കാൻ വേണ്ടിയാണോ?

അങ്ങനെയല്ലെങ്കിൽ, മാനവരാശിയുടെ മാർഗദർശനത്തിന് ദൈവം ഒരു പരിപൂർണ മതം അവതരിപ്പിക്കുകയും എന്നാൽ അതിനെ സംരക്ഷിക്കാൻ വേണ്ട ഏർപ്പാടു ചെയ്യുന്നതിൽ പരാജയപ്പെട്ടെന്ന് ചിന്തിക്കാൻ സാധിക്കുന്നതെങ്ങനെ? മൂസാ നബിക്കു ശേഷം ജൂതമതത്തെ സജീവമായി നിലനിർത്താനും ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണോ ആ മതം അവതരിപ്പിക്കപ്പെട്ടത് അതു നിവർത്തിക്കപ്പെടാനും വേണ്ടി ദൈവം തുടരെ തുടരെ പ്രവാചകമാരെ അയക്കുകയും, ഈസാ നബിക്കു ശേഷം ക്രിസ്തുമതത്തിന്റെ സ്പിരിറ്റ് നിലനിർത്തുന്നവരെ അവൻ നിയോഗിക്കുകയും, വേദങ്ങളുടെ അവതരണത്തിനു ശേഷം ആ അധ്യാപനങ്ങൾ നടപ്പിൽ വരുത്താൻ വേണ്ടി ശ്രീകൃഷ്ണനെയും ശ്രീരാമനെയും മറ്റു പരിശുദ്ധാത്മാക്കളെയും അയക്കുകയും, സൗരാഷ്ട്രർക്കു ശേഷം ആ മതത്തിന്റെ സംരക്ഷണത്തിനുള്ള ഏർപ്പാടുകൾ ചെയ്യുകയും നബി(സ) തിരുമേനിക്കു ശേഷം വെളിപാടിന്റെ സഹായത്തോടെ ഇസ്ലാമിന്റെ കല്പനകൾ വിശദീകരിക്കുകയും ആ മതത്തെ സജീവമാക്കുകയും ചെയ്യുന്നവരെ നിരന്തരം നിയോഗിക്കുകയും ചെയ്തതായി നാം കാണുന്നില്ലേ? സത്യമതത്തെ സംരക്ഷിക്കുന്ന ഏർപ്പാട് അവനിപ്പോൾ നിർത്തലാക്കിയെന്ന് നമുക്ക് വിശ്വസിക്കാൻ കഴിയുന്നതെങ്ങനെ? ഇനി പൗരാണിക മതങ്ങളൊന്നും ദൈവിക സംരക്ഷണത്തിന്റെ വാദം ഉന്നയിക്കാതിരിക്കുകയും അതിനുള്ള തെളിവു നല്കാതിരിക്കുകയുമാണ് ചെയ്യുന്നതെങ്കിൽ താമസം ഒഴിഞ്ഞ വീട് നശിക്കുന്നതു പോലെ, അല്ലെങ്കിൽ വാടാൻ തുടങ്ങുന്ന പൂന്തോട്ടം വെട്ടി മാറ്റുന്നതു പോലെ ഈ മതങ്ങളെല്ലാം അവയുടെ കാലം കഴിച്ചു കൂട്ടുകയും അവയുടെ അവതരണോദ്ദേശ്യം പൂർത്തിയാക്കിയതിനാൽ ദൈവം അവയെ നശിക്കാൻ വിട്ടിരിക്കുന്നുവെന്നും മാനവരാശിയുടെ മാർഗദർശനത്തിനായി ഒരു നൂതന മതം അവൻ നല്കിയിരിക്കുന്നുവെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ, ഈ സംഗതിയെ നാം ഏതുരീതിയിൽ വീക്ഷിച്ചാലും ദൈവത്താൽ മാർഗദർശനം സിദ്ധിച്ച ഒരു ആത്മീയ ഗുരുവിന്റെ ആഗമനത്തെയാണ് ലോകത്തിലെ സമകാലിക സാഹചര്യങ്ങൾ വിളിച്ചോതുന്നത് എന്നു പറയാതെ വയ്യ. ആത്മീയ ക്ലേശം അനുഭവിക്കുന്ന മനുഷ്യാത്മാക്കൾ സ്വർഗത്തിലേക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. അവരിൽ അനുതാപം കാണിച്ചു കൊണ്ടു ദൈവകാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും കവാടങ്ങൾ തുറന്നു കിട്ടുന്നതിനു വേണ്ടി, മുൻഗാമികൾക്കു ലഭിച്ചതു പോലുള്ള വരദാനങ്ങൾ ലഭിക്കുന്നതിനു വേണ്ടി, അവരുടെ കണ്ണുകളുടെയും മനസ്സിന്റെയും അന്ധതഭേദമാക്കിക്കൊണ്ട് ആത്മീയന്ധകാരത്തെ ഉയർത്തുകയും സൃഷ്ടിയുദ്ദേശ്യമായ ശാശ്വത ജീവിതത്തിലേക്ക് മനുഷ്യനെ നയിക്കുകയും ചെയ്യുന്നതിനു വേണ്ടി, കണ്ണീരോടും മനോവേദനയോടും കൂടി അവർ ദൈവത്തോട് കേണപേക്ഷിക്കുകയാണ്.

## ദൈവികസംരക്ഷണം അവകാശപ്പെടുന്ന ഏക മതമാണ് ഇസ്ലാം

ആത്മീയ ജീവിതത്തിനു വേണ്ടി ദാഹിക്കുകയും ദൈവത്തെ പ്രാപിക്കാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്ന ജനങ്ങളേ! നിങ്ങൾക്ക് അങ്ങേയറ്റം ആവശ്യമായത് ഇസ്ലാം നല്കുന്നുവെന്ന സുവാർ

ത്ത ഞാൻ നിങ്ങളെ അറിയിക്കട്ടെ. മരിച്ചവരെ ജീവിപ്പിക്കുകയും അന്ധർക്ക് കാഴ്ച നല്കുകയും ബധിരർക്ക് കേൾവി നല്കുകയും വികലാംഗരെയും കുഷ്ഠ രോഗികളെയും സുഖപ്പെടുത്തുകയും ചെയ്യുന്ന ആൾ, കാലഘട്ടത്തിന്റെ ആവശ്യാർഥം മുൻ പ്രവാചകന്മാരുടെ പ്രവചനങ്ങളെ സാക്ഷാത്കരിച്ചു കൊണ്ട് മിശിഹായുടെ നാമത്താലും ചൈതന്യത്താലും, എന്നല്ല എല്ലാ പ്രവാചകന്മാരുടെ ശക്തിയിലും ചൈതന്യത്തിലും ആയിക്കൊണ്ട് സ്വർഗത്തു നിന്നു അവതരിച്ചിരിച്ചിരിക്കുന്നു; ദൈവത്തിന്റെ വരിഷ്ഠരായ എല്ലാ പ്രവാചകാരും സ്വർഗത്തിൽ നിന്ന് ഇറങ്ങിയതു പോലെ. യെശയ്യാവിന്റെ പ്രവചന പ്രകാരം പാപത്തിന്റെ ഇരുട്ടിൽ നിന്ന് ലോകത്തെ രക്ഷിക്കാൻ പൗരസ്ത്യ ദേശത്താണ് അദ്ദേഹം അവതരിച്ചത്. ഈ സദ്വൃത്തനെ പൗരസ്ത്യ നാട്ടിൽ നിന്നും ഉയർത്തിയതാര്?

മനുഷ്യരേ, കേൾക്കുവിൻ! ഇസ്‌ലാം മതത്തെക്കുറിച്ചു മാത്രമാണ് ദൈവം സംരക്ഷിക്കുമെന്ന് വാഗ്ദാനം നല്കിയിരിക്കുന്നത്. അത് അവൻ സംരക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ ഇപ്പോൾ മാർഗദർശനത്തിനു വേണ്ടി ദൈവം തിരഞ്ഞെടുത്തിട്ടുള്ള ഒരേ ഒരു മതമാണിത്. അല്ലാത്ത പക്ഷം, ഇതിന് സംരക്ഷണ വാഗ്ദാനം നല്കുകയും മറ്റു മതങ്ങളെ സംരക്ഷിക്കാതെ കൈവിടുകയും ചെയ്യുമായിരുന്നില്ലല്ലോ. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

***ഇന്നാ നഹ്നു നസ്സൽനാ ദിക്റ വ ഇന്നാ ലഹു ലഹാഫിലൂൻ***

നിശ്ചയമായും നാമാണ് ഇത് ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുന്നതാണ്. (അൽഹിജ്ർ 15:10)

ഈ പ്രവചനമനുസരിച്ച്, ചരിത്രത്തിൽ സമാനതകളില്ലാത്ത വിധം വിശുദ്ധ ഖുർആൻ അക്ഷരപരമായും അർഥപരമായും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഒരു സ്വരാക്ഷരത്തിനു പോലും മാറ്റം വരാതെ നൂറ്റാണ്ടുകളോളം അതിന്റെ മൂലരൂപത്തിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന ലോകത്തിലെ ഏകഗ്രന്ഥമാണ് ഖുർആനെന്ന് എല്ലാവരാലും പരക്കെ അംഗീകരിക്കപ്പെട്ട സംഗതിയാണ്. ഇനി ഇത് നശിക്കുകയോ ലോകത്തു നിന്ന് അപ്രത്യക്ഷമായാൽ തന്നെ അതിന്റെ മൂല രൂപത്തിൽ ഹാജരാക്കുന്നതിനു വേണ്ടി ഒരോ തലമുറയിലെയും ലക്ഷക്കണക്കിന് ആളുകൾ അതു ഹൃദിസ്ഥമാക്കിയിരിക്കുന്നു.

മാത്രമല്ല, വിശുദ്ധ ഖുർആന്റെ അർഥപരമായ സംരക്ഷണം അദ്ഭുതകരമായ നിലയിലാണ് നിർവഹിക്കപ്പെട്ടിരിക്കുന്നത്. നബി(സ)തിരുമേനി അരുളി: ***ഇന്നല്ലാഹ യബ്അസു ലിഹാദിഹിൽ ഉമ്മത്തി അലാ റഅ്സി കുല്ലി മിഅത്തി സനത്തിൻ മൻ യുജദ്ദിദു ലഹാ ദീനഹാ***

ഈ പ്രവചനമനുസരിച്ച് ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ ഇത്തരം ആളുകൾ ഇസ്‌ലാമിൽ ആവിർഭവിച്ചിട്ടുണ്ട്. എങ്കിലും ഒരു നീണ്ട ഇടവേളയ്ക്കു ശേഷം ഗൗരവമേറിയ ദൗർബല്യങ്ങൾ മതത്തിൽ കടന്നു കൂടിയതു കാരണം സമൂലമായ ഒരു പരിവർത്തനം സംജാതമാക്കുന്നതിന് ഒരു മഹാപരിഷ്കർത്താവ് എഴുന്നേൽപിക്കപ്പെട്ടു. മൂസാ നബിയുടെ പരമ്പരയിലെ അവസാനത്തിലും ഇതു തന്നെയാണ് സംഭവിച്ചത്. മൂസാനബിക്കു ശേഷമുള്ള പതിമൂന്നു നൂറ്റാണ്ടുകളിൽ അനേകം പ്രവാചകന്മാർ ആവിർഭവിച്ചിട്ടും മറ്റു പ്രവാചകന്മാരെക്കാൾ മഹത്തരവും വിശാലവുമായ ദൗത്യവുമായി ഈസാനബി(അ)യെ പോലുള്ള മഹാപരിഷ്കർത്താവിനെ എഴുന്നേൽപ്പിക്കേണ്ടി വന്നല്ലോ.

ഈ പൊതു നിയമം ഇസ്‌ലാമിനും ബാധകമാണ്. അവസാന കാലത്ത് ഇസ്‌ലാമിന്റെ വർദ്ധിച്ചു വരുന്ന പുരോഗതി തടയപ്പെടുമെന്നു മാത്രമല്ല മുസ്‌ലിം മനസ്സുകളിൽ നിന്നു തന്നെ അതിന്റെ ആത്മീയപ്രഭാവം നഷ്ടപ്പെട്ടു പോകുമെന്നും യഥാർഥ അധ്യാപനങ്ങൾക്കു പകരം പലവിധ ദുർവ്യാഖ്യാനങ്ങളും അതിൽ സ്ഥാനം പിടിക്കുമെന്നും മുൻപേ തന്നെ പ്രവചിക്കപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ മൂസാ നബിയുടെ പരമ്പരയിൽ ഈസാനബി നിർവഹിച്ചതു പോലുള്ള ദൗത്യം നിർവഹിക്കുന്നതിനു വേണ്ടി മുസ്‌ലിംകളിൽ നിന്നും അല്ലാഹു ഒരു മസീഹിനെ എഴുന്നേൽപ്പിക്കുന്നതാണെന്ന് വാഗ്ദാനം ചെയ്യപ്പെട്ടതാണ്. മൂസാനബിക്കു ശേഷം ആയിരത്തിമുന്നൂറ് കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ ഈസാനബി(അ) അവതരിച്ചതു പോലെ നബി(സ)തിരുമേനിക്കു ശേഷം ആയിരത്തി മുന്നൂറ് വർഷം കഴിഞ്ഞാണ് വാഗ്ദത്ത മസീഹ്(അ) ആഗതരായത്. ഈസാനബി(അ)യുടെ കാലത്ത് ജനങ്ങൾ അകപ്പെട്ടിരുന്ന അതേ അബദ്ധ വിശ്വാസങ്ങളിലാണ് വാഗ്ദത്ത മസീഹിന്റെ കാലത്തും ജനങ്ങൾ അകപ്പെട്ടിരിക്കുന്നത്. ആകാശത്തു നിന്ന് ഏലിയാവ് ഇറങ്ങുമെന്ന് അക്കാലത്ത് ജനങ്ങൾ പ്രതീക്ഷിച്ചു. അദ്ദേഹത്തിനു പകരമായി അയക്കപ്പെട്ടത് മറ്റുള്ളവരെപ്പോലെത്തന്നെ ഉമ്മയുടെ ഗർഭപാത്രത്തിൽ നിന്നു ജനിച്ച യഹ്‌യാ നബി(അ)യായിരുന്നു. ഇക്കാലത്ത് ഈസാനബി സ്വയം ആകാശത്തു നിന്ന് ഇറങ്ങുമെന്നാണ് ജനങ്ങൾ പ്രതീക്ഷിച്ചത്. എന്നാൽ, ഒരു മസീഹ് അവർക്കായി അയക്കപ്പെട്ടു. ആത്മീയാന്ധത ബാധിച്ചവരുടെ നോട്ടത്തിൽ അദ്ദേഹം ഭൂമിയിൽ നിന്നാണ് വന്നത്. വാസ്തവത്തിൽ അദ്ദേഹം സ്വർഗത്തിൽ നിന്നു തന്നെയായിരുന്നു വന്നത്; ഭൂമിയുമായി പൊതുവേ യാതൊരു ബന്ധവുമില്ലായിരുന്നു. അങ്ങനെയായിരുന്നില്ലെങ്കിൽ ആയിരക്കണക്കിനാളുകളെ സ്വർഗീയവസ്ഥയിലേക്ക് നയിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. മനുഷ്യന്റെ ഓർമ എത്ര ദുർബലമാണ്! യേശു

ആകാശത്തു നിന്നും ഇറങ്ങുമെന്ന് അവർ പ്രതീക്ഷിക്കുന്നു. എന്നാൽ ഈ ഭൂമിയിൽ വെച്ച് അദ്ദേഹം പറഞ്ഞ വാക്കുകൾ വിസ്മരിച്ചിരിക്കുകയാണ്. അദ്ദേഹം പറഞ്ഞു: "ആകാശത്തു നിന്നു വന്നവനല്ലാതെ ആകാശത്തേക്ക് പോയിട്ടില്ല." യേശു ഭൂമിയിലാണ് ജനിച്ചത്; ആകാശത്തു നിന്ന് വന്നതല്ല എന്ന് അറിഞ്ഞിരിക്കെ അദ്ദേഹത്തിന്റെ പുനരാഗമനം ആകാശത്തു നിന്നായിരിക്കുമെന്നുള്ള ഇക്കൂട്ടരുടെ വിശ്വാസം വിചിത്രമല്ലേ? ആകാശത്തു നിന്നു വന്നവനല്ലാതെ ആകാശത്തേക്ക് പോകാൻ കഴിയില്ലെന്ന് അദ്ദേഹം തന്നെ സ്വയം പറയുമ്പോൾ ഭൂമിയിൽ ജനിച്ച തനിക്ക് ആകാശത്തേക്ക് പോകാൻ സാധ്യമല്ലാത്തതിനാൽ ആകാശത്ത് നിന്ന് ഇറങ്ങാനും സാധ്യമല്ല എന്നാണ് അർഥമാക്കുന്നത്. ഇനി അദ്ദേഹം കന്യാമറിയമിന് ജനിച്ചതു കൊണ്ട് ആ ജനനത്തെ ആകാശത്തു നിന്നുള്ള ഇറക്കമായി കരുതാമെങ്കിൽ അദ്ദേഹത്തിന്റെ ആകാശാരോഹണത്തിനും ഇതുപോലുള്ള അർഥം എന്തു കൊണ്ട് നല്കി കൂടാ? യേശു കന്യാമറിയത്തിനു ജനിച്ചു എന്നതു കൊണ്ട് അദ്ദേഹത്തിന്റെ ആകാശത്തു നിന്നുള്ള ഇറക്കമായി വിശദീകരിക്കാമെങ്കിൽ വാഗ്ദത്തമസീഹ്(അ) സ്ത്രീയിൽ നിന്ന് ജനിച്ചതു കൊണ്ട് അതിനെയും ആകാശത്തു നിന്നുള്ള ഇറക്കമായി എന്തുകൊണ്ട് വിവക്ഷിച്ചു കൂടാ?

യേശുവിനോട് വാഗ്ദത്ത മസീഹി(അ)നുള്ള മറ്റൊരു സാദൃശ്യം കൂടിയുണ്ട്. യഹൂദികളുടെ ആധിപത്യം നശിപ്പിക്കപ്പെട്ട കാലത്തായിരുന്നു യേശുവിന്റെ ജനനം. അതുപോലെ മുസ്‌ലിംകൾക്ക് അധികാരപരമായ മേൽക്കോയ്മ നഷ്ടപ്പെട്ട കാലത്താണ് ഹദ്റത്ത് അഹ്മദ്(അ) ജനിച്ചത്. സാമ്രാജ്യത്വത്തെ പ്രോത്സാഹിപ്പിച്ചിരുന്ന വിദേശശക്തിക്കു കീഴിൽ യേശു ജനിച്ചതു പോലെ സാമ്രാജ്യത്വത്തിനു കീഴിൽ നിയമവാഴ്ചയെ അംഗീകരിക്കുകയും അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന റോമൻ ഭരണകൂടത്തിന് സമാനമായ ഒരു വിദേശ ജനത ഭരിക്കുന്ന രാജ്യത്താണ് വാഗ്ദത്ത മസീഹ്(അ) ജനിച്ചത്.

അതുപോലെത്തന്നെ യേശുവിന്റെ കാലത്തെ ജനങ്ങൾ അദ്ദേഹത്തെ റോമൻ കോടതികളിൽ കയറിയിറക്കിയതു പോലെ ഇക്കാലത്ത് വാഗ്ദത്ത മസീഹിനെയും ബ്രിട്ടീഷ് കോടതികളിൽ കയറിയിറക്കി. സീസർക്കുള്ളത് സീസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും എന്ന് യേശു പറഞ്ഞപ്പോൾ ജനങ്ങൾ അദ്ദേഹത്തെ രാജ്യദ്രോഹിയെന്ന് മുദ്രകുത്തിയതു പോലെ വാഗ്ദത്ത മസീഹ് രാജ്യത്തോട് കൂറ് പുലർത്തണമെന്ന് നിരന്തരം ഊന്നൽ നല്കിയിട്ടും അദ്ദേഹം രാജ്യദ്രോഹിയാണെന്നും രാജ്യത്തിനെതിരെ ലഹളയുണ്ടാക്കാൻ പ്രേരിപ്പിക്കുന്നുവെന്നും ആക്ഷേപിച്ചു കൊണ്ട് അദ്ദേഹത്തിനെതിരെ പല കഥകളും ജനങ്ങൾ സർക്കാറിലേക്ക് എത്തിച്ചു. താൻ രാജ്യത്തോടു കൂറു പുലർത്തുന്നവനാണെന്ന് യേശു പ്രഖ്യാപിച്ചിട്ടും അദ്ദേഹത്തെ റോമൻ സർക്കാർ സംശയദൃഷ്ടിയോടെ നോക്കിയതു പോലെ ബ്രിട്ടീഷ് സർക്കാറും അദ്ദേഹത്തെ സംശയത്തോടെയാണ് നോക്കിക്കണ്ടത്. അദ്ദേഹത്തിന്റെ മരണത്തിനു ഒരു വർഷം മുൻപു വരെ അദ്ദേഹത്തിന്റെ സ്വദേശമായ ഖാദിയാനിലെ രഹസ്യപോലീസിന്റെ നിരീക്ഷണത്തിലായിരുന്നു. അദ്ഭുതാവഹമായ മറ്റൊരു സാദൃശ്യം യേശുവിന്റെ കാലത്ത് ജനങ്ങൾ അദ്ദേഹത്തെ റോമൻ നീതിന്യായ കോടതിയിൽ നിന്നും ശക്ഷ വാങ്ങിച്ചു കൊടുക്കാൻ ശ്രമിച്ചതു പോലെ ചില ക്രിസ്ത്യൻ മിഷണറിമാർ വാഗ്ദത്ത മസീഹിനെതിരിൽ വ്യാജ വധശ്രമക്കേസ് ഫയൽ ചെയ്യുകയുണ്ടായി. എന്നാൽ അദ്ദേഹം ആഗതനായത് യേശുവിനെ അദ്ദേഹത്തിനെതിരെ ഉന്നയിക്കപ്പെട്ട എല്ലാ വ്യാജാരോപണങ്ങളിൽ നിന്നും മുക്തനാക്കുന്നതിനു വേണ്ടിയായതിനാൽ അത്തരം വിചാരണകളുടെ അപമാനകരമായ ദോഷഫലങ്ങളിൽ നിന്ന് ദൈവം അദ്ദേഹത്തെ കാത്തു രക്ഷിച്ചു. ശത്രുക്കൾ എത്ര തന്നെ ശ്രമിച്ചിട്ടും അല്ലാഹു അദ്ദേഹത്തിന്റെ നിരപരാധിത്വം പകൽ വെളിച്ചം പോലെ പ്രശോഭിതമാക്കി.

ഈ അവസരത്തിൽ ബ്രിട്ടീഷ് സർക്കാറിനെ ഞാൻ അഭിനന്ദിക്കുകയാണ്. റോമൻ പിലാത്തോസിനെ അപേക്ഷിച്ച് അവരുടെ

യേശുവിനോട് വാഗ്ദത്ത മസീഹി(അ)നുള്ള മറ്റൊരു സാദൃശ്യം കൂടിയുണ്ട്. യഹൂദികളുടെ ആധിപത്യം നശിപ്പിക്കപ്പെട്ട കാലത്തായിരുന്നു യേശുവിന്റെ ജനനം. അതുപോലെ മുസ്‌ലിംകൾക്ക് അധികാരപരമായ മേൽക്കോയ്മ നഷ്ടപ്പെട്ട കാലത്താണ് ഹദ്റത്ത് അഹ്മദ്(അ) ജനിച്ചത്. സാമ്രാജ്യത്വത്തെ പ്രോത്സാഹിപ്പിച്ചിരുന്ന വിദേശശക്തിക്കു കീഴിൽ യേശു ജനിച്ചതു പോലെ സാമ്രാജ്യത്വത്തിനു കീഴിൽ നിയമവാഴ്ചയെ അംഗീകരിക്കുകയും അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന റോമൻ ഭരണകൂടത്തിന് സമാനമായ ഒരു വിദേശ ജനത ഭരിക്കുന്ന രാജ്യത്താണ് വാഗ്ദത്ത മസീഹ്(അ) ജനിച്ചത്.

പിലാത്തോസ് ആണ് കൂടുതൽ ധൈര്യം കാണിച്ചത്. യേശുവിന്റെ നിരപരാധിത്വം ബോധ്യമായിട്ടും അദ്ദേഹത്തെ യഹൂദികളെ ഏല്പിക്കുകയാണ് റോമൻ പിലാത്തോസ് ചെയ്തത്. അതേസമയം അൻഡമാനിലെ മുൻ ചീഫ് കമ്മീഷ്ണറും അന്ന് ഗുർദാസ്പൂരിലെ ഡിസ്ട്രിക്ട് മജിസ്ട്രേറ്റും കൂടിയായ കേണൽ ഡഗ്ലസ്സിന്റെ മുന്നിൽ വാഗ്ദത്ത മസീഹി(അ)നെതിരെയുള്ള വ്യാജവധശ്രമക്കേസ് വിചാരണയ്ക്കായി എത്തിയപ്പോൾ സത്യം കണ്ടെത്തുകയും വാഗ്ദത്ത മസീഹിന്റെ നിരപരാധിത്വം ബോധ്യമാവുകയും ചെയ്ത അദ്ദേഹം വാഗ്ദത്ത മസീഹിനെ ബഹുമാനാദരങ്ങളോടെ വിട്ടയക്കുകയാണുണ്ടായത്. അതിനെതിരിൽ പൊതുതാത്പര്യങ്ങളെയോ സ്വാധീനമുള്ള വ്യക്തികളുടെ പ്രേരണകളെയോ അദ്ദേഹം വകവെച്ചില്ല. തനിക്കെതിരിൽ വ്യാജ കേസ് ചമച്ചവർക്കെതിരിൽ കേസ് നല്കാൻ അദ്ദേഹം വാഗ്ദത്ത മസീഹിനെ അനുവദിക്കുകയും ചെയ്തു. പക്ഷേ, നീണ്ട പതിമൂന്നു വർഷക്കാലം മക്കക്കാരുടെ പീഡനങ്ങൾ സഹിച്ച് ഒടുവിൽ വിജയശ്രീലാളിതനായി രംഗപ്രവേശം ചെയ്ത് തന്റെ നാട്ടുകാർക്ക് പൊതു മാപ്പു നല്കിയ ആ നബിതിരുമേനി (സ)യുടെ പിൻഗാമിയിൽ നിന്ന് തന്റെ ശത്രുക്കളെ വിചാരണക്കേസുകളിൽ വലിച്ചിടുമെന്ന് പ്രതീക്ഷിക്കാവതല്ലല്ലോ. തന്റെ ശത്രുക്കൾക്ക് മാപ്പു നല്കിയെന്നും അവർക്കെതിരെ കേസിനു പോകാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും ആയിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

എന്റെ പ്രഭാഷണത്തിലെ ഈ ഭാഗം ഉപസംഹരിക്കുന്നതിനു മുൻപ് ഒരിക്കൽ കൂടി ബ്രിട്ടനെ അഭിനന്ദിക്കുകയാണ്. യേശു വിചാരണ ചെയ്യപ്പെട്ട റോമൻ മജിസ്ട്രേറ്റിനെക്കാൾ സത്യവും നീതിയും മുറുകെപ്പിടിക്കാനുള്ള ആർജ്ജവം അവരുടെ മജിസ്ട്രേറ്റ് കാണിക്കുകയുണ്ടായി. പരാതിക്കാർ സ്വന്തം മതത്തിലെ തന്നെ മിഷണറിമാരായിരുന്നു. ചില വ്യക്തികൾ സ്വാധീനം ചെലുത്തിക്കൊണ്ട് അദ്ദേഹത്തിനെതിരിൽ ക്രിമിനൽ കുറ്റം ചുമത്താൻ പ്രേരിപ്പിക്കുകയും ചെയ്തു. എന്നാൽ കളവിനെ പ്രോത്സാഹിപ്പിക്കാനോ അന്യായമായി ക്രിമിനൽ കുറ്റം ചുമത്താനോ ആ മജിസ്ട്രേറ്റ് തയ്യാറായില്ല. ഈ സാദൃശ്യങ്ങളും കാലഘട്ടത്തിന്റെ ആവശ്യവും ബൈബിളിൽ വിവരിക്കപ്പെട്ട പ്രവചനങ്ങളുടെ പുലർച്ചയും കൂടാതെ അവസാന കാലത്ത് ആഗതനാകേണ്ട പ്രവാചകനെ സംബന്ധിച്ച് മറ്റു മതഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ പ്രവചനങ്ങളും വാഗ്ദത്ത മസീഹിൽ ദൈവം പൂർത്തിയാക്കുകയാണുണ്ടായത്. ഉദാഹരണമായി, മുസ്‌ലിം ഗ്രന്ഥങ്ങളിൽ വാഗ്ദത്ത മസീഹിന്റെ കാലത്ത് ഉണ്ടാകുന്ന കാര്യങ്ങളെക്കുറിച്ച് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: ബാങ്ക് വ്യവസ്ഥിതി അഭിവൃദ്ധി പ്രാപിക്കുകയും മദ്യം വലിയ തോതിൽ ഉപയോഗിക്കപ്പെടുകയും ചെയ്യുന്ന കാലത്തായിരിക്കും വാഗ്ദത്ത മസീഹ്(അ) അവതരിക്കുക. സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ അധികമായിരിക്കും. ശരീരം പ്രദർശിപ്പിക്കുന്ന വസ്ത്രങ്ങളായിരിക്കും സ്ത്രീകൾ ധരിക്കുക. മുൻപ് മറച്ചിരുന്ന ശരീരഭാഗങ്ങൾ അവർ വെളിപ്പെടുത്തുന്നതായിരിക്കും. സ്ത്രീകളെ അധികമായി സെയിൽസ് വുമൺ ആയി നിയമിക്കുന്നതാണ്. ക്രിസ്ത്യൻ ഗവൺമെന്റുകൾ തങ്ങളുടെ അധികാര പ്രദേശങ്ങളെ വിപുലീകരിക്കും; മുസ്‌ലിം ഗവൺമെന്റുകൾ നശിപ്പിക്കപ്പെടും. മാതാപിതാക്കളോടുള്ള ആദരവ് കുറയുന്നതാണ്. ചിലയാളുകൾ മാസങ്ങളെ ചുരുക്കുന്നതായിരിക്കും; കല്ലും വെള്ളവും ഉപയോഗിച്ചുള്ള നവീനവിനിമയ മാർഗങ്ങൾ കണ്ടെത്തുന്നതാണ് (ആവിക്കപ്പലുകളും മറ്റുമാണ് ഉദ്ദേശ്യം). നിർജീവ വസ്തുക്കൾ സംസാരിക്കും (ഉദാ: ഗ്രാമഫോണുകൾ തുടങ്ങിയവ). നവവിനിമയ മാധ്യമങ്ങൾ കണ്ടെത്തുകയും ഒട്ടകങ്ങൾ വളരെ വിരളമായി മാത്രം ഉപയോഗിക്കപ്പെടുന്നതാണ്. മൂന്നു മഹാശക്തികൾ മറ്റു മൂന്നു മഹാശക്തികളുമായി യുദ്ധം ചെയ്യുന്നതാണ്. അതിൽ കോൺസ്റ്റാന്റിനോപ്പിൾ ഗവൺമെന്റ് പിന്താങ്ങുന്ന വിഭാഗം പരാജയമടയും. കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് ഒരാൾ ഏഷ്യാമൈനറിലേക്ക് ഓടിപ്പോവുകയും തുർക്ക് ഭരണകൂടം പുന:സ്ഥാപിക്കുകയും ചെയ്യുന്നതാണ്. പത്രങ്ങൾ, ലഘുലേഖകൾ, പുസ്തങ്ങൾ എന്നിവ വലിയതോതിൽ പ്രസിദ്ധീകരിക്കപ്പെടുന്നതാണ്. കനാലുകൾ ധാരാളമായി നിർമിക്കപ്പെടും; മൃഗശാലകളുടെ എണ്ണം പെരുകും. ജ്യോതിശാസ്ത്രം ഗണ്യമായ നിലയിൽ അഭിവൃദ്ധിപ്പെടുന്നതാണ്. പ്രാകൃത രാഷ്ട്രങ്ങൾ ഉന്മൂലനം ചെയ്യപ്പെടുന്നതാണ്. ഒരുപാട് ഖനികൾ കണ്ടെത്തുന്നതും ഭൂമി അതിലെ മറഞ്ഞിരിക്കുന്ന സമ്പത്തിനെ പുറം തള്ളുന്നതുമാണ്. കനാൽ മുഖേന രണ്ടു മഹാസമുദ്രങ്ങൾ കൂട്ടിച്ചേർക്കപ്പെടും. അതിന്റെ ഒരു വശത്ത് പവിഴവും മറുഭാഗത്ത് രത്നങ്ങളുമായിരിക്കും. വലിയ കപ്പലുകൾ സ്ഥിരമായി അതിലൂടെ കടന്നു പോകുകയും ദൈവാനുഗ്രഹങ്ങളെയും അവന്റെ ഔദാര്യങ്ങളെയും കുറിച്ച് ജനങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യുന്നതാണ് (സൂയസ് കനാലിന്റെ നിർമാണമാണ് ഉദ്ദേശ്യം). രാജവാഴ്ച അവസാനിക്കും. തൊഴിലാളികൾക്ക് ഭരിക്കാൻ ഒരു അവസരം ലഭിക്കുന്നതാണ്. പോലീസുകാർ വർദ്ധിക്കും. വിവിധ രാജ്യങ്ങളിൽ നിയമവാഴ്ച തുടരുമെങ്കിലും ഭരണകൂടങ്ങൾ പരസ്പരം സംശയത്തോടെ വീക്ഷിക്കുന്നതും പരസ്പരം ആക്രമിക്കാൻ തുനിയുന്നതുമാണ്. നമുക്കറിയാം, ഈ സംഗതികളെല്ലാം നേരത്തെ പുലർന്നു കഴിഞ്ഞവയാണ്. യൂറോപ്യൻ ലൈബ്രറികളിൽ സൂക്ഷിച്ചിട്ടുള്ള പ്രസിദ്ധ ഗ്രന്ഥങ്ങളിൽ

രേഖപ്പെടുത്തി വെച്ചിട്ടുമുണ്ട്.

വാഗ്ദത്ത മസീഹ് ആഗതനാകേണ്ടത് ഈ കാലഘട്ടത്തിലാണെന്ന് ഈ പ്രവചനങ്ങളെല്ലാം വിളിച്ചോതുന്നു. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ തന്നെയാണ് ഈ പ്രവചനങ്ങളുടെയെല്ലാം സാക്ഷാത്ക്കാരം എന്നതിന് തെളിവെന്ത് എന്ന ചോദ്യമാണ് ഇനി ഉയരുന്നത്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ച് സൂചിപ്പിക്കുന്ന പ്രവചനങ്ങൾ ഉള്ളതായി നമുക്ക് കാണാം. ഉദാഹരണമായി, അവസാനകാലത്ത് ആഗതരാകുന്ന പ്രവാചകന്റെ കാലത്ത് റമളാൻ മാസം 13 ന് ചന്ദ്രനും 28ന് സൂര്യനും ഗ്രഹണം സംഭവിക്കുമെന്നും മറ്റൊരു നുബുവ്വത്ത് വാദിക്കുവേണ്ടിയും ഈ അടയാളം നല്കപ്പെടുകയോ നിവർത്തിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നും എഴുതപ്പെട്ടിരിക്കുന്നു. ഹദ്റത്ത് അഹ്മദി(അ)ന്റെ കാര്യത്തിലാകട്ടെ, അദ്ദേഹം തന്റെ വാദം പ്രസിദ്ധം ചെയ്തതിന് നാല് വർഷം കഴിഞ്ഞപ്പോൾ അതായത് 1894ൽ ആ അടയാളം പൂർത്തിയായി. അദ്ഭുതകരമെന്ന് ഖഗോള ശാസ്ത്രജ്ഞർ പോലും സമ്മതിക്കും വിധമായിരുന്നു ഇത് സംഭവിച്ചത്. അതുപോലെ, മഹ്ദിയുടെ കുടുംബം ഭൂവുടമകളായിരിക്കും എന്നു എഴുതപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പിതാവ് വലിയ ഭൂവുടമയായിരിക്കും. എന്നാൽ മഹ്ദിയുടെ കാലം ആകുമ്പോഴേക്കും ഭൂസ്വത്തിലെ ഭൂരിഭാഗവും കുടുംബത്തിന് നഷ്ടപ്പെട്ടിട്ടുണ്ടാകും. അങ്ങനെത്തന്നെയാണ് സംഭവിച്ചതും. ഹദ്റത്ത് അഹ്മദി(അ)ന്റെ പിതാവിന്റെ കാലത്ത് കുടുംബത്തിന് അധികാരസ്ഥാനം നഷ്ടപ്പെട്ടിരുന്നെങ്കിലും 8 ഗ്രാമങ്ങളിൽ അദ്ദേഹത്തിന് കാര്യനിർവഹണ ചുമതല ഉണ്ടായിരുന്നു. എന്നാൽ ബ്രിട്ടീഷുകാരുടെ വരവോടെ ഈ ഗ്രാമങ്ങളും കണ്ടുകെട്ടുകയുണ്ടായി. അങ്ങനെ അത് ഒരു ഗ്രാമത്തിലെ കാര്യനിർവഹണ ചുമതലയായും മൂന്നു ഗ്രാമങ്ങളിലെ നികുതി പിരിക്കാനുള്ള അവകാശവുമായും ചുരുങ്ങി. ഹദ്റത്ത് അഹ്മദി(അ)ന്റെ പിതാവ് മരണത്തെതുടർന്ന് കുടുംബപരമായ ചില സങ്കീർണതകൾ കാരണം ഖാദിയാനിലെ സ്ഥലം കുടുംബാംഗങ്ങളിൽ വിഭജിച്ചപ്പോൾ അതു വീണ്ടും വെട്ടിക്കുറച്ചു. കൂടാതെ വാഗ്ദത്ത മസീഹിന് രണ്ട് രോഗങ്ങൾ ഉണ്ടാകുമെന്നും എഴുതപ്പെട്ടിരുന്നു. ഒന്ന്, ശരീരത്തിന്റെ മുകൾ ഭാഗത്തിനും, മറ്റേത് ശരീരത്തിന്റെ താഴ്ന്ന ഭാഗത്തിനുമാണ് സംഭവിക്കുക. അതനു സരിച്ച് ഹദ്റത്ത് അഹ്മദി(അ)ന് തലകറക്കവും പ്രമേഹവും ബാധിച്ചിരുന്നു.

മാത്രമല്ല, കദ്അ എന്ന് പറയുന്ന സ്ഥലത്തായിരിക്കും മഹ്ദി ഭൂജാതനാവുക എന്ന് എഴുതപ്പെട്ടിരിക്കുന്നു. പൊതുജനങ്ങൾ കാദിയ അല്ലെങ്കിൽ കാദി എന്ന് വിളിച്ചിരുന്ന ഖാദിയാനിലാണ് ഹദ്റത്ത് അഹ്മദ്(അ) ജനിച്ചത്. സംസാരത്തിൽ നേരിയ ഇടർച്ച ഉണ്ടായിരിക്കുമെന്ന് എഴുതപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിന് അതും ഉണ്ടായിരുന്നു. അതുപോലെ മസീഹ് ഗോതമ്പ് നിറവും നീണ്ട മുടിയും ഉള്ള വ്യക്തിയായിരിക്കുമെന്നാണ് എഴുതപ്പെട്ടിരുന്നുത്. അതു രണ്ടും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം വിവാഹം കഴിക്കുന്നതും സന്താനങ്ങളുണ്ടാകുന്നതും ദിവ്യ വെളിപാടിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നും എഴുതപ്പെട്ടിരുന്നു. അതങ്ങനെത്തന്നെ സംഭവിച്ചു. ഇന്ന കുടുംബവുമായി താൻ വിവാഹബന്ധത്തിലേർപ്പെടുമെന്ന് അദ്ദേഹത്തിന് അറിയിപ്പ് ലഭിച്ചു. വംശീയവും സാമ്പത്തികവുമായ പൊരുത്തക്കേടുകൾ ഈ ബന്ധത്തിന് തടസ്സമായി നിന്നെങ്കിലും ഈ വിവാഹം നടന്നു. തന്റെ മസീഹു വാദത്തിനു ശേഷം ഉണ്ടായ മക്കളിലെ ഓരോ കുട്ടിയെ സംബന്ധിച്ചും ജനിക്കുന്നതിനു മുൻപേ തന്നെ പ്രവചനം പ്രസിദ്ധപ്പെടുത്തുകയും പ്രവചനപ്രകാരം കുട്ടി ജനിക്കുകയും ചെയ്തു. കൂടാതെ, മസീഹ് പേർഷ്യൻ വംശജനായിരിക്കുമെന്ന് മുസ്ലിം പേർഷ്യൻ ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടു കിടക്കുന്നു. അദ്ദേഹമാകട്ടെ, പേർഷ്യൻ വംശജനായിരുന്നു താനും. അദ്ദേഹം വെള്ളിയാഴ്ചയായിരിക്കും ജനിക്കുക എന്നും അദ്ദേഹം യുഗ്മജനനായിരിക്കുമെന്നും എഴുതപ്പെട്ടിരുന്നു. ഇതു പ്രകാരം തന്നെയായിരുന്നു അദ്ദേഹത്തിന്റെ ജനനവും. വാഗ്ദത്ത മസീഹ് ഇന്ത്യക്കാരനായിരിക്കുമെന്നാണ് ഹിന്ദുമത ഗ്രന്ഥങ്ങളിൽ നിന്ന് പ്രകടമാകുന്നത്. ചുരുക്കത്തിൽ, ക്രിസ്ത്യാനികളുടെയും പാർസികളുടെയും ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും ഗ്രന്ഥങ്ങളിലെ എല്ലാ പ്രവചനങ്ങളും അദ്ദേഹത്തിൽ നിവർത്തിക്കപ്പെട്ടിരിക്കുന്നു. യഥാസമയം അദ്ദേഹം ആഗതനായി. ഇസ്ലാമിനു മാത്രമേ ദൈവത്തിലേക്ക് നയിക്കാൻ സാധിക്കുകയുള്ളുവെന്നും ഈ മതം മാത്രമാണ് മാനവകുലത്തിന് മോക്ഷം നല്കുന്നത് എന്നതിനുള്ള തെളിവാണിത്. എന്തെന്നാൽ, ഫലം നല്കുന്ന വൃക്ഷത്തെ നിർജീവമെന്നും ഫലം നല്കാത്ത ഉണങ്ങിയ വൃക്ഷത്തെ ജീവനുള്ളതെന്നും പറയാനാകുമോ?

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരിൽ പൂർത്തിയായതും മുൻകാല പ്രവാചകന്മാർ ദീർഘദർശനം ചെയ്ത വാഗ്ദത്ത പരിഷ്ക്കർത്താവ് അദ്ദേഹമാണെന്ന് സ്ഥാപിക്കുന്നതുമായ ചില പ്രവചനങ്ങളെക്കുറിച്ച് പരാമർശിച്ചതിനു ശേഷം ഹദ്റത്ത് അഹ്മദി(അ)ന്റെ കൈകളാൽ ഇസ്ലാം എങ്ങനെയാണ് പുനരുജ്ജീവിപ്പിക്കപ്പെട്ടതെന്നും ലോകത്തിനു വേണ്ടി അദ്ദേഹം എന്താണ് ചെയ്തത് എന്നുമുള്ള കാര്യം ഇനി ഞാൻ പ്രതിപാദിക്കാം. (തുടരും)

www.alislam.org

# ആരാധന ഉത്ഭവിച്ചത് ഭയത്തിൽ നിന്നോ?

മതങ്ങളും ആരാധനയും ഭയം മൂലമണ് ഉണ്ടായത് എന്ന ഭൗതിക വാദികളായ സോഷ്യോളജിസ്റ്റുകളുടെ ബുദ്ധിശൂന്യവും യുക്തിരഹിതവുമായ വാദത്തെ ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പരിശോധിക്കുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ്**

നാം ഭയപ്പെടുന്നതിനെ യഥാർത്ഥത്തിൽ നാം ആരാധിക്കാറുണ്ടോ? നിരന്തരമായ അത്യാഗ്രഹം ഒരു വസ്തുവിനു മുന്നിൽ ആരാധനാപൂർവ്വം തലകുനിക്കാൻ നമ്മെ പ്രേരിപ്പിക്കുമോ? ഈ രണ്ട് ഘടകങ്ങൾക്കും പ്രാകൃതമായ ഒരു മതത്തെ പോലും സൃഷ്ടിക്കാൻ സാധ്യമല്ല. ഭയം അത് ഉണ്ടാക്കുന്ന വസ്തുവിൽ നിന്ന് ഒരാളെ ഓടിയകലാൻ പ്രേരിപ്പിക്കുന്നു. നിസ്സഹായനും ഹതഭാഗ്യനുമായി പീഡിപ്പിക്കപ്പെട്ടവനും ഓടിയകലാൻ കഴിയാത്തവരുമായ ഇരകൾ അവരുടെ മർദ്ദകരോട് കരുണക്ക് യാചിക്കും എന്ന് ഒരാൾക്ക് തീർച്ചയായും സങ്കൽപിക്കാം. പക്ഷേ, ആ ഇരകൾ മർദ്ദകരെ ആരാധിക്കുമെന്ന് സങ്കൽപിക്കുവാൻ സാധ്യമല്ല. തന്റെ മർദ്ദകരിൽ നിന്ന് മോചിതനായാൽ ആ ഇര മർദ്ദകനെ അങ്ങേയറ്റം ഹീനവും സഭ്യേതരവുമായ ഭാഷയിൽ ചീത്ത വിളിച്ചേക്കാം. ആ മർദ്ദകനെ ആരാധിക്കണമെന്ന വിദൂരമായ ഒരു സങ്കൽപം പോലും അയാളുടെ മനസ്സിൽ വരില്ല. ഭീഷണി കൊണ്ട് പ്രവർത്തനനിരതനാകുന്ന ഒരു എം.ഐ-5 ഏജന്റ്* തന്റെ മർദ്ദകനായ കെ.ജി.ബി* ക്കാരനെ ആരാധിക്കാൻ ആരംഭിക്കുമെന്ന് ഒരു ചാരകഥകളിലും നാം വായിച്ചിട്ടില്ല. വെളിപാടു മതങ്ങളിൽ പ്രതിപാദിക്കപ്പെട്ട ദൈവഭയം കാട്ടുമൃഗങ്ങളിൽ നിന്നുണ്ടാകുന്ന ഭീതിയോ മറ്റു ഭയമുണ്ടാക്കുന്ന വസ്തുക്കളുമായി ബന്ധപ്പെട്ട ഭയമോ അല്ല. ദൈവിക ശിക്ഷയെക്കുറിച്ചുള്ള താക്കീത് കുറ്റങ്ങൾ ചെയ്യാതിരിക്കാനുള്ള ഒരു പ്രതിരോധകമായിട്ടാണ് ഉപയോഗിക്കപ്പെടുന്നത്. അത് ആളുകളെ പാപങ്ങൾ ചെയ്യുന്നതിൽ നിന്ന് സ്വയം തടയുന്നു. പ്രാകൃത സമൂഹങ്ങളിലുണ്ടായിരുന്ന കാട്ടുമൃഗങ്ങളെക്കുറിച്ചുള്ള ഭയമോ ഇടിമിന്നലിനെ കുറിച്ചുള്ള ഭയമോ, മനുഷ്യനെ പാപരഹിതനായി ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ശിക്ഷയെക്കുറിച്ചുള്ള ഭയമായി ഗണിക്കാൻ സാധ്യമല്ല. ദൈവവിശ്വാസം മൂലമുണ്ടാകുന്ന കുറ്റകൃത്യംചെയ്യുന്നതിലുള്ള ഭീതിയോ, കുറ്റം ചെയ്താൽ ഭാവിയിൽ ശിക്ഷിക്കപ്പെടുമെന്ന താക്കീതോ കാട്ടുമൃഗങ്ങളെ സംബന്ധിച്ച ഭയത്തിൽ നിന്നോ, പ്രകൃതിയുടെ സംഹാരശക്തിയിലെ ഭയത്തിൽ നിന്നോ പ്രാകൃത സമൂഹത്തിന് ലഭിച്ചിരുന്നതായി നമുക്കറിയില്ല. പോലീസ് അധികാരികൾ, ട്രാഫിക് പാലകൻമാർ, മജിസ്ട്രേറ്റുമാർ മുതലായവരെ ഭയപ്പെടുകയും അവർ വെറുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അവരാരും ആരാധിക്കപ്പെട്ടിട്ടില്ല! അതിപുരാതന കാലത്ത് പോലും അപകടകാരിയായ ഒരു സിംഹത്തെ പേടിച്ചു കൊണ്ട് ഒരാൾ അതിന്റെ മുന്നിൽ നിന്ന് ജീവനും കൊണ്ട് ഓടുകയാണ് ചെയ്യുക. പകരം അതിന്റെ മുന്നിൽ മുട്ടുകുത്തി സാഷ്ടാംഗ പ്രണാമം നടത്തു

***എം.ഐ-5 ഏജന്റ്** (MI-5 Agent): ഒരു ബ്രിട്ടീഷ് രഹസ്യ ചാര സംഘടന. MI-5(Security service), MI-6(Security Intelligent service) എന്നിങ്ങനെ ബ്രിട്ടീഷ് ചാര സംഘടന രണ്ടായി വിഭജിച്ചിട്ടുണ്ട്. അതിൽ MI-5 ആഭ്യന്തര രംഗത്തും സിവിലിയൻമാർക്കിടയിലും ചാരപ്രവർത്തനം നടത്തുന്ന രഹസ്യ സംഘടനയാണ്. ഇത്തരം ഏജന്റുമാരെ കഥാപാത്രങ്ങളാക്കിക്കൊണ്ട് നിരവധി ഡിറ്റക്റ്റിവ് നോവലുകളുണ്ട്.

***കെ.ജി.ബി:** റഷ്യൻ ചാര സംഘടന. പൂർണ്ണനാമം (Komitet Gosudarstuennoy Bezopasnosti (State Security Committee)

കയോ അതിനോട് കാരുണ്യത്തിന് യാചിക്കുകയോ, അതിന്റെ മഹത്ത്വവും രാജത്വവും വാഴ്ത്തുകയോ ചെയ്യാറില്ല. ഭയങ്കരമായ ഇടിമിന്നലും പേമാരിയും കത്തുന്ന വേനൽ സൂര്യന്റെ കൊടും താപവും പുരാതന മനുഷ്യനെഎവിടെയെങ്കിലും സുരക്ഷിതസ്ഥാനം തേടാനോ അല്ലെങ്കിൽ എന്തെങ്കിലും രക്ഷാസംവിധാനങ്ങൾ ചെയ്യാനോ പ്രേരിപ്പിക്കുകയാണ് ചെയ്യാറ്. ശക്തമായ ഇടിമിന്നൽ നടക്കുന്ന അവസരത്തിൽ അഭയത്തിനായി ഇടം തേടുന്നതിന് പകരം ആദിമ മനുഷ്യൻ ഗുഹയിൽ നിന്നു ചാടി പുറത്ത് വന്ന് സാഷ്ടാംഗ പ്രണാമം ചെയ്തിരുന്നുവെന്ന് ഒരു സോഷ്യോളജിസ്റ്റിന് യഥാർത്ഥത്തിൽ വിശ്വസിക്കാനാവുമോ? സൂര്യാരാധനയും നക്ഷത്രാരാധനയും യാതൊരു വിധത്തിലും തന്നെ ഭീതിയിൽ നിന്നോ അത്യാഗ്രഹത്തിൽ നിന്നോ ക്രമേണ രൂപം കൊണ്ട ആരാധനാ രീതിയല്ല. ചെറിയ ഭൗമിക വസ്തുക്കളിൽ നിന്നു കാലക്രമേണ പരിണമിച്ചാണ് കൂടുതൽ ഉന്നതവും ഭാവാത്മകവുമായ അസ്തിത്വവുമായി ബന്ധപ്പെട്ട ആരാധനകളിലേക്ക് മനുഷ്യനെ നയിച്ചത് എന്നതിന് യാതൊരു തെളിവുമില്ല.

സോഷ്യോളജിസ്റ്റുകൾ അവരുടെ സാങ്കൽപിക സിദ്ധാന്തം തെളിയിക്കാൻ യാതൊരു ശാസ്ത്രീയ മാർഗ്ഗവും അവലംബിക്കാതെ പരിണാമത്തെക്കുറിച്ച് വെറുതെ വാചകമടിക്കുകയാണ്. ശാസ്ത്രജ്ഞൻമാർ ജീവിപരിണാമത്തെക്കുറിച്ച് പറയുമ്പോൾ അവർ കോടിക്കണക്കിന് വർഷത്തെ പരിണാമ രൂപരേഖ പരിശോധിച്ച് ഘട്ടം ഘട്ടമായുള്ള ജീവന്റെ വ്യക്തമായ വളർച്ച വിവരിക്കുന്നു. അപ്രകാരം ദൈവത്തെ സംബന്ധിച്ച ഭാവന രൂപപ്പെട്ടുവന്ന പരിണാമപ്രക്രിയയുടെ ഒരു തെളിവെങ്കിലും സമർപ്പിക്കാൻ അവർക്ക് കഴിയുമോ? അന്ധവിശ്വാസികളും ബിംബാരാധകരുമായ ഏത് സമൂഹമാണ് ഏക ദൈവ വിശ്വാസികളായി പരിണമിച്ചത്? ഒരിക്കലും അത് സംഭവിച്ചിട്ടില്ല.

എന്നിട്ടും സോഷ്യോളജിസ്റ്റുകൾ ശഠിച്ചു പറയുന്നത് മനുഷ്യനിലെ അവികസിതമായ ഗ്രഹണശേഷിയാണ് ദൈവത്തെ സൃഷ്ടിക്കുന്നതിൽ കലാശിച്ചതെന്ന്. മുകളിൽ പ്രസ്താവിച്ചത് പോലെ അറിയാത്തതിനെ സംബന്ധിച്ച ഭീതി ദൈവരൂപങ്ങളെ സൃഷ്ടിക്കുന്നതിൽ പങ്കുവഹിച്ചിട്ടുണ്ടെന്ന് അവർ ദുശ്ശാഠ്യത്തോടെ കടിച്ചുതൂങ്ങി വിശ്വസിക്കുന്നു. അജ്ഞത അതിന്റെ വിളയാട്ടം നടത്തിയെന്നാണ് അവർ പറയുന്നത്. മനുഷ്യൻ അവന്റെ അജ്ഞത കാരണം മനസിലാക്കാൻ കഴിയാതെ മറഞ്ഞു കിടന്നിരുന്ന വിപത്തുകളെ ബഹുമാനിക്കാൻ ആരംഭിച്ചു. പുരാതന മനുഷ്യൻ സർപ്പം, തേൾ, കാട്ടുപൂച്ച, നരി, സിംഹം, മുതലായവയെ ആരാധിക്കാൻ തുടങ്ങി. ഭൂമികുലുക്കം ഭൂമിയെ വിറപ്പിച്ചു, ഇടിമിന്നൽ മരങ്ങളെ നെടുകെ പിളർത്തി, കൊടുങ്കാറ്റ് നിർദയമായും വന്യമായും അടിച്ചു വീശി; അങ്ങനെ ദൈവത്തിന്റെ ആശയം ഉടലെടുത്തു പോലും! മനുഷ്യന്റെ ഹൃദയത്തിൽ ഭീതി ആഞ്ഞു പതിച്ചപ്പോൾ പ്രകൃതി പ്രതിഭാസങ്ങളെ ആരാധിക്കുന്നതിൽ നിന്ന് ഭൗതിക വസ്തുക്കളെ ആരാധിക്കുന്ന നിലയിലേക്ക് അവൻ പുരോഗമിച്ചു. ക്രമേണ അജൈവവസ്തുക്കളെ ആരാധിക്കുന്നതിൽ നിന്ന് ജീവികളെ ആരാധിക്കുന്നതിലേക്ക് അത് പുരോഗമിച്ചു. തേൾ, സർപ്പം മുതലായവയെ ആരാധിക്കുന്നതിൽ നിന്ന് പൂച്ചയേയും മറ്റ് കാട്ടു മൃഗങ്ങളേയും ആരാധിക്കുന്നതിലേക്ക് അത് ഗതിമാറി. കുരങ്ങൻമാർ വരെ ദൈവങ്ങളായി മാറി. മിന്നൽ പിണറിന്റെ ഉന്നതമായ ഉത്ഭവ കേന്ദ്രം അവർക്ക് എത്തിപ്പിടിക്കാനായില്ല. അവരെ സൃഷ്ടിച്ച പ്രകൃതിശക്തികൾ എന്താണെന്ന് അവർക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, അവയെല്ലാം അവർ ഒരുപോലെ ഭയപ്പെട്ടു.

---

പ്രാകൃത സമൂഹങ്ങളിലെ വിശ്വാസങ്ങളും ലോകത്തിലെ വെളിപാട് മതങ്ങളിലെ വിശ്വാസങ്ങളും തമ്മിലുള്ള അന്തരം വിവേചിച്ചറിയുന്നതിൽ സോഷ്യോളജിസ്റ്റുകൾ പരാജയപ്പെട്ടു. പൗരാണിക പരമ്പരാഗത പ്രാകൃത വിശ്വാസങ്ങളിലെല്ലാം കാണുന്ന മുഖ്യതന്ത്രിയും സഹതന്ത്രികളും വെളിച്ചപ്പാടുകളും എല്ലാം തന്നെ വെളിപാടുകളുടെ അടിസ്ഥാനത്തിലുള്ള ഒരു പുതിയ ജീവിത സംഹിത ലഭിച്ചതായി അവകാശപ്പെടുന്നില്ല. അതുപോലെ ഇക്കൂട്ടരുടെ ദൈവിക മാധ്യമം എന്ന ആധികാരികത സമൂഹത്തിൽ ആരാലും ചോദ്യം ചെയ്യപ്പെടുന്നില്ല. കാരണം അവരുടെ ആ സ്ഥാനം പൂർവ്വികരിൽ നിന്ന് പരമ്പരാഗതമായി ലഭിച്ചതാണ്. അത് സമൂഹം അതേപടി അംഗീകരിക്കുകയാണ് ചെയ്തത്. അവർ തങ്ങളുടെ ദൈവമാധ്യമം എന്ന അവകാശവാദത്തിന് തെളിവിനായി ദിവ്യദൃഷ്ടാന്തങ്ങൾ കാണിക്കാൻ ഒരിക്കലും വെല്ലുവിളിക്കപ്പെട്ടിട്ടില്ല എന്നു മാത്രമല്ല തങ്ങൾക്കനുകൂലമായി ചെപ്പടി വിദ്യകൾ കാണിക്കുന്നതിന് അവർ സ്വതന്ത്രരുമായിരുന്നു. അതിൽ കൂടുതലായി എന്തും എളുപ്പത്തിൽ വിശ്വസിക്കുന്ന ദുർബല വിശ്വാസികൾ, ഈ സിദ്ധൻമാർക്കുണ്ടെന്ന് പറയപ്പെടുന്ന ദൈവത്തെ പ്രാപിക്കാനുള്ള കഴിവുകളിൽ ആകൃഷ്ടരാണ്. ഇത് അവരുടെ കൗശലമല്ലാതെ മറ്റൊന്നുമല്ലതാനും. വ്യാജദൈവങ്ങൾ വ്യാജവാദികളാൽ പിന്തുണക്കപ്പെടുകയാണ് ചെയ്യുന്നത്.

മേഘത്തിരശ്ശീലയുടെ പിന്നിലിരിക്കുന്ന ചില ഭയാനകങ്ങളായ ദൈവങ്ങളുടെ ക്രോധത്തിന്റെ പ്രകടനങ്ങളാണ് പ്രകൃതിയിലെ ശക്തിമത്തായ എല്ലാ പ്രതിഭാസങ്ങളും എന്നവർ കരുതിയിരുന്നിരിക്കണം. ആയതിനാൽ അവരുടെ പ്രാകൃത മനസ്സ് അന്ധവിശ്വാസങ്ങൾ നെയ്തെടുക്കാൻ ആരംഭിച്ചു. ക്രുദ്ധരായ ദൈവത്തെ പ്രീതിപ്പെടുത്താനും ചുരുങ്ങിയത് അവരുടെ കോപത്തിൽ നിന്ന് രക്ഷനേടാനും ആദിമമനുഷ്യൻ ധാർമികാദ്ധ്യാപനങ്ങളും സ്വഭാവ സംഹിതകളും കണ്ടുപിടിച്ചു.ആരാധനാലയങ്ങൾ പണിതു. ബലികൾ അർപ്പിച്ചു. നന്മതിന്മകളെപ്പറ്റിയുള്ള ആശയങ്ങൾ രൂപം കൊണ്ടു. നിരവധി ആചാരങ്ങളും ചടങ്ങുകളും ഉത്ഭവിച്ചു. അവസാനം വേദഗ്രന്ഥങ്ങളും ആവിർഭവിച്ചു. തീർച്ചയായും ആദിമ മനുഷ്യരുടെ പ്രാകൃതമായ ധാരണകൾക്ക് അത്യന്തം അതിരു കവിഞ്ഞ സ്തുതിയാണ് ഇവിടെ സോഷ്യോളജിസ്റ്റുകൾ നൽകിയിരിക്കുന്നത്. ഈ സ്തുതി കൂടുതൽ യോജിക്കുക പ്രാകൃതമായ ധാരണകൾ പുലർത്തിയ ആദിമ മനുഷ്യന്റെ പേരിൽ ഇത്തരം ആകാശക്കോട്ടകൾ പണിതുകൂട്ടിയ സോഷ്യോളജിസ്റ്റുകളുടെ ബുദ്ധി വൈഭവത്തിനാണ്.

പ്രാകൃത സമൂഹങ്ങളിലെ വിശ്വാസങ്ങളും ലോകത്തിലെ വെളിപാട് മതങ്ങളിലെ വിശ്വാസങ്ങളും തമ്മിലുള്ള അന്തരം വിവേചിച്ചറിയുന്നതിൽ സോഷ്യോളജിസ്റ്റുകൾ പരാജയപ്പെട്ടു. പൗരാണിക പരമ്പരാഗത പ്രാകൃത വിശ്വാസങ്ങളിലെല്ലാം കാണുന്ന മുഖ്യതന്ത്രിയും സഹതന്ത്രികളും വെളിച്ചപ്പാടുകളും എല്ലാം തന്നെ വെളിപാടുകളുടെ അടിസ്ഥാനത്തിലുള്ള ഒരു പുതിയ ജീവിത സംഹിത ലഭിച്ചതായി അവകാശപ്പെടുന്നില്ല. അതുപോലെ ഇക്കൂട്ടരുടെ ദൈവിക മാധ്യമം എന്ന ആധികാരികത സമൂഹത്തിൽ ആരാലും ചോദ്യം ചെയ്യപ്പെടുന്നില്ല. കാരണം അവരുടെ ആസ്ഥാനം പൂർവ്വികരിൽ നിന്ന് പരമ്പരാഗതമായി ലഭിച്ചതാണ്. അത് സമൂഹം അതേപടി അംഗീകരിക്കുകയാണ് ചെയ്തത്. അവർ തങ്ങളുടെ ദൈവമാധ്യമം എന്ന അവകാശവാദത്തിന് തെളിവിനായി ദിവ്യദൃഷ്ടാന്തങ്ങൾ കാണിക്കാൻ ഒരിക്കലും വെല്ലുവിളിക്കപ്പെട്ടിട്ടില്ല എന്നു മാത്രമല്ല തങ്ങൾക്കനുകൂലമായി ചെപ്പടി വിദ്യകൾ കാണിക്കുന്നതിന് അവർ സ്വതന്ത്രരുമായിരുന്നു. അതിൽ കൂടുതലായി എന്തും എളുപ്പത്തിൽ വിശ്വസിക്കുന്ന ദുർബല വിശ്വാസികൾ, ഈ സിദ്ധൻമാർക്കുണ്ടെന്ന് പറയപ്പെടുന്ന ദൈവത്തെ പ്രാപിക്കാനുള്ള കഴിവുകളിൽ ആകൃഷ്ടരാണ്. ഇത് അവരുടെ കൗശലമല്ലാതെ മറ്റൊന്നുമല്ല താനും. വ്യാജദൈവങ്ങൾ വ്യാജവാദികളാൽ പിന്തുണക്കപ്പെടുകയാണ് ചെയ്യുന്നത്.

മേൽ പറഞ്ഞ രീതിയിലുള്ള സിദ്ധൻമാരും ലോകത്തിലെ മഹത്തായ മതങ്ങളുടെ സ്ഥാപകൻമാരും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കാൻ താഴെപറയുന്ന വസ്തുതകൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. ആ പ്രത്യേകതകൾ ഇപ്രകാരമാണ്.

1. വിഗ്രഹാരാധകരായ പുരോഹിതൻമാർ സ്ഥാപനവത്കൃതമായ ഒരു ആരാധനാലയത്തിന്നുള്ളിലെ അംഗീകരിക്കപ്പെട്ട ആളായിരിക്കും.

2. പഴയ മതവ്യവസ്ഥയുമായി വിവാദത്തിലേർപെടുകയോ അതിന്റെ പ്രാബല്യത്തെ ചോദ്യം ചെയ്യുന്നതോ ആയ ഒരു മതസിദ്ധാന്തവും അവർ ആവിഷ്ക്കരിച്ചിട്ടില്ല. സമൂഹത്തിന്റെ മൂല്യങ്ങളും സ്വഭാവങ്ങളും മാറ്റുവാൻ അവർ ശ്രമിക്കാറില്ല. അവർ ചെയ്യുന്നത് പഴയ വിശ്വാസങ്ങളേയും ആചാരങ്ങളേയും നിലനിറുത്തുകയാണ്. ഒരിക്കലും തന്നെ ജനകീയവും വ്യാപകവുമായ അന്ധവിശ്വാസങ്ങളേയും മിഥ്യാവിശ്വാസങ്ങളേയും അവർ എതിർക്കുന്നില്ല.

3. അവർ നിലവിലുള്ള രാഷ്ട്രീയ സംവിധാനത്തെ മിക്കവാറും അംഗീകരിക്കുന്നു. ഭരണാധികാരിയുടെ മതവിശ്വാസത്തെ ഒരിക്കലും ചോദ്യം ചെയ്യുന്നില്ല. എന്നിരുന്നാലും ചില രാജാക്കൻമാർക്കെതിരിൽ അക്കാലത്തെ മതനേതാക്കൻമാർ കലാപമഴിച്ചു വിടുന്നതായി കണ്ടെന്നു വരാം. ഇത് മതകാര്യങ്ങളിൽ രാജാക്കൻമാർ പരിധി കവിഞ്ഞ് ഇടപെടുന്നത് കൊണ്ടാണെന്ന് കാണാം. ചിലപ്പോൾ മതനേതാക്കൻമാരുടെ രാഷ്ട്രീയ വ്യാമോഹങ്ങൾ കൊണ്ടാണെന്നും വരാം. എങ്കിലും ഇതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണ്. കളങ്കങ്ങൾ നിറഞ്ഞ വിഗ്രഹാരാധകരുടെ നേതൃത്വം, അധികാരത്തിന്റെ ശക്തമായ തറയിൽ വേരോട്ടമുള്ള ജനങ്ങൾക്കിടയിലെ വ്യാപകമായ മിത്തുകളേയും തത്ത്വങ്ങളേയും താങ്ങി നിറുത്തുന്നവരായിട്ടാണ് സാർവ്വത്രികമായി കാണപ്പെടുന്നത്.

ദൈവത്തിന്റെ ഏകത്വം ഉയർത്തിപ്പിടിച്ച ജൂത, ക്രൈസ് തവ, ഇസ്‌ലാം, സൊറോസ്ട്ര മതങ്ങളുടെ സ്ഥാപകരുടെ ചരിത്രം ഇതിൽ നിന്ന് അടിസ്ഥാന പരമായി എത്രയോ വ്യത്യസ്തമാണ്. മോസസ്(അ), ജീസസ്(അ), മുഹമ്മദ്(സ) എന്നിവരുടെയും അതുപോലെ ദൈവത്താൽ അയക്കപ്പെട്ട മറ്റു പ്രവാചകൻമാരുടെയും ജീവിതം നാം പരിശോധിക്കുകയാണെങ്കിൽ അവരാരും തന്നെ അക്കാലത്തെ വ്യവസ്ഥാപിതവും ജനകീയവുമായ മതസംവിധാനത്തെ പ്രതിനിധാനം ചെയ്തിരുന്നില്ല. അവരുടേത് വിപ്ലവത്തിന്റെ ഒറ്റപ്പെട്ട ശബ്ദമായിരുന്നു. അവരുടെ വാദങ്ങൾ മുഴുവനും തന്നെ ദിവ്യവെളിപാടുകളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. അവരാകട്ടെ പുതിയൊരു ജീവിത വഴി ആവശ്യപ്പെടുന്ന ഒരു പുത്തൻ തത്ത്വശാസ്ത്രത്തിന്റെ വക്താക്കളായിരുന്നു. നിലവിലുള്ള ആചാരത്തിനും നാട്ടുനടപ്പുകൾക്കും വിഭിന്നമായ മൂല്യങ്ങളാണ് അവർ പ്രബോധിച്ചിരുന്നത്. അവർ ഒരു

നവലോകക്രമത്തിന്റെ മുന്നൊരുക്കക്കാരായിട്ടായിരിക്കും എപ്പോഴും തന്നെ പ്രത്യക്ഷപ്പെടുക. നിലവിലുള്ള മതത്തിന്റെ അധികാരികളെ അവർ വെല്ലുവിളിക്കാനാഗ്രഹിക്കുകയും ചെയ്യുന്നു. അക്കാലത്തെ പ്രബലമായ മതങ്ങളിൽ ഭിന്നിപ്പുണ്ടാവുകയും അത് പല ഭാഗങ്ങളും ചേരികളുമായി പിരിയുകയും ചെയ്യുന്നു. അജ്ഞരായ സാധാരണക്കാരുടെ ഭൂരിപക്ഷത്തെ തങ്ങളുടെ വരുതിയിലാക്കാൻ അവർ പരസ്പരം പോരടിക്കുന്ന ഒരു കാലഘട്ടത്തിലായിരിക്കും ഈ ദൈവദൂതൻമാർ പ്രത്യക്ഷപ്പെടുക. അത്തരം ഒരു കാലഘട്ടത്തിലാണ് മേൽ പറഞ്ഞ രൂപത്തിലുള്ള ദൈവിക സന്ദേശവാഹകർ ആവിർഭവിക്കുക. ഇതിന്റെ ഫലമായി അദ്ദേഹത്തിന്റെ എതിരാളികൾ കൃത്രിമമായ ഒരു ഐക്യനിര സൃഷ്ടിക്കുന്നു. തൽക്കാലത്തേക്ക് അവർ തമ്മിലുള്ള ഭിന്നിപ്പ് മറക്കുകയും പുതുതായി വന്ന ആത്മീയ സംവിധാനത്തിനെതിരെ അവരുടെ ശക്തികൾ സമാഹരിച്ചുകൊണ്ട് ഒരു വമ്പിച്ച പ്രതിരോധനിര കെട്ടിപ്പടുക്കുകയും ചെയ്യുന്നു. അങ്ങനെ കഠിനമായ എതിർപ്പ് പ്രകടിപ്പിക്കുന്ന ഒരു ഐക്യമുന്നണി രൂപപ്പെടും. ദൈവദൂതന് മനുഷ്യരുടെ ഭാഗത്ത് നിന്ന് യാതൊരു സഹായവും ലഭ്യമാകുന്നില്ല. സാധാരണക്കാരായ ജനങ്ങളുടെയോ അധികാരിവർഗ്ഗത്തിന്റെയോ പിന്തുണ അദ്ദേഹത്തിന് കിട്ടുന്നില്ല. അദ്ദേഹം ഒരു രാഷ്ട്രീയ ശക്തിയുടെയും സംപ്രീതനായിരിക്കയില്ല. അദ്ദേഹം ഏകനായി ഉപേക്ഷിക്കപ്പെട്ടവനും, പരിത്യക്തനും നിരാകരിക്കപ്പെട്ടവനുമായിരിക്കും.

അന്ധവിശ്വാസങ്ങളുടെ വന്യമായ പ്രവണതയോടെ വളർന്നു വികസിക്കുന്ന മലിനപൂരിതമായ സമൂഹങ്ങളിലാണ് അത്തരം മഹാന്മാരായ മനുഷ്യർ ഉയർന്നു വരുന്നത്. നവലോകക്രമത്തിന്റെ ഈ മാർഗ്ഗദർശകന്മാർ ഏകദൈവത്തിന്റെ സിദ്ധാന്തം പ്രബോധിക്കുകയും എല്ലാ രൂപങ്ങളിലുമുള്ള വിഗ്രഹാരാധനയേയും വിപാടനം ചെയ്യുകയും ചെയ്തവരായിരുന്നു. ദൈവദൂതൻമാരുടെ ശത്രുക്കളുടെ ഐക്യം എന്ത് തന്നെയായിരുന്നാലും അത് അവരിൽ തന്നെ വ്യാജത്വം സൃഷ്ടിക്കുന്നു. അത് പ്രവാചകൻമാർക്കെതിരായ കൃത്രിമമായ ഐക്യം മാത്രമാണ്. അവർ മുമ്പേയെന്നപോലെ തന്നെ അഗാധമായ ഭിന്നിപ്പിൽ തന്നെയാണ്. ദൈവത്തിന്റെ ഏകത്വം ഉയർത്തിപ്പിടിക്കുന്നവർ വ്യാജവാദികളാണെങ്കിൽ അവരുടെത് ഒരു അസാധ്യമായ ദൗത്യമായിരിക്കും. ഒരു വ്യാജവാദിക്കും തന്റെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞിരിക്കുന്ന ലക്ഷ്യത്തിനു വേണ്ടി സുസ്ഥിരമായ ദൃഢചിത്തതയോടെ നിൽക്കുവാൻ സാധ്യമല്ല. എന്നാൽ പ്രവാചകൻമാരുടെ വിശ്വാസം ദൈവത്തിന്റെ യാഥാർത്ഥ്യത്തിനുമേൽ അത്യഗാധമായി കെട്ടിപ്പടുത്തതാണ്. അല്ലാത്തപക്ഷം അവർ നശിപ്പിക്കപ്പെടുകയോ അവരുടെ അസ്തിത്വം തന്നെ തുടച്ചു നീക്കപ്പെടുകയോ ചെയ്യപ്പെടുമായിരുന്നു. ദൈവം ഇല്ലായിരുന്നുവെങ്കിൽ ഒരു ഭ്രാന്തനെ പോലെ ദൈവദൂതൻമാർ സമൂഹത്താൽ നിരാകരിക്കപ്പെടുമായിരുന്നു. മൂന്നാമതൊരു വിധി ഇക്കാര്യത്തിലുണ്ടാകുമായിരുന്നില്ല. അവർ ഭ്രാന്തന്മാരല്ലെങ്കിൽ അവരുടെ വിശ്വാസങ്ങളിൽ ഇത്രയും ദൃഢമാനസരായി സർവ്വവും ത്യജിച്ച് നിഷ്ഫലവും അയഥാർത്ഥവുമായ ഒരു കാര്യത്തിന് വേണ്ടി എങ്ങനെ അവർക്ക് പിടിച്ചു നിൽക്കാൻ കഴിയും? അവരെ ഭ്രാന്തൻമാരാണെന്ന് പറഞ്ഞ് എഴുതിത്തള്ളാനാവുമോ? മാനസികഭ്രമം ഉള്ളവരുടെ അസ്ഥിരബുദ്ധി അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാടിക്കൊണ്ടിരിക്കും. പ്രവാചകൻമാരുടെ നേരെ അദ്ദേഹത്തിന്റെ കാൽപാദങ്ങളിലെ ഭൂമി നഷ്ടപ്പെടുമാറ് സമൂഹം അതിഭീകരമായി പ്രതികരിക്കുന്നു. പാവപ്പെട്ടവരോ പണക്കാരോ ആയ യാതൊരു മനുഷ്യന്റെ പിന്തുണയും അവർക്ക് ലഭിക്കുന്നില്ല. ശക്തൻമാരിൽ നിന്നോ അശക്തൻമാരിൽ നിന്നോ സമൂഹത്തിന്റെ രൂക്ഷമായ എതിർപ്പിനെതിരെ ചെറുസഹായം പോലും പ്രവാചകൻമാർക്ക് ലഭിക്കുന്നില്ല. അവരുടെ സന്ദേശത്തിന്റെ മഹത്ത്വവും സ്വഭാവത്തിന്റെ വൈശിഷ്ട്യവും കഠിനമായ ആകുലാവസ്ഥയും അന്തിമ വിജയത്തെക്കുറിച്ചുള്ള അചഞ്ചലമായ വിശ്വാസവും എല്ലാം തന്നെ അവരുടെ സത്യത്തിന്റെ സാക്ഷ്യങ്ങളാകുന്നു.

അവരുടേത് ആത്യന്തികമായ ത്യാഗത്തിന്റെ കഥയാണ്. അത്യാർത്തിയുടേതല്ല. അവരുടെ ഉദാത്തലക്ഷ്യത്തിനു വേണ്ടി അവർ നേടിയതെല്ലാം നഷ്ടപ്പെടുത്തി. അവർ മാത്രമല്ല അവരുടെ അനുയായികളായി അനുസ്യൂതം ചേർന്നു കൊണ്ടിരിക്കുന്നവർ എല്ലാ പ്രയാസങ്ങളേയും അതിജീവിച്ചു കൊണ്ട് പരമമായ ത്യാഗത്തിന്റെ അതേപാത തന്നെ പിന്തുടരുന്നു. ആക്ഷേപിച്ചുകൊണ്ടു ചൂണ്ടിയ വിരലുകളൊന്നും തന്നെ അത്തരം ആളുകളെ നിരുത്സാഹപ്പെടുത്തിയില്ല.

മനുഷ്യന്റെ അജ്ഞതയിൽ നിന്ന് വ്യാജദൈവങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന ഈ സിദ്ധാന്തം മനുഷ്യചരിത്രത്തിലെ അജ്ഞതയും അപക്വതയും മുറ്റി നിൽക്കുന്ന ചില പ്രത്യേക സന്ദർഭങ്ങളിൽ ഭാഗികമായി ശരിയായിരിക്കാം. അജ്ഞരായ സാധാരണക്കാരെ മതപുരോഹിതൻമാർ ചൂഷണം ചെയ്യുന്നത് നിഷേധിക്കപ്പെടാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമാണ്. പക്ഷേ, ഈ പ്രക്രിയ ആശയങ്ങളുടെ ക്രമികമായ പരിണാമത്തെ സൃഷ്ടിച്ചുവെന്നും അത് അവസാനം ഏകദൈവ വിശ്വാസത്തിലെത്തിച്ചു എന്ന അഭിപ്രായവും ഞങ്ങൾ തള്ളിക്കളയുന്നു. വിഗ്രഹാരാധകരുടെ അന്ധവിശ്വാസങ്ങൾ പരിണമിച്ചാണ് ഏകദൈവാരാധന ഉണ്ടായത് എന്ന വാദം ചരിത്ര വസ്തുതകളുടെ പിൻബലമില്ലാത്തതാണ്. അത്

ശേഷം പേജ് 29 ൽ

# എസ്സീൻ സാഹോദര്യ കൂട്ടായ്മയും വിശുദ്ധ ഖുർആനും

തന്റെ ദിവ്യദൗത്യകാലത്ത് മനുഷ്യൻ കിടിലംകൊണ്ടു പോകുന്ന സ്തോഭജനകമായ പീഢനങ്ങളും പരീക്ഷണങ്ങളും ദൈവത്തിന് വേണ്ടി ഏറ്റുവാങ്ങിയ മഹാനായ പ്രവാചകനാണ് യേശു. ആ സന്ദർഭങ്ങളിലെല്ലാം യേശുവിന് സഹായം നൽകിയതും പിന്തുണച്ചതും നിസ്വരും സാത്വികരുമായ ഹവാരിയ്യീങ്ങൾ എന്ന് വിളിക്കപ്പെടുന്ന എസ്സീനികളാണ്. ആധുനിക പുരാവസ്തു പഠനങ്ങൾ അതിലേക്ക് വെളിച്ചം വീശുന്നു. യേശുവിനെ ഒറ്റിക്കൊടുത്തവരേയും തള്ളിപറഞ്ഞവരേയും ശിഷ്യന്മാരായി വിവരിച്ച ബൈബിളിൽ അവരെക്കുറിച്ച് പരാമർശമില്ല. പക്ഷേ വിശുദ്ധ ഖുർആൻ യേശുശിഷ്യന്മാരുടെ ആ വിശുദ്ധ സംഘത്തെ മറന്നില്ല. വിശുദ്ധ ഖുർആൻ അവരെക്കുറിച്ച് ആദര പൂർവ്വം രേഖപ്പെടുത്തുന്നു.

എ. എം. മുഹമ്മദ് സലീം

യേശുവിന്റെ കാലത്തെ സാമൂഹിക ജീവിതത്തെ കുറിച്ച് മിഴിവും തെളിവുമുള്ള ഒരു രേഖചരിത്രം നമുക്ക് ലഭ്യമല്ല. സന്നിഗ്ദതകൾ നിറഞ്ഞ ഒരു കുഞ്ഞു ചിത്രമേ നമുക്ക് ലഭിക്കുന്നുള്ളൂ. അക്കാലത്ത് ജൂതന്മാർ മൂന്ന് വിഭാഗങ്ങളായിരുന്നു എന്നാണ് പരീശ്യർ (Pharisees) സദൂക്യർ (Sadducees) എസ്സീനികൾ (Essenes) എന്നിവരായിരുന്നു അവർ. പരീശ്യരെ കുറിച്ചും സദൂക്യരെ കുറിച്ചും ബൈബിളിൽ പരാമർശമുണ്ട്. എന്നാൽ എസ്സീനികളെ കുറിച്ച് ബൈബിൾ മൗനം പാലിക്കുകയാണ്. ക്രിസ്തുവിന് ശേഷമുള്ള ഒന്നാം നൂറ്റാണ്ടിലെ ജൂത ചരിത്രകാരനായ ജോസഫസ്, ഫിലോ, പ്ലിനി എന്നിവരുടെ കൃതികളിൽ മാത്രമായിരുന്നു എസ്സീനികളെ കുറിച്ചുള്ള പരാമർശ



ചാവുകടൽ ചുരുളുകൾ (Dead sea scrolls)

മുണ്ടായിരുന്നത്. 1947ൽ ചാവുകടൽ തീരത്ത് ആടിനെ മേച്ചു നടന്നിരുന്ന രണ്ട് ആട്ടിടയ ബാലന്മാർ ചാവുകടലിന്ന് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഖുംറാൻ താഴ്‌വരയിലെ ഒരു ഗുഹയിൽ വളരെ യാദൃശ്ചികമായി മൺഭരണിയിലടച്ച തോൽ ചുരുളുകൾ കണ്ടെത്തുകയുണ്ടായി. അതിന്റെ ചരിത്ര മൂല്യവും മതപരമായ പ്രാധാന്യവും അറിയാത്ത ഇടയബാലന്മാരിൽ നിന്നും പല കൈകളിലൂടെ മാറിമറിഞ്ഞാണ് പണ്ഡിത ഗവേഷകരുടെ കൈകളിൽ ഈ ചുരുളുകൾ എത്തിചേരുന്നത്. ചാവുകടൽ ചുരുളുകൾ എന്നാണ് ഇത് അറിയപ്പെടുന്നത്.

ക്രിസ്തു വർഷാരംഭത്തിന് മുമ്പ് 300 വർഷത്തിനും ക്രിസ്തു വർഷത്തിന് ശേഷം 70നും ഇടക്കാണ് ചുരുളുകൾ രചിക്കപ്പെട്ടത് എന്ന് കാർബൺ കാല നിർണ്ണയത്തിലും മറ്റു ചരിത്ര പഠനങ്ങളിലും

സ്ഥാപിക്കപ്പെട്ടതാണ്. ക്രിസ്തുവിന്റെ കാലത്ത് എഴുതപ്പെട്ട ഈ തോൽചുരുളുകളുടെ ചരിത്ര പ്രാധാന്യം ഊഹാതീതമായിരുന്നു. ക്രിസ്തുവിന്റെ ചരിത്രവും ബൈബിൾ പാഠങ്ങളും മാറ്റിത്തിരുത്താൻ സ്ഫോടക ശേഷിയുള്ള അതി പ്രധാനമായ ചരിത്രരേഖകളായിരുന്നു ആ മൺ ഭരണിയിൽ സൂക്ഷിക്കപ്പെട്ടത്. നിർഭാഗ്യകരമെന്ന് പറയട്ടെ ആ അമൂല്യ ചരിത്രരേഖകൾ ക്രിസ്ത്യാനികളുടേയും യഹൂദരുടേയും അധീനതയിലാണുള്ളത്. അത്കൊണ്ട് തന്നെ അവരുടെ സ്ഥാപിതമായ മതതാൽപര്യങ്ങൾക്ക് വിരുദ്ധമായതിനാലായിരിക്കാം ചുരുളുകളുടെ വളരെ ചെറിയൊരു ഭാഗം മാത്രമേ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളു. അതും വളരെ സാവകാശത്തിലാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ഈ രേഖകളിൽ എസ്സീനികളെ കുറിച്ച് വിശദമായ പരാമർശങ്ങളുണ്ടെന്ന് പറയപ്പെടുന്നു. ഈ രേഖകളുടെ കർത്താക്കളും അവർ തന്നെ.

പരിഛേദനയുൾപ്പെടെ വളരെ കണിശതയോടെയുള്ള യഹൂദ നിയമങ്ങൾ പാലിക്കുകയും കർശനമായ സന്മാർഗ്ഗ നിഷ്ഠയും പരിശുദ്ധ ജീവിതവും നയിച്ചിരുന്ന എസ്സീനികൾ ഏകാന്ത വിരക്ത ജീവിതമായിരുന്നു ഇഷ്ടപ്പെട്ടിരുന്നത്. അനേകം സവിശേഷതകൾ ഉണ്ടായിരുന്ന എസ്സീനികൾ കടുത്ത ഏക ദൈവ വിശ്വാസികളായിരുന്നു. യേശുവും യോഹാന്നൻ സ്നാപകനും എസ്സീനികൾ പ്പെട്ടവരായിരുന്നു. പരീശ്യരെയും സദൂക്യരെയും കഠിനമായി ആക്ഷേപിക്കുന്ന യേശു എന്തുകൊണ്ട് എസ്സീനികളെ ഒഴിവാക്കി എന്നതിനെ കുറിച്ച് ചില ബൈബിൾ പണ്ഡിതന്മാർ പുതിയ ചർച്ചക്ക് തുടക്കം കുറിച്ചിട്ടുണ്ട്. യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തിയിരുന്ന എസ്സീനികളെ ബൈബിൾ സമാഹർത്താക്കൾ പിൽക്കാലത്ത് ഒഴിവാക്കിയത് അർത്ഥഗർഭമാണ്.

## എസ്സീനികളെ കുറിച്ച് ചരിത്രകാരന്മാർ

എസ്സീനി സമൂഹത്തെ കുറിച്ച് ഖുംറാൻ രേഖകൾ ലഭ്യമാവുന്നതിന്ന് മുമ്പ് ഉണ്ടായിരുന്ന അറിവ് ഒന്നാം നൂറ്റാണ്ടിലെ ജൂതചരിത്രകാരനായ ജോസഫസ്, പ്ലിനി ഫിലോ എന്നിവരുടെ കൃതികളിൽ നിന്ന് മാത്രമാണ് ലഭിക്കുക. ഫിലോ (ബി. സി 20) എഴുതിയ (Qudos Omnis Probos Liber)നെന്ന പ്രബന്ധത്തിൽ അവരുടെ ജന സംഖ്യ 4000 എന്ന് പറഞ്ഞിട്ടുണ്ട്. മറ്റു വിവരങ്ങൾ ഇപ്രകാരമാണ്.

അവരുടെ ജീവിത വിശുദ്ധി മൂലം ആണ് ഈ പേർ ലഭിച്ചത്. ഏക ദൈവത്തെ ആരാധിച്ചിരുന്നു. വെള്ള വസ്ത്രമായിരുന്നു അവർ ധരിച്ചിരുന്നത്. മൃഗബലി അർപ്പിച്ചിരുന്നു. നഗരങ്ങളിൽ നിന്ന് അകന്ന് ജീവിച്ചു. കർഷക വൃത്തിയിലും മറ്റും ഏർപ്പെട്ടിരുന്നു. എങ്കിലും ധനം സമ്പാദിച്ചിരുന്നില്ല. യഹൂദ മര്യാദകൾ കർശനമായി പാലിച്ചു. സമൂഹമായി ജീവിച്ചു ആരും ഒന്നും സ്വന്തമായി കരുതിയില്ല. വരവും ചെലവും വസ്ത്രവും എല്ലാം പൊതുവായിരുന്നു. മൂന്നാം നൂറ്റാണ്ടിൽ ഫലസ്തീനിൽ ജീവിച്ച ക്രൈസ്തവ പുരോഹിതനും ചരിത്രകാരനുമായ എവുസേബിയസ് ഫിലോയുടെ മറ്റൊരു പ്രബന്ധം ഉദ്ദരിച്ചു കൊണ്ട് എസ്സീനികൾ ബ്രഹ്മചാരികളായിരുന്നു എന്ന് പറയുന്നുണ്ട്. കൃഷി, അജപാലനം, തേനീച്ച വളർത്തൽ, ആശാരിപ്പണി ഇവയായിരുന്നു തൊഴിലുകൾ എന്ന് എവുസേബിയസ് ഉദ്ധരിക്കുന്ന രേഖ പറയുന്നു. പ്ലിനി ആണ് മറ്റൊരു രേഖയുടെ കർത്താവ് ചാവുകടലിന് അടുത്തായിരുന്ന ഇവരുടെ മുഖ്യ കേന്ദ്രം എന്ന് പ്ലിനി പറയുന്നു. ജോസഫസ് കൂടുതൽ ദീർഘമയി ഇവരുടെ കാര്യം പ്രതിപാദിക്കുന്നു. ക്രി. മു 107 ൽ യൂദാസ് എന്ന ഒരു എസ്സീനി ഗുരു ഭാവി പ്രവചിക്കുന്നത് എങ്ങനെ എന്ന് പഠിപ്പിക്കുന്ന ഒരു പള്ളിക്കൂടം നടത്തിയിരുന്നു. ഹെരോദ് രാജാവിനോട് വിധേയത്വം, പ്രഖ്യാപിക്കുന്ന പ്രതിജ്ഞ എടുക്കുന്നതിൽ നിന്ന് എസ്സീനികളെ ഒഴിവാക്കി. (ബി സി 21)എല്ലാം ദൈവത്തിൽ അർപ്പിക്കുകയും അതേ സമയം വിധിയിൽ വിശ്വസിക്കുകയും ചെയ്തിരുന്നു. എന്നാൽ മൂന്നു വർഷത്തെ സഫല വാസത്തിന്ന് ശേഷം തൃപ്തിപെട്ടാൽ സ്ത്രീകളെ വിവാഹം ചെയ്യുന്ന ഒരു ശാഖയും അവരിൽ ഉണ്ടായിരുന്നു. പാവപെട്ടവരെ സഹായിക്കുക എന്നത് വ്രതമായിരുന്നു. എസ്സീനികൾ സൂര്യോദയത്തിന് മുമ്പ് സൂര്യോദയത്തിന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടാണ് ആരം ഭിക്കുന്നത്. എന്ന് ജോസഫസ് പറയുന്നു. പതിനൊന്ന്വരെ ജോലി അത് കഴിഞ്ഞ് കുളിച്ച് ശുഭ്രവസ്ത്രം ധരിച്ച് ഒരു മുറിയിൽ കൂടുന്നു. അവിടെ മറ്റാർക്കും പ്രവേശനമില്ല. പിന്നെ ഭക്ഷണം എന്തെങ്കിലും ഒരുകൂട്ടം മാത്രം . ഒരു നേരം മൂപ്പൻ പ്രാർത്ഥിക്കും. തുടക്കത്തിലും ഒടുക്കത്തിലും. പിന്നെ ശുഭ്രവസ്ത്രങ്ങൾ മാറ്റി വീണ്ടും ജോലി വൈകീട്ട് മടങ്ങി വരുമ്പോൾ അതിഥികൾ ഉണ്ടെങ്കിൽ അവരോടൊപ്പം അൽപ്പ നേരം ഇരിക്കും. മിക്കവാറും മൗനമാണ്. ആരെങ്കിലും ഒരാളേ സംസാരിക്കൂ. അത് തന്നെ തവണ വെച്ച്.

എസ്സീനാകുന്നതിന്റെ നടപടി ക്രമങ്ങൾ വളരെ കഠിനവും കർശനവുമാണ്. ഈ സമൂഹത്തിലേക്ക് ചേരാൻ ആഗ്രഹിക്കുന്നവർ എസ്സീൻ നിയമങ്ങൾ പാലിച്ചു കൊണ്ട് സമൂഹത്തിന്ന് പുറത്ത് ഒരു വർഷം മലം കുഴിച്ചു മൂടാൻ ഒരു പാര, ഒരു വെളുത്ത ളോഹ, ഇടക്കെട്ട് ഇത്രയും സാമഗ്രികൾ നൽകി പ്രവർത്തനം ആരംഭിക്കും. ആ ഒരു വർഷം വിജയകരമായി പൂർത്തിയാക്കിയാൽ പിന്നെ രണ്ടു കൊല്ലം കുറേകൂടി അയാളുടെ ധാർമിക ബലവും ആത്മ നിയന്ത്രണ ശക്തിയും പരീക്ഷിക്കും. തൃപ്തികരമാണെന്ന് കണ്ടാൽ അകത്തെ ശ്രേണിയിലേക്ക് അനുമതിയായി. അംഗത്വം അപ്പോഴാണ്

നൽകുക. വ്രതവാഗ്ദാനം, ദൈവത്തെ ആദരിക്കുക, മനുഷ്യനെ സ്നേഹിക്കുക, അനീതി പ്രവർത്തിക്കുന്നവരെ വെറുക്കുക, നീതിമാന്മാരെ സഹായിക്കുക, അധികാരം ദൈവദത്തമാകയാൽ അധികാരം ലഭിച്ചാൽ അത് ദുർവിനിയോഗം ചെയ്യാതിരിക്കുക, സത്യത്തെ സ്നേഹിക്കുക, അസത്യത്തെ ദ്വേഷിക്കുക, കരങ്ങളെ മോഷണത്തിൽ നിന്നും ആത്മാവിനെ അവിഹിത ലാഭേച്ഛയിൽ നിന്നും സംരക്ഷിക്കുക, സമൂഹത്തിന് പുറത്തുള്ളവർക്ക് ഒന്നും വെളിപ്പെടുത്താതിരിക്കുക, പ്രതിജ്ഞകൾ കലർപ്പില്ലാതെ കാക്കുക, സമൂഹത്തിന് ഗ്രന്ഥങ്ങൾ സംരക്ഷിക്കുക, മാലാഖമാരുടെ പേരുകൾ ഓർക്കുക ഇതൊക്കെയാവുന്നു വാഗ്ദാനം ചെയ്യേണ്ടിയിരുന്നത്. (The Jewish War, Book II, Chapter 8 by Flavius Josephus: translation and commentary.- BIBLICAL ARCEOLOGY SOCIETY)

## എസ്സീനികളെ കുറിച്ച് ഖുർആൻ

അത്ഭുകരമെന്ന് പറയട്ടെ ബൈബിൾ ഒഴിവാക്കിയ യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരായ എസ്സീനികളെ കുറിച്ച് വിശുദ്ധ ഖുർആനിൽ വ്യക്തമായ പരാമർശമുണ്ട്. ഹവാരികൾ അഥവാ ശുഭ്രവസ്ത്ര ധാരികൾ എന്നാണ് ഖുർആൻ അവരെ വിശേഷിപ്പിച്ചിട്ടുള്ളത്. വിപദ് ഘട്ടം വന്നപ്പോൾ യേശുവിന്റെ ശിഷ്യന്മാർ അദ്ദേഹത്തെ തള്ളി പറയുകയും ഭയചകിതരായി ഒളിഞ്ഞിരിക്കുകയും ചെയ്തതായി ബൈബിൾ വിവരിക്കുന്നുണ്ട്. എന്നിട്ടും അവർ യേശുവിന്റെ അപ്പോസ്തലന്മാരായി വിശേഷിപ്പിക്കപ്പെടുന്നു. അതിൽ യേശുവിനെ ഫലസ്തീൻ പ്രേഷിത കാലഘത്തിൽ ഉപദ്രവിക്കുകയും യേശുവിനെ ഒരിക്കലും നേരിട്ട് കാണുകയും ചെയ്യാത്ത പൗലൂസിനേയും അപ്പോസ്തലനായിട്ടാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ യേശുവിനെതിരെ ഭീകരമായ പീഢനങ്ങൾ അഴിച്ചുവിട്ട സന്ദർഭത്തിൽ അദ്ദേഹത്തെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്ത യഥാർത്ഥ ശിഷ്യന്മാർ ഹവാരികൾ (എസ്സീനികൾ) ആയിരുന്നു എന്നാണ് ഖുർആൻ പറയുന്നത്. ചാവുകടൽ ചുരുളുകളിൽ നിന്നും അവരെക്കുറിച്ച് ലഭിച്ച വർണ്ണനകളും എസ്സീനികളെക്കുറിച്ച് ചരിത്രകാരന്മാരുടെ വിവരണങ്ങളും ഖുർആൻ പരാമർശവുമായി ഒത്തുപോകുന്നതാണ്.

ഹവാരികൾ എന്ന പദത്തിന്റെ അർത്ഥം ശുഭ്രവസ്ത്രധാരി, വസ്ത്രം വളുപ്പിക്കുന്ന ആൾ, അഴുക്കിൽ നിന്നും ശുദ്ധി തേടുന്ന ആൾ, സത്യസന്ധമായി ജീവിക്കുന്ന ആൾ എന്നൊക്കെയാണ്. കുരിശ് സംഭവത്തിന് ശേഷം യേശുവിനെ കല്ലറയിൽ വെച്ചപ്പോൾ മഗ്ദലനക്കാരി മറിയം അവിടെ വരുകയുണ്ടായല്ലോ. കർത്താവിന്റെ ഒരു ദൂതൻ അവിടെ വന്നതായി മഗ്ദലന മറിയം വിവരിക്കുന്നത് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. **'അവന്റെ രൂപം മിന്നലിന് ഒത്തതും അവന്റെ ഉടുപ്പ് ഹിമം പോലെ വെളുത്തതും ആയിരുന്നു.' (മത്തായി 28:3)** ഇതേ വിവരണം മാർക്കോസ് 16:5 ലും ലൂക്കോസ് 24:4 ലും യോഹന്നാൻ 20:12ലും ആവർത്തിക്കുന്നു. മാലാഖമാരെന്ന് തെറ്റിധരിച്ച ഹിമം പോലെ വെളുത്തൗടയാടകൾ അണിഞ്ഞവർ ഖുർആൻ വിവരിച്ച ശുഭ്രവസ്ത്ര ധാരികളായ ഹവാരികൾ അഥവാ എസ്സീനികൾ തന്നെയായിരിക്കാനാണ് സാദ്ധ്യത. യേശുവിനെ സ്നാനപ്പെടുത്തിയ സ്നാപക യോഹന്നാൻ എസ്സീൻ ആയിരുന്നുവെന്ന് ഫിലോയും ജോസഫസും പരാമർശിക്കുന്നുണ്ട്. യേശുതന്നെയും എസ്സീൻ ആണെന്ന സൂചനയും ജൂത ചരിത്രകാരന്മാരുടെ വിവരണങ്ങളിലുണ്ട്. ബൈബിൾ അവരെ ഒഴിവാക്കിയെങ്കിലും ഖുർആൻ അവരെ മറന്നില്ല. ഖുർആൻ പറയുന്നു: **'വിശ്വസിച്ചവരെ നിങ്ങൾ അല്ലാഹുവിന്റെ കാര്യത്തിൽ സഹായികളാവുക. മർയമിന്റെ മകൻ ഈസാ ഹവാരികൾ (ശുഭവസ്ത്രധാരികളായ അനുയായികൾ) അല്ലാഹുവിന്റെ കാര്യത്തിൽ എന്നെ സഹായിക്കുന്നവരാരുണ്ട് എന്ന് ചോദിച്ച അവസരത്തിൽ, ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണെന്ന് ആ ഹവാരികൾ പറഞ്ഞു. അങ്ങനെ ഇസ്റയേൽ സന്തതികളിൽ നിന്ന് ഒരു വിഭാഗം വിശ്വസിച്ചു. മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു.' (61. അസ്സഫ്:15)**

ഹവാരിയ്യീങ്ങൾ (എസ്സീനുകൾ) ആത്മീയമായി ഉന്നത മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരും ദൈവിക ബോധനങ്ങൾ ലഭിക്കുന്ന സാത്വികരുടെ ഒരു സംഘവുമായിരുന്നുവെന്ന് ഖുർആൻ പറയുന്നു: **'നിങ്ങൾ എന്നിലും എന്റെ ദൂതനിലും വിശ്വസിക്കുക എന്ന് ഹവാരികൾക്ക് ഞാൻ ദിവ്യബോധനം നൽകിയ സന്ദർഭം (സ്മരിക്കുക). അവർ പറഞ്ഞു: ഞങ്ങൾ വിശ്വസിച്ചു ഞങ്ങൾ (ദൈവത്തിന്) കീഴ്പ്പെട്ടു. ജീവിക്കുന്നവരാണ്. എന്ന് നീ സാക്ഷ്യം വഹിക്കുക.' ( 5. അൽ മാഇദ: 112)**

യേശുവിനെ ഒരിക്കലും നേരിട്ട് കാണുകയും ചെയ്യാത്ത പൗലൂസിനേയും അപ്പോസ്തലനായിട്ടാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ യേശുവിനെതിരെ ഭീകരമായ പീഢനങ്ങൾ അഴിച്ചുവിട്ട സന്ദർഭത്തിൽ അദ്ദേഹത്തെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്ത യഥാർത്ഥ ശിഷ്യന്മാർ ഹവാരികൾ (എസ്സീനികൾ) ആയിരുന്നു എന്നാണ് ഖുർആൻ പറയുന്നത്. ചാവുകടൽ ചുരുളുകളിൽ നിന്നും അവരെക്കുറിച്ച് ലഭിച്ച വർണ്ണനകളും എസ്സീനികളെക്കുറിച്ച് ചരിത്രകാരന്മാരുടെ വിവരണങ്ങളും ഖുർആൻ പരാമർശവുമായി ഒത്തുപോകുന്നതാണ്.

ഭാഗം - 3

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### ദീനീ സേവനത്തിന്റെ പ്രാധാന്യവും അനുഗ്രഹവും

പിതാവ് ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബിന്റെ ഒമ്പത് മക്കളിൽ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ഏറ്റവും ഇളയവനായിരുന്നുവെന്നു പറഞ്ഞുവല്ലോ. പിതാവിനും മാതാവിനും തങ്ങളുടെ ഇളയ സന്താനമായ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനോട് വലിയ സ്നേഹമായിരുന്നു. മറ്റു മക്കൾ ഇവരാണ് 1.മൗലവി സുൽത്താൻ അഹ്മദ് സാഹിബ്, 2.മൗലവി ഗുലാം നബി സാഹിബ്, 3.ഹക്കീം ഗുലാം അഹ്മദ് സാഹിബ്, 4.മൗലവി മുഹമ്മദ് ബക്ശ് സാഹിബ്, 5.അഞ്ചാമത്തെ മകന്റെ പേരു രേഖകളിൽ നിന്നും എനിക്കു കണ്ടെത്താനായില്ല (ലേഖകൻ). 6.ഗുലാം മുഹ്യുസ്ദ്ദീൻ സാഹിബ്. പെൺമക്കൾ ഇവരായിരുന്നു. 1.ഇമാംബി 2.ഗുലാംബി. ഈ എല്ലാ ആൺമക്കൾക്കും അഞ്ചോ അതിൽ കൂടുതലോ വീതം മക്കളുണ്ടായിരുന്നതായി ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) രേഖപ്പെടുത്തിയിട്ടുണ്ട്.

1855-56 കാലഘട്ടത്തിൽ റഷ്യയും തുർക്കിയും തമ്മിൽ അതിഘോരമായ ഒരു യുദ്ധത്തിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നു. സംഘർഷഭരിതമായ ആ ദിനങ്ങളിൽ ഇന്ന് ഇത്ര ആളുകൾ കൊല്ലപ്പെട്ടു. ഇന്ന് ഇത്ര കണ്ട് നാശ നഷ്ടങ്ങളുണ്ടായി എന്ന വാർത്ത നിരന്തരം നാട്ടിൽ പ്രചരിച്ചിരുന്നു. യുദ്ധം അങ്ങു ദൂരെയാണെങ്കിലും ജനങ്ങൾക്കിടയിൽ അതൊരു വലിയ ചർച്ചാ വിഷയമായിരുന്നു. ആ ദിനങ്ങളിലെ ഒരു രാത്രി ഭേരയിൽ പിതാവ് ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബിന്റെ വീട്ടിൽ മക്കൾ ഒമ്പതുപേരും മുൻകൂട്ടി പരിപാടിയൊന്നുമില്ലാതെ യാദൃച്ഛികമായി ഒത്തു ചേർന്നു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ഒഴികെ ബാക്കിയുള്ള ആറു സഹോദരന്മാരും രണ്ടു സഹോദരിമാരും വിവാഹം കഴിച്ചവരായിരുന്നു. അവരും അവരുടെ ഭാര്യമാരും ഭർത്താക്കന്മാരും മക്കളും കൊണ്ട് വീടു നിറഞ്ഞിരുന്നു. എങ്ങും സന്തോഷവും സമാധാനവും ചിരിയും കളിയും മാത്രം. അത്തരമൊരവസരത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് തന്റെ മാതാവിനോടു പറഞ്ഞു, ഉമ്മാ നോക്കൂ, നമുക്കു ചുറ്റും പലതരത്തിലുള്ള അരാജകത്വവും കുഴപ്പങ്ങളുമാണു നടമാടിക്കൊണ്ടിരിക്കുന്നത്. എവിടേയും സംഘർഷം എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മൾ എത്ര സമാധാനത്തിലും സന്തോഷത്തിലുമാണു കഴിയുന്നത്. നമ്മുടെ കുടുംബം, നമ്മുടെ ഗൃഹാന്തരീക്ഷം എല്ലാം തന്നെ ഐശ്വര്യ പൂർണവും കണ്ണിനുകുളിർമ പ്രദാനം ചെയ്യുന്നതുമാണ്. അത് അല്ലാഹുവിന്റെ വളരെ വലിയ അനുഗ്രഹമാണ്, കാരുണ്യമാണ്. അതുകൊണ്ട് അല്ലാഹു നമുക്ക് നൽകിയ ഈ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചു കൊണ്ട് ഉമ്മ, ഉമ്മാന്റെ മക്കളിൽ ഒരാളെ അതായത് ഈ എന്നെ ദീനിസേവനത്തിന്നായി അർപ്പണം ചെയ്യണം. ഉമ്മ പറഞ്ഞു, അതെങ്ങനെ ഞാൻ ചെയ്യാനാണ്. അങ്ങനെ ചെയ്യാൻ എനിക്കാവുകയില്ല. എന്റെ മരണസമയത്തു നിങ്ങൾ എല്ലാവരും ഇവിടെ ഉണ്ടായിരിക്കണമെന്നാണു എന്റെ

ആഗ്രഹം.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് തുടർന്നു പറയുകയാണ് അങ്ങനെ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കടന്നുപൊയ്കൊണ്ടിരുന്നു. എന്റെ സഹോദരന്മാരിൽ ഓരോരുത്തരായി മരിക്കാൻ തുടങ്ങി. അതോടെ മരിച്ചവന്റെ ഭാര്യ കൈയിൽ കിട്ടിയതുമായി മക്കളേയും കൂട്ടി സ്ഥലം വിട്ടു. മറ്റു മക്കളും അവരുടെ ഭാര്യമാരും സ്വത്തും മുതലും കൈയടക്കിക്കളയും എന്ന ചിന്തയായിരുന്നു അവർക്കുണ്ടായിരുന്നത്. ചുരുങ്ങിയ കാലം കൊണ്ട് സഹോദരന്മാർ മരിച്ചു വീടു കാലിയായിത്തുടങ്ങി.

ഒരിക്കൽ ഒരു വേനൽ കാലത്തു ഞാൻ ജമ്മുവിൽ നിന്നും നാട്ടിൽ വന്നിട്ടുണ്ടായിരുന്നു. ഉച്ച ഭക്ഷണത്തിനു ശേഷം വീട്ടിൽ ഒരു മുറിയിൽ ഞാൻ വിശ്രമിക്കുകയായിരുന്നു. അടുത്ത മുറിയിൽ ഉമ്മയും മറ്റു ചിലരും ഉണ്ട്. പെട്ടെന്നു കരച്ചിലും ഉച്ചത്തിലുള്ള ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ എന്നു ചൊല്ലുന്നതും കേട്ടു ഞാൻ ഓടിച്ചെന്നു. സഹോദരന്മാരിൽ ഒരാൾ കൂടി മരിച്ചിരിക്കുന്നു. ഞാൻ ഉമ്മാനോട് പറഞ്ഞു ക്ഷമ പ്രകടിപ്പിക്കുവാനുള്ള വചനം ഇത്തരത്തിൽ അക്ഷമ പ്രകടിപ്പിച്ചുകൊണ്ടാകരുത് ചൊല്ലുന്നത്.

പിന്നീട് ഞാൻ ഉമ്മാനോടു ചോദിച്ചു ഉമ്മായ്ക്കറിയാമോ നമ്മുടെ വീടെങ്ങനെയാണു ഇത്തരത്തിൽ വിജനമായിപ്പോയതെന്ന്? ഈ ഐശ്വര്യഭംഗത്തിനും ദു:ഖത്തിനും വേർപാടിനും കാരണമെന്താണെന്ന്? ഉമ്മ പറഞ്ഞു, അറിയാം. അന്നു നീ പറഞ്ഞ വാക്കുകൾ ഞാൻ നന്നായി ഓർക്കുന്നു. ഓരോ മരണസമയത്തും ഞാൻ നിന്റെ വാക്കുകൾ ഓർക്കാറുണ്ട്. അദ്ദേഹം വീണ്ടും ചോദിച്ചു, ഉമ്മ മറ്റെന്തെങ്കിലും കൂടി മനസ്സിലാക്കുകയോ ആലോചിക്കുകയോ ചെയ്യുന്നുണ്ടോ? ഉമ്മ പറഞ്ഞു ഉണ്ട്. ഞാൻ മരിക്കുമ്പോൾ നീ എന്റെ അരികിൽ ഉണ്ടാവുകയില്ല എന്നു ഞാൻ മനസ്സിൽ കാണുന്നു. അതങ്ങനെ തന്നെ സംഭവിച്ചു. ഉമ്മ മരിച്ചപ്പോൾ ഞാൻ ജമ്മുവിലായിരുന്നു.

**ഇവിടെ ഹയാത്തെ നൂറിന്റെ ഗ്രന്ഥകർത്താവ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചു കൊണ്ട് എഴുതുകയാണ്,**

ഇതിൽ നമുക്കെല്ലാവർക്കും ഒരു പാഠമുണ്ട്. എല്ലാ മാതാപിതാക്കൾക്കും തങ്ങളുടെ സന്താനങ്ങൾ പ്രിയപ്പെട്ടവരായിരിക്കും. എന്നാൽ മക്കളുടെ ജീവിതവും മരണവും അല്ലാഹുവിന്റെ കൈയിലാണിരിക്കുന്നതെന്ന യാഥാർത്ഥ്യം നാം മറക്കരുത്. അതെന്നും ഓർക്കണം. മറ്റൊന്നു മക്കൾ വളർന്നു വലുതായാൽ അവർ നന്മയുടെ പാതയിലൂടെ ചരിച്ചുകൊണ്ട് മാതാപിതാക്കൾക്കും കുടുംബത്തിനും കണ്ണിനു കുളിർമ പ്രദാനം ചെയ്യുമോ അതോ അവരുടെ പ്രവൃത്തികൾ കുടുംബത്തിനും മാതാപിതാക്കൾക്കും പരീക്ഷണങ്ങളും മാനഹാനിയും ഉണ്ടാക്കുമോ എന്നു ആർക്കും പറയനാവില്ല. അതുകൊണ്ട് *വമിമ്മാ റസഖ്നാകും യുൻഫിക്കൂൻ* എന്ന ഖുർആനിക (നാം നൽകിയതിൽ നിന്നും ചെലവഴിക്കുന്നവരായിരിക്കും) അദ്ധ്യാപനമനുസരിച്ചു തങ്ങളുടെ സന്താനങ്ങൾ ദൈവത്തിന്റെ ദാനമാണെന്നു മനസ്സിലാക്കി, ഒരാളെ എങ്കിലും ദീനിന്റെ മാർഗ്ഗത്തിൽ വഖ്ഫ് ചെയ്യേണ്ടതാണ്. അതിലൂടെ നിങ്ങൾ അനുഗ്രഹങ്ങൾക്കു മേൽ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതായിരിക്കും. മാത്രവുമല്ല ദീനിന്റെ സേവനത്തിനായി അർപ്പണം ചെയ്യപ്പെട്ട ഒരു മകനിലൂടെ മറ്റു മക്കളും ഭൗതികവും ആത്മീയവുമായ ഐശ്വര്യം കരസ്ഥമാക്കുന്നതാണ്. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് സ്വയം ദീനിന്നായി തന്നെ അർപ്പണം ചെയ്തതിലൂടെ അല്ലാഹുവിൽ നിന്നും എത്ര മഹത്തായതും മഹനീയവുമായ അനുഗ്രഹവും ഉന്നതപദവിയുമാണു കരസ്ഥമാക്കിയതെന്നു നമുക്കെല്ലാവർക്കുമറിയാം. അദ്ദേഹത്തിന്റെ മാതാവു ആ കാര്യങ്ങൾ ശ്രദ്ധിച്ചു കൊണ്ട് ഒരു മകനെ എങ്കിലും ദീനിന്റെ സേവനത്തിന്നായി അയക്കാൻ ഒരുക്കമായിരുന്നുവെങ്കിൽ അതിലൂടെ ലഭിക്കുന്ന ദൈവികാനുഗ്രഹങ്ങൾ കാരണം, ഒരുപക്ഷേ, മറ്റു സന്താനങ്ങൾ കൂടി ആരോഗ്യവും ദീർഘായുസ്സും കരസ്ഥമാക്കുമായിരുന്നു.

ഞാൻ ദീനിസേവനത്തിനു ഒരുക്കമാണെന്നും എന്നാൽ മാതാപിതാക്കൾ അനുവദിക്കുന്നില്ല എന്നും ചിലർ പറയാറുണ്ട്. അവർക്ക് ഹദ്റത്ത് മൗലവി സാഹിബിന്റെ ജീവിതം പ്രചോദനമാകണം. അതുപോലെ ദീനിസേവനത്തിന്നായി ഒരു കുട്ടിയെ വഖ്ഫ് ചെയ്താൽ ചെറിയ വരുമാനം കാരണം അവനെങ്ങനെ ഭക്ഷണം കഴിക്കും, അവന്റെ ജീവിതമെങ്ങനെ മുന്നോട്ടു പോകും, അവന്റെ കൂടെയുള്ള മറ്റു സഹോദരങ്ങൾ ഭൗതികമായി ഐശ്വര്യപൂർണ്ണമായ ജീവിതം നയിക്കുമ്പോൾ ഇവനു നിരാശയുണ്ടാവില്ലേ എന്നൊക്കെ ചില മാതാപിതാക്കൾ ചോദിക്കാറുണ്ട്. അവരുടെ ഈ ഭയം അസ്ഥാനത്താണ്. അല്ലാഹുവിൽ പൂർണമായും തന്നെ സമർപ്പണം ചെയ്യുമ്പോൾ അല്ലാഹുവും അവരുടെ എല്ലാ കാര്യങ്ങൾക്കും ജാമ്യക്കാരനും മതിയായവനുമായിത്തീരുന്നു. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങളും അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ്.

## ഹദ്റത്ത് ഗുലാം റസൂൽ സാഹിബിന്റെ കുടുംബവും അഹ്മദിയ്യാ ജമാഅത്തും

പിതാവ് ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബും ഹദ്റത്ത്

ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബ് ഒഴികെയുള്ള ബാക്കി എല്ലാ ആൺമക്കളും പെൺമക്കളിൽ ഒരാളും അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമാകുന്നതിനു മുമ്പു തന്നെ മരണമടഞ്ഞിട്ടുണ്ടായിരുന്നു. മിക്കവരുടേയും ഖബറുകൾ ഭേരയിൽ തന്നെയാണുള്ളത്. ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബിന്റെ ഖബർ ഭേരയിലെ പീർമുസ്തഫാ എന്ന ശ്മശാനത്തിലാണു സ്ഥിതി ചെയ്യുന്നത്. പെൺമക്കളിൽ ഒരാൾ (അതു ഇമാംബിയാണൊ ഗുലാംബിയാണോ എന്നു ചരിത്ര രേഖകളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചില്ല.) മസീഹ് മൗഊദി (അ)ന്റെ കൈയിൽ ബൈഅത്തു ചെയ്തു അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചിരുന്നു. ഇമാംബിയുടെ ഒരു മകൻ മുഹമ്മദ് ശഫീഅ് ഖുറൈശി സാഹിബിനു 1894 ൽ മസീഹ് മൗഊദിന്റെ കൈയിൽ ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിക്കാനുള്ള ഭാഗ്യം ലഭിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പേരു മസീഹ് മൗഊദ് (അ) 313 സഹാബാക്കളുടെ പട്ടികയിൽ 251 മത്തെതായി ചേർത്തിട്ടുമുണ്ട്. അദ്ദേഹം 1898 ലാണു മരണമടയുന്നത്. ഇതുപോലെ ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ ഏറ്റവും മൂത്ത സഹോദരനായ മൗലവി സുൽത്താൻ അഹ്മദ് സാഹിബിന്റെ മകൻ മൗലവി ഹാഫിസ് മുഹമ്മദ് സാഹിബും മസീഹ് മൗഊദിന്റെ കൈയിൽ ബൈഅത്തു ചെയ്തിട്ടുണ്ട്. സഹാബാക്കളുടെ പട്ടികയിൽ അദ്ദേഹത്തിന്റെ പേരു 258-ാമത്തെതായി ചേർത്തിട്ടുമുണ്ട്. അദ്ദേഹം 1918 ലാണു വഫാത്തായത്. ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ മറ്റൊരു സഹോദരനായ മൗലവി ഹക്കീം ഗുലാം അഹ്മദ് സാഹിബിന്റെ മകൻ മൗലവി സർദാർ മുഹമ്മദ് സാഹിബും മസീഹ് മൗഊദിന്റെ കൈയിൽ ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിച്ചിരുന്നു. അദ്ദേഹത്തിന്റെ പേരു 256-ാമത്തേതായിട്ടാണു ഹദ്റത്ത് മസീഹ് മൗഊദ് (അ) സഹാബാക്കളുടെ പട്ടികയിൽ ചേർത്തിട്ടുള്ളത്. ബൈഅത്തു ചെയ്യാത്ത മകൾ ഖാദിയാനിൽ വന്നതായും ഏതാനും ദിവസം താമസിച്ചതായും ചരിത്ര രേഖകളിൽ കാണുന്നു. (ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) തയ്യാറാക്കിയ സ്വന്തം കുടുംബ വിവരങ്ങൾ താരീഖെ അഹ്മദിയ്യത്ത് മൂന്നാം വാല്യത്തിൽ ചേർത്തിട്ടുണ്ട്. അതിൽ നിന്നാണു ഈ വിവരങ്ങൾ വിനീതൻ ശേഖരിച്ചിരിക്കുന്നത്)

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബി(റ)ന്റെ മാതാവു ഹദ്റത്ത് നൂർ ബഖ്ത് സാഹിബ തന്റെ എൺപത്തഞ്ചാമത്തെ വയസ്സിൽ 1889 മെയ് മാസത്തിലാണു മരണമടഞ്ഞത്. ആ സമയം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ജമ്മുവിൽ ഹദീസ് ബുഖാരി ശരീഫിന്റെ ക്ലാസ്സ് എടുത്തു കൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണു മാതാവിന്റെ നിര്യാണവാർത്ത കമ്പി സന്ദേശത്തിലൂടെ അറിയുന്നത്. സന്ദേശം വായിച്ച ഉടനെ പറഞ്ഞു അല്ലാഹുവേ അവരെന്റെ പൂങ്കാവനമായിരുന്നു. പിന്നീട് മാതാവിന്റെ ഓർമക്കായി ആ ഹദീസ് ഗ്രന്ഥം വഖ്ഫ് ചെയ്തു കൊണ്ട് ഫിറോസ്പൂറിലുള്ള മുൻശി ഫർസന്ത് അലി സാഹിബിനു നൽകുകയും ചെയ്തു.

## ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബി (റ)ന്റെ സഹോദരിയും ആത്മീയ ഗുരുവും

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബി(റ)ന്റെ ഒരു സഹോദരി ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കൈയിൽ ബൈഅത്തു ചെയ്തു അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചിരുന്നതായും അത് ഇമാംബിയായിരുന്നോ ഗുലാംബി ആയിരുന്നോ എന്നു വ്യക്തമല്ലെന്നു മുകളിൽ സൂചിപ്പിച്ചുവല്ലോ. അവർ ഖാദിയാനിൽ വെച്ചാണു മരണമടഞ്ഞതെങ്കിലും ബന്ധുക്കൾ അവരുടെ മൃതദേഹം സ്വദേശമായ ഭേരയിലേക്കു കൊണ്ടു പോയി അവിടെ ഖബറടക്കം ചെയ്യുകയാണു ചെയ്തത്. അവർ തന്റെ പിതാവിനെ പോലെ നല്ല ആരോഗ്യവും കൂടുതൽ പൊക്കവുമുള്ള ഒരു മഹിളയായിരുന്നു. തന്റെ ആ ജ്യേഷ്ഠ സഹോദരിയെ കുറിച്ചു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ചില സദസ്സുകളിൽ വിവരിച്ച രസകരമായ ഒരു സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തഫ്സീർ കബീറിൽ സൂറത്ത് ഖുറയ്ശിന്റെ വ്യാഖ്യാനത്തിൽ മുസ്ലിംകളുടെ അവസ്ഥ വിവരിച്ചുകൊണ്ട് ചേർത്തിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുകയാണ്. എനിക്കൊരു സഹോദരിയുണ്ടായിരുന്നു. അവർ ഒരു പീറിന്റെ (പീർ = ആത്മീയ ഗുരു, സിദ്ധൻ) ശിഷ്യയായിരുന്നു. പീർ പറഞ്ഞതനുസരിച്ചു അവർ നമസ്ക്കരിക്കാറില്ല. നമസ്ക്കാരം ഉപേക്ഷിച്ചിട്ടാണുണ്ടായിരുന്നത്. അവർ ഒരിക്കൽ എന്നെ കാണുവാനായി ഖാദിയാനിൽ വന്നപ്പോൾ ഞാനവരോടു പറഞ്ഞു എന്റെ സഹോദരി, നിങ്ങൾക്ക് നമസ്ക്കാരത്തെകുറിച്ചു യാതൊരു ചിന്തയും ഇല്ലാതായിപ്പോയല്ലോ? മരിച്ചതിനു ശേഷം അല്ലാഹു ചോദിച്ചാൽ നിങ്ങൾ എന്തുത്തരമാണു നൽകുക?

സഹോദരി പറഞ്ഞു ഞാൻ ഇന്ന സ്ഥലത്തെ ഇന്ന പീറിന്റെ കൈയിൽ ബൈഅത്തു ചെയ്തിട്ടാണുള്ളത്. അദ്ദേഹത്തിനു ബൈഅത്തു ചെയ്താൽ മതപരമായ എല്ലാ കർമങ്ങളിൽ നിന്നും ചുമതലകളിൽ നിന്നും മുക്തമാക്കപ്പെടുമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അതായത് എല്ലാ കർമങ്ങളും മാപ്പാണ് അതുകൊണ്ടാണ് ഞാൻ നമസ്ക്കരിക്കാത്തത്. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറഞ്ഞു, നമസ്ക്കരിക്കുക എന്നത് അല്ലാഹുവിന്റെ കൽപനയാണ്. അതിൽ എങ്ങനെയാണ് ഇളവു ലഭിക്കുക.

അതെങ്ങനെ മാപ്പാകും. അതുകൊണ്ട് ഇനി നിങ്ങൾ പീറിനെ കണ്ടാൽ ഒരു കാര്യം ചെയ്യണം. അദ്ദേഹത്തോടു തന്നെ ചോദിക്കണം. പീർ സാഹിബ്, നമസ്ക്കരിക്കണമെന്ന കൽപന നൽകിയത് അല്ലാഹുവല്ലേ? അവസാന നാളിൽ അവൻ അതിന്റെ കണക്കു ചോദിക്കുകയും ചെയ്യും. ആ നിലയ്ക്കു നിങ്ങൾക്കു ബൈഅത്തു ചെയ്തതുകൊണ്ട് ആ കൽപന എങ്ങനെയാണ് മാപ്പാകുന്നത്? സഹോദരി പറഞ്ഞു ഇനി ഞാൻ പീറിന്റെ അടുക്കൽ ചെന്നാൽ തീർച്ചയായും ഈ കാര്യം ചോദിക്കുന്നതായിരിക്കും.

കുറച്ചു നാളുകൾക്കു ശേഷം അവർ ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനെ കാണുവാനായി വീണ്ടും ഖാദിയാനിൽ ചെന്നപ്പോൾ അദ്ദേഹം അവരോടു ചോദിച്ചു, പീറിനെ കണ്ടിരുന്നോ? ഞാൻ പറഞ്ഞത് അദ്ദേഹത്തോട് ചോദിച്ചിരുന്നോ? അവർ പറഞ്ഞു, അതെ, ഞാൻ പീറിന്റെ അടുക്കൽ പോയിരുന്നു. ഈ കാര്യം പീറിനോടു ചോദിക്കുകയും ചെയ്തിരുന്നു. ചോദിച്ചയുടനെ അദ്ദേഹം തിരിച്ചു ചോദിച്ചത് നീ നൂറുദ്ദീന്റെ അടുക്കൽ പോയിരുന്നോ, ഇത്തരത്തിലുള്ള വേണ്ടാതനവും പൊല്ലാപ്പും പഠിപ്പിക്കുന്നത് നൂറുദ്ദീനായിരിക്കും എന്നായിരുന്നു. അപ്പോൾ അവർ പീറിനോട് പറഞ്ഞു ആര് പഠിപ്പിച്ചാലെന്താ പറഞ്ഞാലെന്താ, ഇതിനു ഞാനെന്താണ് മറുപടി പറയേണ്ടത് എന്നു താങ്കൾ പറഞ്ഞു തന്നാലും. ഇതു കേട്ടപ്പോൾ പീർ സാഹിബ് പറഞ്ഞു, അവസാന നാളിൽ 'മഅ്ശറ'യിൽ വച്ചു നീ എന്തുകൊണ്ടാണു നമസ്ക്കരിക്കാതിരുന്നതു എന്നു അല്ലാഹുവോ അവന്റെ മലക്കുകളോ നിന്നോടു ചോദിച്ചാൽ അവരോടു നീ പറയണം അതിനുള്ള ഉത്തരം ഞാനല്ല എന്റെ പീർ സാഹിബാണ് നൽകേണ്ടത്. കാരണം അദ്ദേഹത്തിനു ബൈഅത്തു ചെയ്യുന്നതോടുകൂടി എല്ലാ കടമകളും ഉത്തരവാദിത്വങ്ങളും അദ്ദേഹത്തിനു മേൽ ആകുമെന്നും നമസ്ക്കരിക്കേണ്ട ആവശ്യമില്ലെന്നും അദ്ദേഹമാണു എന്നോട് പറഞ്ഞത്. ഞാൻ അദ്ദേഹത്തിന്റെ കൈയിൽ ബൈഅത്തു ചെയ്തിട്ടാണുള്ളത്. ഇതു നീ പറഞ്ഞാൽ അല്ലാഹുവിന്റെ മലക്കുകൾ നിന്നെ ഒഴിവാക്കും നിന്റെ മേൽ യാതൊരു കുറ്റവും അവർക്കു ആരോപിക്കുവാൻ സാധിക്കുകയില്ല.

അപ്പോൾ സഹോദരി, പീർ സാഹിബിനോട് ചോദിച്ചു, പീർ സാഹിബ് അങ്ങനെയാണെങ്കിൽ താങ്കളുടെ സ്ഥിതി എന്താകും? താങ്കളിൽ വിശ്വസിച്ച ഒരു കൂട്ടം ആളുകളുടെ പാപം മുഴുവനും താങ്കളുടെ തലയിലാവുകയില്ലേ? പീർ സാഹിബ് പറഞ്ഞു, കണക്കു ചോദിക്കുവാനായി അല്ലാഹു എന്റെ അടുക്കൽ വന്നാൽ ദ്വേഷ്യം കൊണ്ട് ചുവന്നു തുടുതുടുത്ത എന്റെ കണ്ണുകൾ ഞാൻ പുറത്തെടുക്കും. എന്നിട്ട് ഞങ്ങളുടെയെല്ലാം വലിയ പിതാമഹനായ ഹദ്റത്ത് ഇമാം ഹുസൈൻ കർബലയിൽ ഒഴുക്കിയ രക്തം പോരെ നിനക്ക്? അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം നിന്റെ മുമ്പിലെന്താ കുറഞ്ഞു പോയോ? ഇനി ഞങ്ങളെ കൂടി ശല്യപ്പെടുത്തുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യണോ? എന്നു ഞാൻ അല്ലാഹുവിനോട് വളരെ ദ്വേഷ്യത്തിൽ ചോദിക്കും. ഇതു കേട്ടാൽ അല്ലാഹു പശ്ചാതാപവും ലജ്ജയും കൊണ്ട് തന്റെ കണ്ണുകൾ താഴ്ത്തും. ആ നേരം നോക്കി ഞാൻ ജന്നത്തിൽ ചാടി കയറി രക്ഷപ്പെട്ടു കൊള്ളും.

(തഫ്സീർ കബീർ, സൂറത്ത് ഖുറയ്ശ്, പേജ് 124 പുതുതായി പ്രസിദ്ധീകരിച്ച ഖുർആനിൽ പേജ് നമ്പറിൽ വ്യത്യാസം കാണാം. ഇത് അൽ ഇസ്‌ലാം സൈറ്റിലുള്ള ഖുർആനാണ്.)

## പിൻഡ് ദാദൻ ഖാനിൽ വച്ചു കണ്ട സ്വപ്നം

മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബി(റ)നു അല്ലാഹുവിലുള്ള ദൃഢവിശ്വാസം പോലെ തന്നെ യുവാവായിരിക്കുന്ന കാലത്തും അദ്ദേഹം യഥാർഥ സ്വപ്നങ്ങളും ജാഗ്രതാ ദർശന (കശ്ഫ്) ങ്ങളും കാണാറുണ്ടായിരുന്നു. പിൻഡ്ദാദൻ ഖാനിൽ ജോലി ചെയ്തുകൊണ്ടിരുന്ന കാലത്ത് കണ്ട ഒരു സ്വപ്നം വിവരിച്ചുകൊണ്ട് ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് (റ) പറയുകയാണ്,

ഒരിക്കൽ ഞാൻ മരിച്ചു പോയ എന്റെ ഒരു നാട്ടുകാരനെ സ്വപ്നം കണ്ടു. അയാൾ രോഗിയും വളരെയധികം അവശനുമായിരുന്നു. ഞാനവനോടു ചോദിച്ചു മരിച്ചവർ പിന്നീടൊരിക്കലും രോഗിയാവുകയില്ലെന്നു ഞാൻ കേട്ടിട്ടുണ്ട്. നിനക്കിതെന്തു പറ്റി. അപ്പോൾ അവൻ ഒരു പെൺകുട്ടിയുടെ കൈ പിടിച്ച് വലിച്ചു കൊണ്ട് പറഞ്ഞു, നോക്കൂ, കഴിഞ്ഞ ജീവിത കാലത്തു ഞാനിവളെ പ്രേമിച്ചു നടക്കുകയായിരുന്നു. എല്ലാറ്റിലുമുപരി ഞാനിവളെ അന്ധമായി സ്നേഹിച്ചിരുന്നു. അതുകാരണം ഞാൻ ശിക്ഷ അനുഭവിച്ചു കൊണ്ടിരിക്കുകയുമാണ്. അങ്ങനെ ഞാനിവിടെ രോഗിയുമായിപ്പോയി. പിന്നീട് ഞാൻ പിൻഡ്ദാദൻ ഖാനിൽ നിന്നും നാട്ടിൽ (ഭേരയിൽ) ഒരിക്കൽ ചെന്നപ്പോൾ മരിച്ചയാളുടെ അടുത്ത സുഹൃത്തിനെ യാദൃച്ഛികമായി കാണാൻ ഇടയായി. സംസാരമദ്ധ്യേ മരിച്ചു പോയ നിന്റെ സുഹൃത്ത് പ്രേമിച്ചു നടന്ന പെൺകുട്ടിയെ എനിക്കൊന്നു കാണിച്ചു തരുമോ എന്നു ഞാനവനോട് ചോദിച്ചു.

എന്റെ ചോദ്യം കേട്ട് വളരെ അതിശയത്തോടെ അവൻ എന്നെ നോക്കിക്കൊണ്ട് പറഞ്ഞു, അവൻ എന്റെ മടിയിൽ തലവെച്ചു കിടന്നാണു മരിച്ചത്. ആ പെൺകുട്ടിയുമായുള്ള നിന്റെ പ്രേമകഥ നീ മറ്റു വല്ലവരോടും പറഞ്ഞിരുന്നുവോ എന്ന എന്റെ ചോദ്യത്തിനു എനിക്കും നിനക്കും അവൾക്കുമല്ലാതെ

അറിയുന്ന മറ്റൊരാൾ ദൈവം മാത്രമാണെന്നാണു അവൻ എന്നോട് ഉത്തരം പറഞ്ഞത്. ആ നിലയ്ക്കു ഈ വിവരം നിങ്ങളോട് ആരാണ് പറഞ്ഞത്. എങ്ങനെ ഈ കാര്യം നിങ്ങളറിഞ്ഞു. ഇതെന്നോട് അയാൾ പലതവണ ചോദിച്ചു കൊണ്ടിരുന്നു. പെൺകുട്ടിയെക്കുറിച്ചയാൾ ഒന്നും പറഞ്ഞുതന്നതുമില്ല. എനിക്കെങ്ങനെ വിവരം ലഭിച്ചുവെന്നു ഞാൻ അയാളോടും പറഞ്ഞില്ല.

എന്റെ നാട്ടിൽ ഒരു മഹല്ലയുണ്ട്. അവിടുത്തെ സ്ത്രീകൾ ആകാരത്തിലും രൂപലാവണ്യത്തിലും മറ്റുള്ളവരെയപേക്ഷിച്ച് ഏറെ സുന്ദരികളാണെന്നാണു നാട്ടിൽ പൊതുവിൽ പറയപ്പെടാറ്. അവരെല്ലാം മുസ്ലിംകളാണെങ്കിലും പർദ്ദ ധരിക്കാറുമില്ല. അതിൽ പെട്ട കുറെ സ്ത്രീകൾ ഒരിക്കൽ ഒരു കല്ല്യാണത്തിനു പോവുകയായിരുന്നു. യാദൃച്ഛികമായി ഞാനും ആ വഴി പോകുമ്പോൾ ഈ സ്ത്രീകളെ കാണാനിടയായി. ഏയ് മഹിളകളെ, ഒന്നു നിൽക്കണെ എന്നു ഞാനവരോട് പറഞ്ഞു. നാട്ടിൽ എന്റെ കുടുംബത്തിനും പിതാവിനുമൊക്കെ ഉണ്ടായിരുന്ന ആദരവും ഭയഭക്തിയും നിമിത്തം ഞാൻ പറഞ്ഞപ്പോൾ തന്നെ അവരെല്ലാം റോഡിന്നരികിൽ ഒരു വരിയിൽ നിന്നു. ഞാൻ സ്വപ്നത്തിൽ കണ്ടതു പോലുള്ള ഒരു പെൺകുട്ടി അവരോടൊപ്പമുണ്ടായിരുന്നു. ഞാനവളെ ചൂണ്ടി കൊണ്ട് അവളെ എന്റെ അടുക്കലേക്കയക്കാൻ അവരോടു പറഞ്ഞു. അവരെല്ലാവരും അവളെ എന്റെ നേരെ തള്ളി പറഞ്ഞയച്ചു. അവൾ എന്റെയടുക്കൽ വന്നപ്പോൾ ഞാനവളോടു പേരു ചോദിച്ചു. ശേഷം എല്ലാവരോടും പോയ്ക്കൊള്ളാൻ പറഞ്ഞു.

ദിവസങ്ങൾക്കു ശേഷം മരിച്ചയാളുടെ സ്നേഹിതനെ വീണ്ടും കണ്ടുമുട്ടിയപ്പോൾ ഞാൻ പറഞ്ഞു, നിങ്ങൾ ആ പെൺകുട്ടിയുടെ പേരു പറഞ്ഞുതന്നില്ലെങ്കിലും ഞാനെല്ലാം അറിഞ്ഞു. അവളുടെ പേരിതാണ്. അവൾ ഇന്ന സ്ഥലത്താണ് താമസിക്കുന്നത്. ഇതുകേട്ട് അവൻ ആകെ അന്തം വിട്ട് എന്നെ തുറിച്ചു നോക്കാൻ തുടങ്ങി. എന്നിട്ട് വളരെ അതിശയത്തോടെ പറഞ്ഞു ഇതുതന്നേയാണ് അവളുടെ പേര്. പക്ഷേ, ഇതൊക്കെ ആരാണ് നിങ്ങൾക്കു പറഞ്ഞുതന്നത്. ഞാൻ കണ്ട സ്വപ്നത്തെക്കുറിച്ച് അയാളോട് പറയുന്നത് ഉചിതമല്ലെന്നു കരുതി ഞാനയാളോട് ഒന്നും പറഞ്ഞില്ല

## ബാങ്കിനെ ഭയക്കുന്ന ഗ്രാമവാസികൾ

ഗവൺമെന്റ് സ്കൂളുകളുടെ ഇൻസ്പെക്ടർ ഖുദാബക്ശുമായി അന്നു സ്ക്കൂളിൽ വച്ചുണ്ടായ അസുഖകരമായ സംസാരത്തിനും സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുത്തിയ സംഭവത്തിനും ശേഷം താമസിയാതെ തന്നെ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ്(റ) ഹെഡ്മാസ്റ്റർ ജോലി രാജിവച്ചു. നാലു വർഷത്തെ ആ അദ്ധ്യാപക വൃത്തിക്കു ശേഷം ഇരുപത്തഞ്ച് വയസ്സ് പ്രായമായ അദ്ദേഹം വീണ്ടും തന്റെ ഇഷ്ട മേഖലയും പ്രവൃത്തിയുമായ വിദ്യാസമ്പാദനത്തിലേക്ക് തന്നെ തിരിഞ്ഞു. പിതാവിന്റെ ശക്തമായ നിർദ്ദേശത്താൽ അറബിപഠനം വീണ്ടും ആരംഭിച്ചു. പിതാവ് തന്നെയാണ് വേണ്ട ഏർപ്പാടു ചെയ്തത്. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ്(റ) വിവരിക്കുകയാണ്.

മൗലവി ഖാസി അഹ്മദുദ്ദീൻ സാഹിബ് ഭഗ്ഗിവാലയായിരുന്നു ഉസ്താദ്. എന്റെ മൂത്ത സഹോദരന്മാരുടേയും ഉസ്താദ് അദ്ദേഹം തന്നെയായിരുന്നു. എന്നാൽ ഇദ്ദേഹം ഒരു വലിയ പള്ളി നിർമ്മാണവുമായി ബന്ധപ്പെട്ട് പണപ്പിരിവിന്നായി പല സ്ഥലങ്ങളും സന്ദർശിക്കാറുണ്ടായിരുന്നു. അതു കാരണം എനിക്കും മറ്റുള്ള വിദ്യാർത്ഥികൾക്കും അദ്ദേഹത്തോടൊപ്പം ഒരു വർഷത്തോളം പല സ്ഥലങ്ങളും ചുറ്റിക്കറങ്ങേണ്ടി വന്നു. അതായത് പണപ്പിരിവിന്നായി അദ്ദേഹം എവിടെയൊക്കെ പോകുമോ ഞങ്ങളും അദ്ദേഹത്തോടൊപ്പം പോകണം. അവിടെയായിരിക്കും ഞങ്ങളുടെ ക്ലാസ്സ്. ഒരു വർഷത്തോളം ബുദ്ധിമുട്ടിയിട്ടും അറബി ഭാഷയുടെ വളരെ പ്രാഥമികമായ ചെറിയ പുസ്തകമാണ് പഠിക്കാൻ സാധിച്ചത്. അതിൽ ഞാനാകെ മടുത്തു. വിവരം ജ്യേഷ്ഠൻ മൗലവി സുൽത്താൻ അഹ്മദ് സാഹിബിനോട് പറഞ്ഞപ്പോൾ അദ്ദേഹം എന്നേയും കൂട്ടി ലാഹോറിലേക്കു വന്നു. എന്നിട്ട് എന്നെ ഹക്കീം മുഹമ്മദ് ബക്ശ് സാഹിബിനെ ഏൽപിച്ചിട്ട് ജ്യേഷ്ഠൻ തിരിച്ച് ഭേരയിലേക്കു പോവുകയും ചെയ്തു. പിന്നീട് പഠനം ലാഹോറിലായി. അവിടെ ഹക്കീം മുഹമ്മദ് ബക്ശ് സാഹിബും മറ്റു ചിലരുമായിരുന്നു ഞങ്ങളുടെ ഉസ്താദുമാർ.

ഉസ്താദ് ഖാസി മൌലവി അഹ്മദുദ്ദീൻ സാഹിബിനോടൊപ്പം നാടുചുറ്റുന്ന അവസരത്തിൽ ഒരിടത്ത് വളരെ രസകരമായ ഒരു സംഭവമുണ്ടായി. അതിനെ കുറിച്ചു ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പറയുകയാണ്. പഴയ കാലത്ത് ഗ്രാമങ്ങളിൽ എരുമ മോഷണം എല്ലായിടത്തും വളരെ കൂടുതലായിരുന്നു. ഞങ്ങൾ ഒരു ഗ്രാമത്തിലെത്തി. മറ്റൊരു ഗ്രാമത്തിലെ മോഷണം പോയ എരുമ ഈ ഗ്രാമത്തിൽ ഉണ്ടെന്ന അനുമാനത്തിൽ അതിനെ കണ്ടെത്തുവാനായി കളവുനടന്ന ഗ്രാമത്തിലുള്ള ധാരാളം ആളുകൾ ഈ ഗ്രാമത്തിൽ വന്നിട്ടുണ്ടായിരുന്നു. പക്ഷേ, ഈ ഗ്രാമവാസികൾ എരുമ ഇവിടെ ഇല്ലെന്ന വാദത്തിൽ ഉറച്ചു നിന്നു. അങ്ങനെ ഒന്നു രണ്ടു ആഴ്ചകൾ കടന്നു പോയെങ്കിലും രണ്ടു ഗ്രാമവാസികളും വിട്ടു കൊടുക്കാൻ തയ്യാറല്ല. മോഷണത്തിനു വിധേയരായ ഗ്രാമവാസികൾക്കു എരുമ

ഇവിടെ തന്നേയുണ്ടെന്നു നല്ല ബോദ്ധ്യമുണ്ടായിരുന്നു. അപ്പോഴാണു സഹപാഠിയായ എന്റെ കൂട്ടുകാരനു ഒരു ഉപായം മനസ്സിലുദിച്ചത്. ഏതെങ്കിലും ഒരു വിഷയത്തെ സംബന്ധിച്ചു തർക്കമുണ്ടാവുകയും അതിനൊരു പരിഹാരം കാണാൻ സാധിക്കാതെ വരികയും ചെയ്താൽ ഖുറൈശി ഹാശിമി വംശത്തിൽപ്പെട്ട വല്ലവരും ആ സമയത്ത് അവിടെ ബാങ്ക് വിളിക്കുകയാണെങ്കിൽ ഗ്രാമവാസികൾ യഥാർഥത്തിൽ കുറ്റം ചെയ്തവരുമാണെങ്കിൽ എല്ലാവരും ചത്തൊടുങ്ങി ഗ്രാമം വിജനമാവുമെന്ന ഒരു (അന്ധ)വിശ്വാസം ആ കാലത്തു അവിടെ നിലനിന്നിരുന്നു.

ഞങ്ങൾ രണ്ടു പേരും നേരത്തേ പറഞ്ഞുറപ്പിച്ച പദ്ധതിയനുസരിച്ചു ഗ്രാമത്തിൽ പഞ്ചായത്തു കൂടുന്ന പന്തലിന്നടുത്തു വച്ചു ചിലർ കേൾക്കേ അവൻ എന്നോടു പറഞ്ഞു ഇന്നു തന്നെ നീ ബാങ്ക് വിളിക്കും അല്ലേ? അപ്പോൾ ഞാൻ പറഞ്ഞു വേണ്ട, ഇന്നു ഏതായാലും വേണ്ട. ഇതു ചിലർ കേട്ടു. അവർ കാര്യം തിരക്കി. അപ്പോൾ എന്റെ സ്നേഹിതൻ എന്നെ ചൂണ്ടി അവരോടു പറഞ്ഞു എന്റെ ഈ സ്നേഹിതൻ ഖുറൈശി ഹാശിമി വംശത്തിൽപെട്ടവനാണ്. നിങ്ങളുടെ ഈ കാര്യത്തിൽ തീരുമാനമാകാത്തതു കൊണ്ട് അവനേതായാലും ബാങ്ക് വിളിക്കാമെന്നാണു പറയുന്നത്. അങ്ങനെയെങ്കിൽ കാര്യം വ്യക്തമാവുമല്ലോ. ഇത് കേൾക്കേണ്ട താമസം അവരിലൊരാൾ പറഞ്ഞു നിങ്ങളൊന്നു ക്ഷമിക്കണം ഞാനിതാ ഉടനെ വരാം എന്നു പറഞ്ഞു കൊണ്ട് അവൻ ആരെയോ കാണുവാനായി ഓടി മറഞ്ഞു. അൽപം കഴിഞ്ഞു തിരിച്ചു വന്നിട്ടു പറഞ്ഞു എരുമയെ ഇന്നു തന്നെ ഞങ്ങൾ എത്തിച്ചു തരാം. പക്ഷേ, നിങ്ങൾ ബാങ്ക് വിളിക്കരുത്. അവസാനം അന്നു വൈകുന്നേരത്തോടെ എരുമയെ അവർ കൊണ്ടുവന്നു ഞങ്ങളുടെ ഉസ്താദിനെ ഏൽപിച്ചു.

**കടപ്പാട് & അവലംബം**


1. ഹയാത്തെ നൂർ By മൗലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്വാ

2. താരീഖെ അഹ്മദിയ്യത്ത് വാള്യം 3 By മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്വാ

3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.

4.ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ) ഇംഗ്ലീഷ് By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

5.സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.

6.അൽ ഫസ്ൽ ഉറുദു ദിനപത്രങ്ങൾ റബ്വാ.


**പേജ് 20 ൽ നിന്ന് തുടർച്ച**

സോഷ്യോളജിസ്റ്റുകളുടെ ചപല മോഹങ്ങളുടെ ഒരു സങ്കൽപം മാത്രമാണ്.

ബഹുദൈവാരാധന രൂപാന്തരപ്പെട്ടാണ് ഏകദൈവാരാധന ഉണ്ടായത് എന്ന സിദ്ധാന്തത്തിന് ചരിത്രത്തിൽ നിന്ന് യാതൊരു തെളിവും ലഭ്യമല്ല. ബഹുദൈവാരാധനയിൽ നിന്ന് ഏകദൈവാരാധനയിലേക്കുള്ള ഏതെങ്കിലുമൊരു സമൂഹത്തിന്റെ രൂപാന്തരഘട്ടത്തെ സംബന്ധിച്ച് ഒരു സാക്ഷ്യവും ലഭ്യമല്ല. മറിച്ച് പൊടുന്നനെ ഒരു മഹാത്മാവ് പ്രത്യക്ഷപ്പെടുകയാണ് ചെയ്യുക. അതോടെ അദ്ദേഹത്തെ പിന്തുടരാനാഗ്രഹിക്കുന്നവർക്ക് മുമ്പിൽ ഉജ്ജ്വല ത്യാഗങ്ങൾ ആവശ്യപ്പെടുന്ന വമ്പിച്ച യാതനകളുടെ സംഭവ പരമ്പരകൾ ചലിച്ചു തുടങ്ങുകയും ചെയ്യുന്നു. (വെളിപാട് യുക്തി ജ്ഞാനം സത്യം - ഹദ്റത്ത് മിർസാ താഹിർ അഹ്മദ്)

## ഒരിക്കലും അലസരാകരുത്

ഓർമ്മിക്കുക! ജീവിതം അല്ലാഹുവിന് വേണ്ടി വഖ്ഫ് ചെയ്യുന്നവർ അശരണരായിത്തീരുന്നില്ല. ഒരിക്കലുമില്ല. പ്രത്യുത അല്ലാഹുവിന് വേണ്ടിയുള്ള വഖ്ഫ് മനുഷ്യനെ ബദ്ധശ്രദ്ധനും കർമ്മോദ്യുക്തനുമാക്കിത്തീർക്കുന്നു. അലസതയും ഉദാസീനതയും അവനെ സമീപിക്കുന്നുപോലുമില്ല. ഹദീസിൽ ഹദ്റത്ത് അമ്മാർ ബിൻ ഖുസൈമയിൽ നിന്നുള്ള ഒരു റിവായത്തുണ്ട്. അദ്ദേഹം പറയുന്നു. 'ഹദ്റത്ത് ഉമർ (റ) എന്റെ പിതാവിനോട് ചോദിച്ചു, 'താങ്കളെ സ്വന്തം ഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് എന്ത് കാര്യമാണ് തടയുന്നത്?' എന്റെ പിതാവ് പറഞ്ഞു, 'ഞാൻ വൃദ്ധനായിരിക്കുന്നു; നാളെ മൃതിയടയുന്നതാണ്.' ഹദ്റത്ത് ഉമർ (റ) അരുൾ ചെയ്തു. 'ചെടികൾ നട്ടുപിടിപ്പിക്കൽ താങ്കൾക്ക് നിർബന്ധമാണ്.' അനന്തരം ഞാൻ ഹദ്റത്ത് ഉമർ (റ) സ്വയം എന്റെ പിതാവിനോടൊപ്പം ചേർന്ന് ഞങ്ങളുടെ ഭൂമിയിൽ ചെടികൾ നട്ടുകൊണ്ടിരിക്കുന്നതായി ഞാൻ കണ്ടു.' നമ്മുടെ നബി (സ) തിരുമേനി എന്നെന്നും അശരണതയിൽ നിന്നും അലസതയിൽ നിന്നും അല്ലാഹുവിൽ അഭയം തേടിക്കൊണ്ടിരിക്കുമായിരുന്നു. ഞാൻ വീണ്ടും ഉണർത്തുകയാണ്, **ഒരിക്കലും അലസരാകരുത്**.

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

# എല്ലാ സമുജ്ജ്വല സ്മാരകങ്ങളും വിസ്മൃതമാവും ദൈവത്തിന്റെ തിരുമുഖം മാത്രം ബാക്കിയാവും

അധികാരത്തിന്റെയും സമ്പത്തിന്റെയും അഹങ്കാരത്താൽ ലോകത്തെ കിടിലംകൊള്ളിച്ച ഭരണാധികാരികൾ കാലത്തിന്റെ താഡനമേറ്റ് ചരിത്രത്തിന്റെ വിസ്മൃത കോണുകളിലേക്ക് തിരോഭവിക്കുന്നു. ഫിർഔന്റെ കഥ വിവരിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ എല്ലാ ഭരണാധികാരികളേയും ഈ ചരിത്ര തത്വം ഓർമ്മിപ്പിക്കുകയാണ്. കോഴിക്കോട്ടുനിന്നും പ്രസിദ്ധീകരിച്ചിരുന്ന മിനാറത്ത് എന്ന ഇംഗ്ലീഷ് മാഗസിന്റെ എഡിറ്ററായിരുന്നു ലേഖകൻ. വിവ: നിലോഫർ സുൽത്താന, കോഴിക്കോട്

എം ആലിക്കോയ

വിശുദ്ധ ഖുർആൻ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്ന മാർഗോപദേശങ്ങളുടെ വിവിധ വീക്ഷണങ്ങൾ മനസ്സിലാക്കിത്തരുന്നതിനായി പുരാതന നാഗരികതകളുടെ ഉയർച്ചയും തകർച്ചയും സംബന്ധിച്ച് ധാരാളം പ്രസ്താവനകൾ നടത്തുന്നുണ്ട്. പുരാതന ഈജിപ്തിലെ നാഗരികത പ്രാചീന കാലത്തെ ഏതൊരു നാഗരികതയേക്കാളും വളരെയധികം പുരോഗമിച്ചതായിരുന്നു. വി. ഖുർആൻ ഈജിപ്റ്റോളജിയുമായി ബന്ധപ്പെട്ട ഒരു പുരാവസ്തുഗവേഷണ ഗ്രന്ഥമല്ല. മെസൊപ്പൊട്ടേമിയ, ഇന്ത്യ, ചൈന എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ ഈജിപ്ഷ്യൻ നാഗരികത അതി പ്രാചീനമാണ്. ഇത് 2000 വർഷത്തിലേറെ അഭിവൃദ്ധി



പ്രാപിക്കുകയും ചരിത്രത്തിലെ ഏറ്റവും നീണ്ടുനിൽക്കുന്ന നാഗരികതയായി മാറുകയും ചെയ്തു. പുരാതന ഈജിപ്തിലെ ഏറ്റവും പ്രസിദ്ധമായ സ്മാരകം ഈജിപ്തുകാർ തങ്ങളുടെ ഭരണാധികാരികൾക്ക് വേണ്ടി നിർമ്മിച്ച ശവകുടീരങ്ങളായ പിരമിഡുകളാണ്. പുരാതന ഈജിപ്തിലെ പിരമിഡുകൾ ലോകത്തിലെ ഏറ്റവും പഴക്കമേറിയതും വലുതുമായ ശിലാ നിർമ്മിതികളാണ്. മുപ്പത്തിയഞ്ച് പ്രധാന പിരമിഡുകളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും നൈൽ നദീതീരത്ത് കാണാം. ഗിസയിലെ മൂന്ന് കൂറ്റൻ പിരമിഡുകൾ പുരാതന ലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നാണ്. പുരാതന ഈജിപ്തിന്റെ മഹത്വത്തി

ന്റെ ഗംഭീര ഓർമ്മപ്പെടുത്തലുകളായി അവ നിലനിൽക്കുന്നു. ഏറ്റവും വലുത് (ചെപോസിന്റെ പിരമിഡ്) 140 മീറ്റർ ഉയരത്തിലാണ്. അമ്പതിനായിരം ചതുരശ്ര മീറ്ററാണ് ഇതിന്റെ അടിവാരം. വാഷിംഗ്ടൺ ഡി.സിയിലെ അമേരിക്കൻ തലസ്ഥാനമായ ക്യാപിറ്റോൾഹില്ലിലെ മുഴുവൻ ക്യാപിറ്റൽ കെട്ടിടവും ഉൾക്കൊള്ളാൻ കഴിയുന്നത്ര വലുതാണവ. രണ്ട് ദശലക്ഷത്തിലധികം ചുണ്ണാമ്പുകല്ലുകൾ ഉപയോഗിച്ചാണ് ഈ പിരമിഡുകൾ നിർമ്മിച്ചിരിക്കുന്നത്, ഓരോ ചുണ്ണാമ്പുകല്ലിനും ശരാശരി 2.3 മെട്രിക് ടൺ ഭാരമുണ്ട്.

പുരാതന ഈജിപ്തിൽ ക്ഷേത്രങ്ങളും ചുണ്ണാമ്പുകല്ലിൽ നിന്നാണ് പണിതത്. അവർ ക്ഷേത്രത്തിന്റെ വിവിധ ഭാഗങ്ങൾ ചെടികളെയോ പാപ്പിറസ് ഞാണകളെയോ സാദൃശ്യപ്പെടുത്തിയാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. നിരവധി നിരകളുള്ള ഒരു വലിയ ഹാളും, തുറന്ന മുറ്റവുമുള്ള ഒരു ദേവാലയവും അതിനകത്ത് അടങ്ങിയിരിക്കുന്നു. പുരാതന ഈജിപ്തുകാർ ജ്യോതിശാസ്ത്രം, ജ്യാമിതി എന്നീ മേഖലകളിൽ നിരീക്ഷണാലയങ്ങൾ സ്ഥാപിച്ചിരുന്നു. അത് വർഷത്തിൽ മുന്നൂറ്റി അറുപത്തിയഞ്ച് ദിവസത്തെ കലണ്ടർ വികസിപ്പിക്കാൻ സഹായിച്ചു. കലണ്ടർ അവരുടെ മിക്ക ചരിത്രവും രേഖപ്പെടുത്താൻ പ്രാപ്തമാക്കി. പുരാതന ഈജിപ്തിൽ നിന്നുള്ള തീയതി കുറിച്ച വസ്തുക്കളും മറ്റും പുരാതന ലോകത്തിന്റെ മറ്റു ഭാഗങ്ങളിലെ സംഭവങ്ങൾ കുറിച്ചുവെക്കുവാനും പണ്ഡിതന്മാരെ സഹായിച്ചിട്ടുണ്ട്. അവർക്ക് വിസ്തീർണ്ണം, ദൈർഘ്യം, ഭാരം എന്നിവ അളക്കാനുള്ള അളവുസമ്പ്രദായം അറിയാമായിരുന്നു. അവർ ജ്യാമിതി ഉപയോഗിച്ചു. പത്തിനേക്കൊണ്ട് എണ്ണുന്ന രീതിയെ അടിസ്ഥാനമാക്കിയ ദശാംശ ഗണിത സമ്പ്രദായം വികസിപ്പിച്ചു. പക്ഷേ ഈ സിസ്റ്റത്തിന് പൂജ്യങ്ങളില്ല. പുരാതന ഈജിപ്ഷ്യൻ ഡോക്ടർമാരാണ് മനുഷ്യശരീരത്തെ ശാസ്ത്രീയമായി പഠിച്ച ആദ്യത്തെ വൈദ്യന്മാർ. അവർ തലച്ചോറിന്റെ ഘടന പഠിച്ചിരുന്നു കൂടാതെ പൾസ് ഏതെങ്കിലും തരത്തിൽ ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അവർക്കറിയാമായിരുന്നു. പൊട്ടിയ അസ്ഥി ശരിയാക്കാനും മുറിവുകളെ പരിചരിക്കാനും പല രോഗങ്ങൾക്കും ചികിത്സ നൽകാനും അവർക്ക് കഴിഞ്ഞു. പ്രത്യേക വൈദ്യശാസ്ത്ര ശാഖകളിൽ വിദഗ്ധരായ ഡോക്ടർമാരുണ്ടായിരുന്നു. പുരാതന ഈജിപ്ഷ്യൻ വ്യാപാരികൾ, മെഡിറ്ററേനിയൻ, ചെങ്കടലിന്റെ അതിർത്തിയിലുള്ള രാജ്യങ്ങൾ എവിടങ്ങളിലേക്ക് സമുദ്ര വാണിജ്യ ബന്ധമുള്ളവരായിരുന്നു.

പുരാതന ഈജിപ്തിനെ കുറിച്ചുള്ള വിവരങ്ങൾ ഈജിപ്തുകാരും, ഹെറോഡൊട്ടസ്, സ്ട്രാബോ തുടങ്ങിയ പ്രശസ്ത ഗ്രീക്ക് എഴുത്തുകാരും എഴുതിയ രേഖകളിൽ നിന്നും ലഭ്യമാണ്. അവിടെ ധാരാളം ഗ്രന്ഥാലയങ്ങളുണ്ടായിരുന്നു. അലക്സാണ്ട്രിയയിലെ പ്രശസ്തമായ ലൈബ്രറിയിൽ 400,000–ലധികം പാപ്പിറസ് ചുരുളുകൾ ഉണ്ട്. അതിൽ ജ്യോതിശാസ്ത്രം, ഭൂമിശാസ്ത്രം, മറ്റ് നിരവധി വിഷയങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. അലക്സാണ്ട്രിയയിൽ ഒരു മികച്ച മ്യൂസിയവും ഉണ്ടായിരുന്നു. കൂടാതെ അവരാണ് ലോകത്തിലെ ആദ്യത്തെ ദേശീയ സർക്കാർ രൂപീകരിച്ചത്. അവരാണ് ഹൈറോഗ്ലിഫിക്സ് എന്ന ചിത്രലിപി രചനകൾ ആവിഷക്കരിച്ചത്. റോമൻ ഭരണത്തിൻ കീഴിലാകുന്നതുവരെ ഈജിപ്തുകാർ ഹൈറോഗ്ലിഫിക്സ് ഉപയോഗിച്ചുപോന്നു. ശേഷം ഹൈറോഗ്ലിഫിക്സ് എന്ന ലേഖന വിദ്യ ക്രമേണ അവർക്ക് നഷ്ടമായി. പിന്നീട് പുരാതന ഈജിപ്തിലെ എഴുത്തുരീതി മനസ്സിലാക്കാൻ ആയിരക്കണക്കിനു വർഷങ്ങളായി പണ്ഡിതന്മാർ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. 1799–ൽ അലക്സാണ്ട്രിയക്കടുത്തുള്ള റോസെറ്റ നഗരത്തിന് പുറത്ത് പുരാതന ഗ്രീക്കും ഈജിപ്ഷ്യൻ രചനകളിലുമുള്ള ഒരു കൽപലക കണ്ടെത്തി. റോസെറ്റ കല്ല് എന്ന് വിളിക്കപ്പെടുന്ന ഈ കൽപലകയിൽ നിന്നും ഫ്രഞ്ച് പണ്ഡിതനായ ചെമ്പോളിയൻ (Chempollian) ഗ്രീക്കും ഈജിപ്ഷ്യൻ പദങ്ങളും താരതമ്യം ചെയ്യാൻ തുടങ്ങി. 1822 ആയപ്പോഴേക്കും അദ്ദേഹം ഹൈറോഗ്ലിഫിക്സ് മനസ്സിലാക്കി അതിനെ വ്യാഖ്യാനിക്കുവാൻ സാധിച്ചു. അതിനുശേഷം വികസിപ്പിച്ച നിഘണ്ടുക്കൾ ഈജിപ്തിലെ ക്ഷേത്രങ്ങളിലും ശവകുടീരങ്ങളിലുമുള്ള നിരവധി സ്മാരകങ്ങളിലെ രചനകൾ വിവർത്തനം ചെയ്യാൻ പണ്ഡിതന്മാരെ സഹായിച്ചിട്ടുണ്ട്.

പുരാതന ഈജിപ്തിന്റെ ചരിത്രത്തിലുടനീളം രാജാക്കന്മാരാണ് ഭരിച്ചത്. 1554 ബി.സിക്കും 1304 ബി.സിക്കും ഇടയിൽ ആളുകൾ രാജാവിനെ ഫറവോൻ എന്ന് വിളിക്കാൻ തുടങ്ങി. ഫറവോൻ എന്ന വാക്ക് ഈജിപ്ഷ്യൻ ഭാഷയിൽ മഹാ വനം എന്ന വാക്കിൽ നിന്നും നിഷ്പന്നമായതാണ്. ഈജിപ്തുകാർ തങ്ങളുടെ ഓരോ രാജാക്കൻമാരെയും മനുഷ്യരൂപത്തിലുള്ള ഹോറിസ് ദൈവമാണെന്ന് വിശ്വസിച്ചു. ഈ വിശ്വാസം രാജാക്കന്മാരുടെ സമ്പൂർണ്ണ അധികാരം ശക്തിപ്പെടുത്താൻ സഹായിക്കുകയും ചെയ്തു. ഈജിപ്ഷ്യൻ നാഗരികത ആരംഭിച്ചത് ഏകദേശം 3100 ബി.സി യിലാണ്. നൈൽ നദീമുഖത്തിലെ തുരുത്തിലാണ് ആദ്യകാല സമൂഹങ്ങൾ താമസിക്കാൻ തുടങ്ങിയിരുന്നത്. മെനെസ് രാജാവ് രാജ്യത്തെ ഒന്നിപ്പിക്കുകയും ലോകത്തിലെ ആദ്യത്തെ ദേശീയ സർക്കാർ രൂപീകരിക്കുകയും ചെയ്തു. അദ്ദേഹമാണ് ഈജിപ്ഷ്യൻ രാജവംശം സ്ഥാപിച്ചത്. മറ്റ് 30 ലധികം രാജവംശങ്ങൾ പുരാതന ഈജിപ്തിനെ ഭരിച്ചു. ഈജിപ്തുകാർ

അങ്ങേയറ്റം മതവിശ്വാസികളായിരുന്നു. മരണാനന്തര ജീവിതത്തിലുള്ള അവരുടെ വിശ്വാസം അവരുടെ സംസ്കാരത്തിന്റെ ഒരു പ്രധാന ഭാഗമായിരുന്നു. പ്രകൃതിയുടെ നിഗൂഢതകളാൽ സംഭ്രമിച്ചുപോയ പുരാതന ഈജിപ്തുകാർ അമാനുഷികവും അലൗകികവുമായ ശക്തികളിലുള്ള വിശ്വാസം സ്വീകരിച്ചു. നൈൽ നദി, സൂര്യൻ, ഫറവോൻ എന്നിവരാണ് അവരുടെ മുഖ്യ ദേവന്മാർ, മറ്റു പല ശക്തികളെയും പ്രതിനിധീകരിച്ചുകൊണ്ടുള്ള ദേവന്മാരും ഉണ്ടായിരുന്നു. 'റാ' എന്ന സൂര്യദേവനെ 'അമോൺ' എന്നുമാണ് വിളിച്ചിരുന്നത്. ഉ ആയിരുന്നു ഏറ്റവും പ്രചാരമുള്ള ദൈവം. 'ഉ'യുടെ തൊട്ടടുത്തുള്ള ദേവന്മാരിൽ ഏറ്റവും പ്രചാരമുള്ളത് 'ഒസിരിസ്' നൈൽ നദിയുടെ ദൈവം. നിരവധി വംശങ്ങൾക്കും നഗരങ്ങൾക്കും അവരുടേതായ ദേവന്മാരുണ്ടായിരുന്നു. മെംഫിസിന് ട്ടാഹ് എന്നും തീബ്സിന് അമോൺ റാ എന്നും ഹീറോപോളിസിന് ഓറസ് എന്നും പേരുള്ള ദൈവം ഉണ്ടായിരുന്നു. ഈ പേരുകളിൽ അറിയപ്പെട്ട ഫറവോന്മാരിൽ ഒരാളായ ഇക്നോട്ടൻ, സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ദൈവമായ അറ്റൻ ഏകദൈവമായി പ്രഖ്യാപിക്കുകയും ഈ ദൈവത്തെ മാത്രം ആരാധിച്ചാൽ മതി എന്ന് നിർബന്ധിക്കുകയും ചെയ്തു. പുരോഹിതന്മാർക്ക് ഈ പുതിയ മതം ഇഷ്ടപ്പെട്ടില്ല. അവർ കലാപം ആരംഭിച്ചു ഫറവോനെ കൊലപ്പെടുത്തി പഴയ ക്രമത്തെ തിരികെ കൊണ്ടുവന്നു.

1291 ബി. സി മുതൽ – 1224 ബി. സി വരെ ഭരിച്ച ഈജിപ്തിലെ പ്രശസ്ത സിംഹവൽക്കരിക്കപ്പെട്ട രാജാവാണ് മൂസാനബിയുടെ (അ) കാലത്തെ ഫറോവ റംസീസ് രണ്ടാമൻ. ചെറുപ്രായത്തിൽ തന്നെ അദ്ദേഹം സിംഹാസനാരൂഢനായി. തന്റെ ഭരണം തുടങ്ങുന്നതിനുമുമ്പ് അദ്ദേഹം കുറച്ചുകാലം പിതാവ് സെതി ഒന്നാമനുമായി ഭരണം പങ്കിടുകയുണ്ടായി. അദ്ദേഹത്തിന്റെ നേട്ടങ്ങൾ വളരെ മഹത്തരമായിരുന്നു, ചരിത്രകാരന്മാർക്ക് പുരാതന ഈജിപ്തിനെക്കുറിച്ചുള്ള ധാരാളം വിവരങ്ങൾ ലഭിക്കുന്നത് റംസീസിസിൽ നിന്നാണ്. സൈനിക മുന്നേറ്റങ്ങളുടെ കാര്യത്തിൽ അദ്ദേഹം പ്രത്യേകം അനുസ്മരിക്കപ്പെടുന്നു. സിറിയയുടെ മേലുള്ള ഹിത്യരുടെ (Hittite) നിയന്ത്രണം അവസാനിപ്പിക്കാൻ റംസീസ് ശ്രമിക്കുകയും മികച്ച വിജയം നേടുകയും ചെയ്തു. വലിയ തോതിലുള്ള അദ്ദേഹത്തിന്റെ വിപുലമായ വാസ്തുവിദ്യാ പുരോഗതി അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു, അതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും പ്രകടമാണ്. എല്ലാ പ്രധാനപ്പെട്ട ഈജിപ്ഷ്യൻ നഗരത്തിന്റെ സമീപ സ്ഥലങ്ങളിലും അദ്ദേഹം നിരവധി ശിലാക്ഷേത്രങ്ങൾ പണിതു. നൈൽ നദീമുഖത്തിലെ തുരുത്തിൽ അദ്ദേഹം പുതിയ തലസ്ഥാനമായ തീബ്സ് നിർമ്മിച്ചു. അബു സിംബെൽ എന്ന ക്ഷേത്രമാണ് അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ കെട്ടിടം. ഇത് പൂർണ്ണമായും പാറക്കെട്ടിൽ പണിതതാണ്. എഴുപത് അടി ഉയരമുള്ള ഫറവോന്റെ നാല് കൂറ്റൻ പ്രതിമകളാണ് ഈ ക്ഷേത്രത്തിന് മുന്നിൽ പണിതിരിക്കുന്നത്. വാസ്തവത്തിൽ അദ്ദേഹം നേടിയ രാഷ്ട്രീയ ശക്തി ഈജിപ്തിനെ വളരെയധികം മഹത്തരമാക്കി. പക്ഷേ, അദ്ദേഹം അത് നേടാൻ ഉപയോഗിച്ച മാർഗങ്ങളും രീതികളും വളരെ ക്രൂരവും മനുഷ്യ ചരിത്രത്തിലെ ഒരു ഇരുണ്ട അദ്ധ്യായവുമായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

'തീർച്ചയായും ഫറോവൻ നാട്ടിൽ സ്വേച്ഛാധിപതിയായിരുന്നു. അവൻ അതിക്രമകാരികളിൽപ്പെട്ടവനുമായിരുന്നു.' (10:84).

'അവന്റെ സൈന്യങ്ങളും നാട്ടിൽ അന്യായമായി അഹങ്കരിച്ചു. അവൻ നമ്മുടെ അടുക്കലേക്ക് തിരിച്ചുകൊണ്ടുവരപ്പെടുകയില്ലെന്ന് അവർ ധരിക്കുകയും ചെയ്തു.' (28:40)

'നിങ്ങളുടെ പുരുഷ സന്താനങ്ങളെ അറുകൊല ചെയ്തുകൊണ്ടും നിങ്ങളുടെ സ്ത്രീകളെ ജീവിക്കുവാൻ വിട്ടുകൊണ്ടും' (2:50)

'വാസ്തവത്തിൽ ഫറവോൻ ഒരു സ്വേച്ഛാധിപതിയും ഭീകരതയുടെ ഉറവിടവുമായിരുന്നു. തന്നെ അനുസരിക്കാത്തതിനാൽ അവൻ അവരുടെ കൈകാലുകൾ ഛേദിച്ച് ക്രൂശിക്കുമെന്ന് അവൻ ഭീഷണിപ്പെടുത്തി. വിശുദ്ധ ഖുർആൻ ഫറോവന് നൽകിയ നാമം: കീലകങ്ങളുടെ ഉടമസ്ഥനായ ഫിർഔൻ' (38:12) എന്നാണ്.

അത് എല്ലാവിധത്തിലും അധികാരത്തെയും അഹങ്കാരത്തെയും സൂചിപ്പിക്കുന്നു. അധികാരത്തിന്റെ അഹങ്കാരത്തിൽ ഫറവോന്മാർ സ്ഥാപിച്ച ക്രൂരമായ ശിക്ഷയാണ് ശൂലം കൊണ്ട് കുത്തിപിളർത്തുക എന്നത്. അങ്ങനെ അവൻ ജനങ്ങളെ സംഘടിപ്പിച്ചു വിളിച്ചുകൂട്ടി ഉച്ചത്തിൽ പ്രഖ്യാപിച്ചു.

'അവൻ പറഞ്ഞു: നിങ്ങളുടെ പരമോന്നതനായ നാഥനാണ് ഞാൻ' (79:23) 'ഞാനല്ലാത്ത മറ്റൊരു ദൈവത്തെ നീ സ്വീകരിക്കുന്ന പക്ഷം തീർച്ചയായും ഞാൻ നിന്നെ ബന്ധനത്തിലാക്കുന്നതാണ്' (26:30)

'ഫിർഔൻ പറഞ്ഞു : ഓ ഹമാൻ, എനിക്കായി ഒരു ഉന്നത സൗധം പണിതുതരൂ, ഞാൻ ആ മാർഗത്തിൽ എത്താൻ വേണ്ടി. അതായത്, ആകാശങ്ങളിലേക്കുള്ള മാർഗങ്ങളിൽ. എന്നിട്ട് മൂസായുടെ ദൈവത്തെ ഞാനൊന്നു നോക്കിക്കാണട്ടെ! തീർച്ചയായും അവൻ കളവു പറയുന്നവനാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇപ്രകാരം ഫിർഔന്റെ കർമദോഷം അലംകൃതമായി കാണിക്കപ്പെട്ടു. നേർമാർഗത്തിൽ നിന്ന് അവൻ തടയപ്പെടുകയും ചെയ്തു. ഫിർഔന്റെ കുത



ഗ്രേറ്റ് ഫിങ്ക്സ് (Great Phinx)

ന്ത്രം നാശത്തിലല്ലാതെ പര്യവ സാനിച്ചിട്ടില്ല.' (40:3738)

'നാം അവരെ നരകത്തിലേക്ക് (ജനങ്ങളെ) ക്ഷണിക്കുന്ന നേതാക്കളാക്കിയിരിക്കുന്നു.' (28:42)

'ഫിർഔനും അവന്റെ ജനതയും നിർമ്മിച്ചുകൊണ്ടിരുന്ന(എല്ലാ വസ്തുക്കളും) അവർ പടത്തുയർത്തിക്കൊണ്ടിരുന്ന (ഉന്നത സൗധങ്ങളും) നാം നിശ്ശേഷം തകർത്തു.' (7:138)

'അങ്ങനെ അക്രമം പ്രവർത്തിച്ചു കൊണ്ടിരുന്ന എത്രയെത്ര നാടുകളെയാണ് നാം നശിപ്പിച്ചത്? അവരുടെ മേൽത്തട്ടുകളിൻ മേൽ അവ വീണുകിടക്കുകയാണ്. ഉപയോഗശൂന്യമാക്കപ്പെട്ട എത്ര കിണറുകൾ! എത്ര ഉയർന്ന സൗധങ്ങൾ!' (22:46)

അങ്ങനെ ഫറോവയും ഫറോവന്റെ വിദഗ്ധരും വളരെയധികം വൈദഗ്ദ്ധ്യത്തോടും അഭിമാനത്തോടും കൂടി നിർമ്മിച്ച സമുജ്ജ്വലമായ സ്മാരകങ്ങൾ പൊടിപടലങ്ങൾകൊണ്ട് ശേഖരിച്ചു. അവരുടെ മഹാനഗരങ്ങളായ തീബ്സും മെംഫിസും, മറ്റ് ഗംഭീരമായ നഗരങ്ങളും മണലിൽ നിന്ന് കുഴിച്ചെടുക്കേണ്ടിവന്നു. ഗ്രേറ്റ് ഫിങ്ക്സ് (Great Phinx) പോലുള്ള യുഗങ്ങളെ വെല്ലുവിളിച്ച സ്മാരകങ്ങൾ പോലും മണലിൽ കുഴിച്ചുമൂടപ്പെട്ടു. ഈ നഗരങ്ങൾ വീണ്ടെടുത്ത സമീപകാല പുരാവസ്തു ഗവേഷകരോട് അവർ കടപ്പെട്ടിരിക്കുന്നു. ഗ്രേറ്റ് ഫിങ്ക്സ് എന്ന ഈ മഹത്തായ പ്രതിമ ഖഫ്രെ രാജാവിനെ പ്രതിനിധാനം ചെയ്യുന്നു അതിന് മനുഷ്യ തലയും സിംഹത്തിന്റെ ശരീരവുമാണുള്ളത്. ഇതിന് എഴുപത്തിമൂന്ന് മീറ്റർ നീളവും ഇരുപത് മീറ്റർ ഉയരവുമുണ്ട്. ഗിസയിലെ ഗ്രേറ്റ് പിരമിഡിന് സമീപമുള്ള ഗ്രേറ്റ് ഫിങ്ക്സ് ഏകദേശം നാലായിരത്തി അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പ് കൊത്തിയെടുത്തതായിരുന്നു. ഈ സാഹചര്യത്തിൽ വിശുദ്ധ ഖുർആൻ എല്ലാ തലമുറകളെയും ഉദ്ബോധിപ്പിക്കുന്നു:

'എന്നാൽ അവർ ഭൂമിയിൽ സഞ്ചരിച്ചു നോക്കുന്നില്ലേ? എങ്കിൽ അവർക്കു ചിന്തിച്ചു മനസ്സിലാക്കുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കുന്ന ചെവികളും ഉണ്ടാകുമായിരുന്നു. എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല. പക്ഷേ നെഞ്ചുകളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത്' (22:47).

1743ൽ ഡോ. റിച്ചാർഡ് പോക്കോക്ക് എന്ന സഞ്ചാരി ഈജിപ്ത് സന്ദർശിച്ചു. 'ഈജിപ്തിലെ യാത്രകൾ' എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം എഴുതി: മിക്ക പിരമിഡുകളും പ്രൗഢഗംഭീരമായ നിർമാണങ്ങളും വളരെയധികം നശിച്ചുപോയിരിക്കുന്നു. ഫറവോന്റെ സമ്പൂർണ്ണ വിസ്മൃതിയിലേക്കുള്ള പതനത്തെ വിശുദ്ധ ഖുർആൻ ഉയർത്തിക്കാട്ടുന്നു. ഇതിനെ ദൃഢപ്പെടുത്തുന്നതായിരുന്നു ഷെല്ലിയുടെ ഒസിമാണ്ടിയാസ് (Ozymandias) എന്ന കവിത. പെർസി ബൈഷെ ഷെല്ലി, പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു ഇംഗ്ലീഷ് കവിയാണ്. അദ്ദേഹം ഇംഗ്ലീഷ് സാഹിത്യത്തിലെ കുലപതിയും ചിന്താസ്വാതന്ത്ര്യത്തിന്റെ സമുന്നത വക്താവുമായിരുന്നു. എല്ലാത്തരം സ്വേച്ഛാധിപത്യത്തിനെതിരെയും ഷെല്ലി നിലകൊണ്ടു. അദ്ദേഹത്തിന്റെ മഹത്തായ കവിതയുടെ വിപ്ലവകരമായ ആശയങ്ങൾ സാമൂഹികവും രാഷ്ട്രീയവുമായ അടിമത്തത്തിന്നെതിരെയുള്ളതും ധാർമ്മികവും മാനസികവും

ഭീകരതയുടെ ഉറവിടമായിരു ന്ന വ്യർത്ഥനായ ആ ഭരണാധികാരി നിശ്ചേതനനായി കിടക്കുകയാണ്. കൂറ്റൻ പ്രതിമയുടെ അപരിഹാര്യമായ തകർച്ചയും അതിരുകളില്ലാത്ത മരുഭൂമിയും വിദൂരമായി വ്യാപിച്ചുകിടക്കുന്നു. ഫറവോയുടെ ഗംഭീരമായ പ്രവർത്തനത്തിന്റെ ഒരു അടയാളവും എവിടെയും അവശേഷിക്കുന്നില്ല. വാസ്തവത്തിൽ, ലൗകിക മഹത്വങ്ങൾ ക്ഷണികമാണെന്നും അധികാരത്തിന്റെ നേട്ടങ്ങൾ നശ്വരമാണെന്നും ഷെല്ലി തന്റെ കവിതയിലൂടെ ചൂണ്ടിക്കാണിക്കുകയായിരുന്നു. ഇതുതന്നെയാണ് ഫറവോന്റെ കഥയിലൂടെ വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്ന തത്വങ്ങൾ.

ചരിത്രപരവുമായ മാനങ്ങളുൾക്കൊണ്ടതുമായിരുന്നു.

ഷെല്ലിയുടെ കവിത ഓസിമാണ്ടിയാസ്, തീബ്സിലെ റംസ്സീസിന്റെ ശ്മശാന ക്ഷേത്രമായ റമേസിയത്തിന്റെ നിലംപതിച്ച പ്രതിമകളുടെ ദൃശ്യങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടതായിരുന്നു ആ കവിത. ചരിത്രകാരനായ ഡയോഡ്രസ് സിക്യുലസിന്റെ അഭിപ്രായത്തിൽ ഈജിപ്തിലെ ഏറ്റവും വലിയ പ്രതിമയിൽ പ്രസ്തുത ലിഖിതമുണ്ടായിരുന്നു:

'ഞാൻ രാജാക്കന്മാരുടെ രാജാവാണ്; ഞാൻ ശക്തനും ഭയപ്പെടേണ്ടവനുമാണ്- ഞാൻ എന്താണെന്നും എവിടെയാണെന്നും അറിയാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ, എന്റെ ചില വിജയങ്ങൾ അവർ മറികടക്കട്ടെ.' മൈലുകളോളം മരുഭൂമിയുടെ വിശാലതയല്ലതെ അദ്ദേഹം കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് ഒരു സൂചനയും ഇല്ലാത്തതിനാൽ പീഠത്തിലെ ഈ എഴുത്ത് വിരോധാഭാസമാണ്. മൂർത്തമായ അധികാരത്തിന്റെ വിമർശനമാണ് ഷെല്ലിയുടെ ഓസ്മാണ്ടിയാസ്. ഈ ലഘുകാവ്യത്തിൽ ഷെല്ലി വിജന ശൂന്യമായ പശ്ചാത്തലത്തിൽ തീബ്സിന്റെ സുശക്തമായ ചക്രവർത്തി റംസീസ് രണ്ടാമൻ എന്ന സ്വേച്ഛാധിപതിയുടെ ക്ഷുദ്രമനസ്സ് മനോഹരമായും അതിവിദഗ്ധമായും വരച്ചുകാട്ടുന്നു. മരുഭൂമിയിലെ മണൽ പരപ്പിൽ തകർന്നു കിടക്കുന്ന ചക്രവർത്തികളുടെ പ്രതിമ. തകർന്നു കിടക്കുന്ന വദനഭാഗത്ത് വികാരശൂന്യമായ അധികാരത്തിന്റെ ഒരു ഭാവമാണുള്ളത്. സ്വേച്ഛാധിപതിയുടെ മിഥ്യാസ്വപ്നങ്ങളും അവന്റെ മഹത്വത്തിന്റെ കനവുകളും പ്രതിമയിൽ കോറിയിട്ട ശിലാലിഖിതങ്ങളിൽ നന്നായി ഉൾക്കൊള്ളുന്നു. എന്നാൽ, സർവ്വസംഹാരിയായ കാലത്തിന്റെ ശക്തി സ്വേച്ഛാധിപതിയെ നിസ്സഹായനായ ഒരു മുടന്തനും പരിഹാസത്തിന്ന് ശരവ്യനുമാക്കിത്തീർത്തിരിക്കുന്നു.

ഭീകരതയുടെ ഉറവിടമായിരുന്ന വ്യർത്ഥനായ ആ ഭരണാധികാരി നിശ്ചേതനനായി കിടക്കുകയാണ്. കൂറ്റൻ പ്രതിമയുടെ അപരിഹാര്യമായ തകർച്ചയും അതിരുകളില്ലാത്ത മരുഭൂമിയും വിദൂരമായി വ്യാപിച്ചുകിടക്കുന്നു. ഫറവോയുടെ ഗംഭീരമായ പ്രവർത്തനത്തിന്റെ ഒരു അടയാളവും എവിടെയും അവശേഷിക്കുന്നില്ല. വാസ്തവത്തിൽ, ലൗകിക മഹത്വങ്ങൾ ക്ഷണികമാണെന്നും അധികാരത്തിന്റെ നേട്ടങ്ങൾ നശ്വരമാണെന്നും ഷെല്ലി തന്റെ കവിതയിലൂടെ ചൂണ്ടിക്കാണിക്കുകയായിരുന്നു. ഇതുതന്നെയാണ് ഫറവോന്റെ കഥയിലൂടെ വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്ന തത്വങ്ങൾ.

മൂസാ നബിയുടെ പ്രതിനായകനായ ഈ ദുഷ്ട സ്വേച്ഛാധിപതിയെ കുറിച്ച് വിവരിക്കാൻ വിശുദ്ധ ഖുർആൻ ധാരാളം സ്ഥലം ചെലവഴിച്ചിരിക്കുന്നത് സ്വാഭാവികമാണ്. വിശുദ്ധ ഖുർആനിലെ പത്തിലധികം അധ്യായങ്ങളിൽ ഫറോവയെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഏഴ്, പത്ത്, ഇരുപത്, ഇരുപത്തിയാറ് എന്നീ അധ്യായങ്ങളിൽ കൂടുതൽ സംഗ്രഹിച്ച വാക്യങ്ങളും ലളിതമായ ഓർമ്മപ്പെടുത്തലുകളും വിശുദ്ധ ഖുർആനിൽ ഉടനീളം കാണാം. ഈജിപ്ഷ്യൻ ഭാഗത്തെ പ്രധാന കഥാപാത്രമായ ഫറവോന്റെ പേര് വിശുദ്ധ ഖുർആനിൽ അതിന്റെ ഇരുപത്തിയേഴ് അധ്യായങ്ങളിൽ എഴുപത്തിനാലു തവണ ആവർത്തിക്കുന്നു. അത്തരം സ്വേച്ഛാധിപതികൾ അനിവര്യമായും വിസ്മൃതിയിലാകുമെന്ന് ഖുർആൻ എടുത്തുകാണിക്കുന്നു. ഫറവോൻ തന്റെ പ്രജകളെ ഭയപ്പെടുത്തി, പുതിയ ദേശങ്ങൾ കീഴടക്കി, വൻതോതിൽ പ്രദേശങ്ങളിൽ അധികാരം വിപുലീകരിച്ചു. ഫറോവയുടെ പേര് പരാമർശിക്കുമ്പോൾ തന്നെ ആളുകൾ വിറകൊള്ളുമായിരുന്നു. അവന്റെ കൽപ്പനകൾ ചോദ്യം ചെയ്യാതെ അനുസരിക്കപ്പെടുമായിരുന്നു. തന്റെ പ്രജകളെ അടിച്ചമർത്തുന്നതിനായി ദുഷിച്ച പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായി. എന്നിട്ടദ്ദേഹം പ്രഖ്യാപിച്ചു: 'ഞാൻ നിങ്ങളുടെ അത്യുന്നത ദൈവമാണ്.' അത്തരം സ്വേച്ഛാധിപതികൾ ചരിത്രത്തിൽ നിറഞ്ഞു നിൽക്കുന്നു. അതിനാൽ വിശുദ്ധ ഖുർആൻ ഭരണാധികാരികളെ ഓർമ്മിപ്പിക്കുന്നു:

'തങ്ങൾക്ക് മുമ്പുള്ളവരുടെ അന്ത്യം എങ്ങനെയായിരുന്നു എന്നതിന് മുമ്പ് അവർ ഭൂമിയിൽ സഞ്ചരിക്കുന്നില്ലേ? അവർ തങ്ങളെക്കാൾ ശക്തരായിരുന്നു, ഭൂമിയിൽ അവശിഷ്ടങ്ങൾ അവശേഷിപ്പിച്ചു. ദുഷ്പ്രവൃത്തിക്കാർക്ക് ദൈവം മതിയായ അവധി നൽകി. എന്നിട്ടും അവർ നിരസിച്ചു. ദൈവം അവരെ പിടികൂടി. വിശുദ്ധ ഖുർആൻ മനുഷ്യരുടെ ഈ മനോഭാവത്തെ വിശദീകരിക്കുന്നു: ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങൾ അവയുടെ അരികിൽ കൂടി അവയെ കണ്ടുകൊണ്ട് അവയെ കുറിച്ച് അശ്രദ്ധരായി കടന്നുപോകുന്നു.' (12:105)

പൂർണ്ണമായും ഭൗതികമായ നാഗരികത ആഢംബരത്തിലും പ്രദർശനപരതയിലും അഭിമാനിക്കുന്നു എന്നതാണ് ഫറവോനെക്കുറിച്ചുള്ള വിശുദ്ധ ഖുർആനിന്റെ സന്ദേശം. ഏതാനും തലമുറകൾ മാത്രം അനുസ്മരിക്കപ്പെടുന്നവരുടെ സമാരകങ്ങൾ അവരുടെ ആരാധകർ ലോകത്തിന്റെ മുക്കിലും മൂലയിലും പണിതുയർത്തുന്നു. ഫറവോനെ സംബന്ധിച്ചിടത്തോളം ഖുർആൻ ശ്രദ്ധേയമായ നിരവധി പാഠങ്ങൾ ഈ ചരിത്ര വിവരണത്തിൽ നൽകുന്നു. അല്ലാഹു മൂസാ നബിയോട് ഇപ്രകാരം നിർദ്ദേശിച്ചു:

'നീ ഫിർഔന്റെ അടുക്കലേക്ക് പോകുക. കാരണം അവൻ ധിക്കാരിയായിരിക്കുകയാണ്. അവനോട് പറയുക വിശുദ്ധിയാർ

ജിക്കാനും നിന്റെ നാഥങ്കലേക്ക് നിനക്ക് ഞാൻ നേർമാർഗം കാണിച്ചു തരാനും തൽഫലമായി അവനെ നീ ഭയപ്പെടാനും നിനക്കാഗ്രഹമുണ്ടോ? അങ്ങനെ അദ്ദേഹം ചെന്ന് അവന് അതിമഹത്തായ ആ ദൃഷ്ടാന്തം കാണിച്ചു കൊടുത്തു അപ്പോൾ അവൻ നിരാകരിക്കുകയും ധിക്കരിക്കുകയും ചെയ്തു എന്നിട്ട് അവൻ കുഴപ്പമുണ്ടാക്കാൻ പരിശ്രമിച്ചു കൊണ്ട് പിന്തിരിഞ്ഞു പോയി അങ്ങനെ അവൻ ജനങ്ങളെ സംഘടിപ്പിച്ച് വിളിച്ചു കൂട്ടി ഉച്ചത്തിൽ പ്രഖ്യാപിച്ചു അവൻ പറഞ്ഞു "നിങ്ങളുടെ പരമോന്നതനായ നാഥനാണ് ഞാൻ" അതിനാൽ അല്ലാഹു അവനെ പിടിച്ച് പരലോകത്തേയും ഇഹലോകത്തേയും ശിക്ഷക്കൊണ്ട് ശിക്ഷിച്ചു തീർച്ചയായും ഭയപ്പെടുന്നവർക്ക് ഇതിൽ ഒരു വലിയ ഗുണപാഠമുണ്ട്. (79:1827).

ഈ കുറഞ്ഞ വാക്കുകളിൽ ചിന്താശീലർക്ക് നിരവധി കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

ഫറവോൻ രാജവംശം ബി.സി ആയിരത്തി അഞ്ഞൂറിൽ ആരംഭിച്ച് റാംസീസ് രണ്ടാമന്റെ കാലഘട്ടത്തിൽ അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തി. പുരാതന ഈജിപ്തിന്റെ തകർച്ച റാംസീസിന്റെ മരണത്തിന് തൊട്ടുപിന്നാലെയാണ് ആരംഭിച്ചത്. പ്രഭുക്കന്മാരുടെ രാജകീയ അധികാരത്തിനായുള്ള കടുത്ത പോരാട്ടം രാജ്യത്തെ ചെറിയ പ്രവിശ്യകളാക്കി വിഭജിച്ചു. ഈജിപ്തിന് വിദേശത്തുണ്ടായിരുന്ന പ്രദേശങ്ങൾ നഷ്ടപ്പെടുകയും ആക്രമണകാരികൾക്ക് ഇരയായി ത്തീരുകയും ചെയ്തു. പുരാതന ഈജിപ്തിന്റെ തകർച്ച ബി.സി ആയിരത്തി എഴുപതിലായിരുന്നു ഇരുപതാം രാജവംശം റാംസീസ് പന്ത്രണ്ടാമനോടുകൂടി അത് അവസാനിക്കുകയും ചെയ്തു.

ഈജിപ്തിനെ നുബിയൻ, അസീറിയൻ, പേർഷ്യൻ ഭരണാധികാരികൾ ഭരിച്ചു. പിന്നെ മാസിഡോണിയൻ ജേതാവായ മഹാനായ അലക്സാണ്ടർ ഈജിപ്തിനെ തന്റെ സാമ്രാജ്യത്തിലേക്ക് ചേർത്തു. അലക്സാണ്ടറുടെ മരണശേഷം ടോളമി ഈജിപ്തിന്റെ നിയന്ത്രണം നേടി. പുരാതന കാലത്തെ ഏറ്റവും പ്രശസ്തനായ വ്യക്തികളിൽ ഒരാളായ ക്ലിയോപാട്രയായിരുന്നു അവസാന ടോളമി രാജവംശത്തിലെ ഭരണാധികാരി. ബി.സി മുപ്പത്തിയൊന്നിൽ മാർക്ക് ആന്റണിയുടെ സൈന്യവുമായി ചേർന്ന ക്ലിയോപാട്ര റോമൻ ചക്രവർത്തി അഗസ്റ്റ് സീസറുമായുള്ള യുദ്ധത്തിൽ പരാജയപ്പെടുകയും ഈജിപ്ത് റോമൻ സാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയായി മാറുകയും ചെയ്തു. റോമൻ ഭരണത്തിൻ കീഴിൽ ഈജിപ്ഷ്യൻ വാസ്തുവിദ്യയുടെ പ്രമാണ്യം നഷ്ടപ്പെടുകയും അതിന്റെ പാരമ്പര്യവും പുരാതന നാഗരികതയും ക്രമേണ അവസാനിച്ചുപോകുകയും ചെയ്തു.

വിശുദ്ധ ഖുർആൻ പറയുന്നു: 'അത് നാശമടഞ്ഞ പട്ടണങ്ങളുടെ വൃത്താന്തങ്ങളിൽ പെട്ടതാണ്. നിനക്ക് നാം അതു വിവരിച്ചു തരുന്നു അവരിൽ ചിലത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മറ്റുചിലത് നശിച്ചു നാമാവശേഷമായി. നാം അവരോട് അന്യായം പ്രവർത്തിച്ചിട്ടില്ല. പക്ഷേ അവർ തങ്ങളോട് തന്നെയാണ് അന്യായം പ്രവർത്തിച്ചിട്ടുള്ളത്. അങ്ങനെ നിന്റെ നാഥന്റെ കൽപന വന്നെത്തിയപ്പോൾ അല്ലാഹുവിനു പുറമെ അവർ വിളിച്ചു പ്രാർത്ഥിക്കാറുണ്ടായിരുന്ന അവരുടെ ദൈവങ്ങൾ അവർക്കൊരു പ്രയോജനവും ചെയ്തില്ല. ആ ദൈവങ്ങൾ അവർക്ക് നാശത്തെയെല്ലാതെ വർധിപ്പിച്ചുമില്ല. പട്ടണങ്ങൾ അക്രമികളായിരിക്കെ നിന്റെ നാഥൻ അവയെ പിടിച്ച് ശിക്ഷിക്കുമ്പോൾ ഇപ്രകാരം തന്നെയാണ് നിന്റെ നാഥന്റെ പിടിത്തം. തീർച്ചയായും അവന്റെ പിടിത്തം വേദനാജനകവും കഠിനവുമാണ്. പരലോകശിക്ഷ ഭയപ്പെടുന്നവർക്ക് തീർച്ചയായും ഇതിൽ ഒരു ദൃഷ്ടാന്തമുണ്ട്. സമസ്ഥ മനുഷ്യരെയും ഒരുമിച്ച് കൂട്ടപെടുന്ന ഒരു നാളാണത്. (എല്ലാവരാലും സാക്ഷ്യം വഹിക്കപ്പെടുന്ന ഒരു നാളുമാണത്)' (11:101-104).

ഖുർആൻ വീണ്ടും പറയുന്നു: 'ബാഹ്യവശം (മാത്രം) അവർ ഗ്രഹിക്കുന്നു. പക്ഷെ, പാരത്രികജീവിതത്തെ കുറിച്ച് അവർ തികച്ചും അശ്രദ്ധരാണ്. അവർ തങ്ങളുടെ മനസ്സിൽ ചിന്തിച്ചു നോക്കിയിട്ടില്ലെ? അല്ലാഹു ആകാശങ്ങളെയും ഭൂമിയേയും അവയ്ക്ക് ഇടയിലുള്ള വസ്തുക്കളെയും യുക്തിദീക്ഷയോടും നിശ്ചിത അവധി അനുസരിച്ചു മല്ലാതെ സൃഷ്ടിച്ചിട്ടില്ല. മനുഷ്യരിൽ അധികമാളുകളും തങ്ങളുടെ നാഥനുമായി കണ്ടുമുട്ടുന്നതിനെ നിഷേധിക്കുന്നവരാണ്. ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലെ? എങ്കിൽ മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് ഇവർക്ക് നോക്കി കാണാമായിരുന്നു. ശക്തിയിൽ അവർ ഇവരേക്കാൾ മികച്ചവരായിരുന്നു. അവർ ഭൂമി ഇളക്കി മറിച്ചു. (ഉഴുത് നല്ലവണ്ണം കൃഷി ചെയ്തു). ഇവർ അതിനെ (ഭൂമിയെ) ജനവാസമുള്ളതാക്കിയതിനെക്കാൾ അവർ അതിനെ ജനവാസമുള്ളതാക്കി. അവരുടെ ദൂതന്മാർ അവരുടെ അടുക്കൽ വ്യക്തമായ ദൃഷ്ടാന്തം കൊണ്ട് ചെന്നു. (അപ്പോൾ അവർ ദൂതന്മാരെ നിഷേധിക്കുകയും തൽഫലമായി ദൈവശിക്ഷ അവരെ നശിപ്പിക്കുകയും ചെയ്തു.) എന്നാൽ അല്ലാഹു അവരോട് ഒരു ദ്രോഹവും ചെയ്തിരുന്നില്ല. പക്ഷെ അവർ തന്നെയാണ് തങ്ങളുടെ ആത്മാക്കളോട് ദ്രോഹം ചെയ്തിരുന്നത്. (30:710).

എത്ര മനോഹരമായിട്ടാണ് തിന്മകളെ അനിവാര്യമായ നാശം പിന്തുടരുന്നു എന്ന് നമുക്ക് മനസ്സിലാക്കിത്തരുന്നത്.

ശേഷം പേജ് 40 ൽ

# കാണാത്ത ദൈവവും കാണപ്പെടുന്ന ദൈവങ്ങളും

മനുഷ്യൻ തന്റെ നശ്വരമായ ജീവിത്തിലെ ഭൗതികാസക്തി നിറവേറ്റാനും സുഖത്തിനും വേണ്ടിയാണ് കാണപ്പെട്ട ആൾ ദൈവങ്ങളെ സമീപിക്കുന്നത്. അത്ഭുതങ്ങളും അതിശയങ്ങളും നടന്നുകാണാൻ അവൻ ആഗ്രഹിക്കുന്നു. ബഹുഭൂരിപക്ഷത്തിന്റേയും മതത്തിന്റെ നിലവാരം ഇതാണ്. പക്ഷേ പ്രവാചകന്മാർ കാണിച്ചു തന്ന മനുഷ്യന്റെ യഥാർത്ഥ ആത്മീയ മാർഗ്ഗം ശ്രമകരവും പലപ്പോഴും കഠിനവുമാണ്.

**ജലാലുദ്ദീൻ കൽപേനി**

പൊയ്ദൈവങ്ങൾ ഏത് കാലത്തും ലോകത്തിൽ എല്ലാ കോണുകളിലും ഉണ്ടായിട്ടുണ്ട് എന്നുള്ളതിന് വിശുദ്ധ ഖുർആനടക്കമുള്ള വേദ ഗ്രന്ഥങ്ങളെല്ലാം സാക്ഷിയാണ്. ഒരു പക്ഷേ മനുഷ്യ സംസ്കൃതിയുടെ പ്രാരംഭനാളുകൾ തൊട്ട് പൊയ്ദൈവങ്ങളും ആൾ ദൈവങ്ങളും സമൂഹത്തിൽ സ്വാധീനമുറപ്പിച്ചിട്ടുണ്ടാകും. പാമരരെന്ന് നാം പുഛിച്ച് തള്ളുന്നവരെപ്പോലെ തന്നെ ബുദ്ധിജീവികളും സമൂഹത്തിൽ ഉന്നതശ്രേണികളിൽ വിരാജിക്കുന്നവരും ഈ പൊയ് മുഖങ്ങൾക്ക് മുമ്പിൽ തല കുനിച്ചിട്ടുണ്ട്. ഇത്തരം വ്യക്തികൾക്കോ സമൂഹത്തിന്നോ ഉള്ള പ്രത്യേകത അക്കൂട്ടർ സത്യത്തിന്നും വെളിച്ചത്തിന്നുമെതിരെ കണ്ണടക്കാൻ ധൃതികൂട്ടുകയും അവരെ തേജോ വധം ചെയ്യാൻ പരമാവധി യത്നിക്കുകയും ചെയ്യുന്നു എന്നതാണ്. മനുഷ്യന് എളുപ്പത്തിൽ ദൈവത്തെ കാണണം എളുപ്പത്തിൽ രോഗങ്ങൾ സുഖപ്പെടണം എളുപ്പത്തിൽ പണക്കാരനാകണം മെയ് അനങ്ങാതെ ആലസ്യത്തിന്റെ സുഖ സുഷുപ്തിയിലിരുന്ന് കൊണ്ട് സ്വപ്നം കാണുന്ന ലാഘവത്തോടെ എല്ലാം നമ്മുടെ മുമ്പിൽ നിമിഷങ്ങൾ കൊണ്ട് സാധ്യമാകണം. അലാവുദ്ദീന്റെ അത്ഭുത വിളക്ക് പോലെ.

പ്രവാചകനായ മൂസാ നബി (അ)ക്ക് ഒരു അത്യാഗ്രഹം! താൻ പ്രണയിക്കുന്ന തന്നെ പ്രണയിക്കുന്ന ലോക രക്ഷിതാവായ റബ്ബിനെ ഒന്ന് കാണണം. മൂസാ തന്റെ ആഗ്രഹം രക്ഷിതാവിന്റെ മുന്നിൽ അവതരിപ്പിച്ചു. ദൈവം ആദ്യമാദ്യം കുറെ നിരുത്സാഹപ്പെടുത്തി നോക്കി. മൂസാ (അ) ഉണ്ടോ പിന്മാറുന്നു. മൂസാ നബി(അ)യുടെ പിടിവാശിക്ക് മുമ്പിൽ ദൈവം കനിഞ്ഞു.

'മൂസാ ...ഒരശീരി തിരിഞ്ഞു നോക്കി. ആരെയും കണ്ടില്ല. 'നീനക്കെന്നെ കാണമല്ലേ നീ തൂരി സീനാ പർവ്വതത്തിലേക്ക് നോക്കൂ' അദ്ദേഹം സീനാ കൊടുമുടിയിലേക്ക് നോക്കിര, പ്രകാശത്തിന്ന് മേൽ പ്രകാശം. ദൈവത്തിന്റെ തേജോ വിലാസം ഒരു നിമിഷമേ നോക്കാൻ കഴിഞ്ഞുള്ളൂ. മൂസാ (അ) ബോധ രഹിതനായി. ഇനിയൊരിക്കലും അവനെ കാണാൻ അർത്ഥിക്കുകയില്ലെന്ന് അദ്ദേഹം സ്വയം കരുതി. സാക്ഷാൽ ദൈവത്തേയും ആ ദൈവത്തിന്റെ ദാസനേയും പക്ഷേ അംഗീകരിക്കാൻ അന്നവിടെ അധികമാരും ഉണ്ടായിരുന്നില്ല. മറിച്ച് മൂസാ (അ)യെ രാജ്യ ഭ്രഷ്ടനാക്കുമെന്നും കൊല്ലുമെന്നും ഭീഷണിപ്പെടുത്തി. അല്ലെങ്കിൽ ദൗത്യത്തിൽ നിന്ന് പിന്മാറണമെന്ന് അവർ ശഠിച്ചു. ഫറോവ സ്വയം ദൈവമെന്ന് പ്രഖ്യാപിച്ചു. ആളുകൾ ഫറോവക്ക് മുന്നിൽ തല കുനിച്ചു. ദൈവമെന്ന് വിളിച്ചു. മൂസാ(അ)യും ഹാറൂ(അ)ണും കള്ളന്മാരായി. കളവ് പറയുന്നവരായി. പാരമ്പര്യ മതത്തിൽ നിന്ന് പിന്തിരിഞ്ഞോടിയവരായി. ദൈവ ഗേഹമായ പരിശുദ്ധ കഅബയിൽ മനുഷ്യനാൽ നിർമിതമായ വലുതും ചെറുതുമായ പൊയ് ദൈവങ്ങളെ ഇബ്രാഹിം നബി(അ) കണ്ടു. അവ തച്ചുടക്കാൻ ശ്രമിച്ചു. പക്ഷേ ജനം അദ്ദേഹത്തെ തീയിലെറിഞ്ഞു. കള്ളനെന്നും തങ്ങളുടെ ദൈവത്തെ നിന്ദിക്കുന്നവനെന്നും ആരോപിച്ചു. ഖാതമുന്നബീയ്യീൻ റസൂൽ തിരുമേനി(സ) മനുഷ്യ നിർമിത പൊയ്ദൈവങ്ങളാകുന്ന

ബിംബങ്ങളെ ആരാധിക്കരുതെന്ന് പറഞ്ഞപ്പോൾ അൽ അമീൻ ഒറ്റ നിമിഷം കൊണ്ട് കള്ളം പറയുന്ന വനായി. ജനങ്ങളെ വഴിതെറ്റിക്കു ന്നവനായി. ഒട്ടകത്തിന്റെ ദുർഗന്ധം വമിക്കുന്ന കുടൽ മാല കഴുത്തി ലിട്ടു. വധിക്കാൻ അവിശ്വാസികൾ തക്കം പാർത്ത് നടന്നു. ഒരു രക്ഷയും കാണാതെ സൗർ ഗുഹയിൽ ഒളിച്ച് നിൽക്കേണ്ടി വന്നു. പീഢനങ്ങൾ സഹിക്കവയ്യാ തെ നാടും വീടും വിട്ട് അയൽ രാജ്യങ്ങളിലേക്ക് പലായനം ചെയ്യേ ണ്ടി വന്നു. ഈസാ നബി (അ) ശപിക്കപ്പെട്ടവനായി. കയ്യും കാലും മരക്കുരിശിൽ തറച്ച് ബന്ധിച്ച് ഇരുമ്പാണി തറച്ച് കയറ്റി.

ദശാബ്ദങ്ങൾക്ക് മുമ്പാണ് കേരളത്തിലെ ബുദ്ധിജീവികളിലേ ക്ക് തേക്ക് മാഞ്ചിയം ആട് വ്യവസായം കമ്മ്യൂണിസ്റ്റ് പച്ച പോലെ പടർന്ന് പന്തലിച്ചത്. ഒരു വർഷം കൊണ്ട് ലക്ഷാധിപതിയും മൂന്നാല് വർഷം കൊണ്ട് കോടിപതി യുമായി മാറുന്ന അത്ഭുത വിദ്യ. നമ്മുടെ ബുദ്ധിജീവികൾ മാത്സര്യ ബുദ്ധിയോടെ ഈ അത്ഭുതവിളക്ക് കൈക്കലാക്കാൻ ധൃതി കൂട്ടി. പിന്നീടതാ മണിചെയിൻ രൂപത്തിൽ മറ്റൊരത്ഭുതം നമ്മുടെ മുമ്പിലെ ത്തുന്നു. മറ്റൊന്നും നോക്കിയില്ല. കയ്യിലുള്ളതെല്ലാം നാം നഷ്ടപ്പെടു ത്തി ആകാശം നോക്കിയിരിപ്പായി. പിന്നെപിന്നെ പല രൂപത്തിലും പല പേരുകളിലും നൂറും ആയിരവും ഇരട്ടിയായി വർദ്ധിക്കുന്ന കുറുക്ക് വിദ്യകളുമായി പല വിധകമ്പനി കൾ പിന്നെയും ഇക്കൂട്ടരുടെ പണം തട്ടുന്നു. അവസാനം തല താഴ്ത്തി കണ്ണീർ തുടക്കുമ്പോഴേക്കും കൈകൾ കാലിയാവുന്നു. പൊയ് ദൈവങ്ങളാകുന്ന പണത്തിന് വേണ്ടിയുള്ള അത്യാർത്തി. സാക്ഷാൽ ദൈവത്തിന്റെ പേരിലാ ണ് മനുഷ്യൻ എളുപ്പത്തിൽ ചതിക്കുഴിയിൽ വീഴുന്നത്. ഈമാൻ കാർത്തിക നക്ഷത്രത്തിലേക്ക് ഉയർത്തപ്പെട്ടുപോയ മുസ്‌ലിം ഹൃദയങ്ങളിൽ പൊയ് ദൈവങ്ങളും പൊയ് മുഖങ്ങളും എളുപ്പത്തിൽ സ്ഥലം പിടിക്കുന്നത് കാണാം. എന്നാൽ വിശുദ്ധ ഖുർആൻ പറയുന്നു: നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗ്ഗങ്ങളിൽ നയിക്കുന്നതാണ്. സർവശക്തനായ ദൈവം ഇച്ഛിക്കു ന്ന കാര്യങ്ങളുമായി യഥാർത്ഥ്യ ത്തിന്റേയും വെളിച്ചത്തിന്റേയും സന്ദേശ വാഹകരായി ദൂതന്മാർ വരുമ്പോൾ ഇക്കൂട്ടർ പറയുന്നത് **'നീ ഞങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ്. തീർച്ചയാ യും നീ കള്ളവാദിയാണെന്ന് അയാൾ കരുതുന്നു.' (26:189)** പരമകാരുണികനായ അല്ലാഹു വിൽ നിന്ന് ഏതൊരു പ്രബോധനം അവർക്ക് വന്നു കിട്ടു മ്പോഴും അവരതിൽ നിന്ന് പിന്തിരിഞ്ഞു പോകാതിരിക്കില്ല.(26:6) യഥാർത്ഥ മാർഗ്ഗം കണ്ടെത്തണമെന്ന് ആഗ്ര ഹിക്കുന്നവരും ദൈവാഭീഷ്ടമനു സരിച്ച് ജീവിക്കണമെന്നും അവന്റെ ക്രോധത്തിന് പാത്രമാവാതെ പുണ്യം ചെയ്യുന്നവരോടൊപ്പമാ വണമെന്നും ആഗ്രഹിക്കുന്നവരാ രോ അവർ ധാരാളമായി പരിശ്രമി ക്കേണ്ടി വരും. പരിശ്രമിക്കാതെ മറ്റൊരു മാർഗവുമില്ലെന്ന് ദൈവം തന്നെ പറയുമ്പോഴാണ് എളുപ്പത്തി ൽ ദൈവത്തെ കണ്ടെത്താനായി പൊയ്ദൈവങ്ങളെയും ആൾ ദൈവങ്ങളേയും സ്വീകരിക്കേണ്ട ഗതികേടിലേക്ക് മനുഷ്യൻ എത്തിചേരുന്നത്. ആദം നബി (അ) മുതൽ ഇങ്ങോട്ട് മുഹമ്മദ് നബി (സ) വരെ അതിന് ശേഷം സഹാബാക്ക ളും ഔലിയാക്കളും സൂഫി വര്യന്മാ രും മസീഹ് മഊദും എത്രമാത്രം കഷ്ടപ്പാടുകളും ശത്രുക്കളിൽ നിന്നുള്ള ആക്രമണങ്ങളും ദണ്ഡന ങ്ങളുമാണ് ഏറ്റുവാങ്ങിയത് ഈ ചരിത്രം നമ്മുടെ മുന്നിലുള്ളപ്പോഴാ ണ്. സത്യത്തിന്ന് നേരെ കണ്ണുകളട ച്ച് തമസ്സിന്റെ ആഴങ്ങളിലേക്ക് എടുത്ത് ചാടാൻ മനുഷ്യൻ ഒരുങ്ങുന്നത്. പ്രവാചകന്മാർ ഋജു മാർഗ്ഗത്തിന്റെ പ്രകാശം കാണി ക്കാൻ തയ്യാറാകുമ്പോൾ അത് തങ്ങൾക്കിഷ്ടമല്ലെന്ന കാരണത്താ ൽ അവരെ തള്ളിപ്പറയുന്നു. അല്ല, അവനിത് സ്വയം കെട്ടിച്ചമച്ചതാണ്, അതുമല്ല അവനൊരു കവിയാണ്, ഭ്രാന്തനാണ്......ദൃഷ്ടാന്തങ്ങൾ കൊണ്ട് വരട്ടെ ....എന്നൊക്കെ അക്കൂട്ടർ പറഞ്ഞു വന്നു.

ജ്ഞാനം സിദ്ധിച്ചവർ എക്കാ ലത്തും സമൂഹത്തിന്റെ മുന്നിൽ **'ജാഹിലീങ്ങളോ' 'ഭ്രാന്തന്മാരോ'** ആയിരുന്നു. പൊതുജനം ജാഹിലീ ങ്ങളെന്നോ ഭ്രാന്തനെന്നോ വിളിക്കാത്ത പ്രവാചകന്മാരോ സൂഫിയോ കടന്നു പോയിട്ടില്ല. ജ്ഞാനം അന്തർധാനം ചെയ്യപ്പെടു കയും വിശുദ്ധ ഖുർആൻ ലിപികളി ൽ മാത്രം അവശേഷിക്കുകയും ചെയ്യുന്ന കാലത്ത് അവയെ മനുഷ്യ ഹൃദയങ്ങളിലേക്ക് തിരിച്ച് കൊണ്ട് വരാൻ മഹ്ദീ മസീഹിനെ കുറിച്ചുള്ള റസൂൽ തിരുമേനി (അ) യുടെ പ്രവചനം പുലർന്നപ്പോഴും ചരിത്രം ആവർത്തിക്കപ്പെടുകയായി രുന്നു. അദ്ദേഹത്തെ കള്ളപ്രവാച കനാക്കാൻ ഒരു മടിയും ഒരു പുനരാലോചനയും ഇക്കൂട്ടർക്ക് വേണ്ടിവന്നില്ല. അദ്ദേഹത്തെ തള്ളി പറഞ്ഞവരുടെ പിൻമുറക്കാർ ഇപ്പോഴും ഇരുട്ടിൽ തപ്പുകയാണ്. റസൂൽ തിരുമേനി(സ)യുടെ വാക്കുകൾക്ക് പുല്ലു വില കൽപ്പി ക്കാത്തവർ പണ്ഡിതന്മാരേയും മുല്ലമാരേയും ഇടവും വലവും നോക്കാതെ അനുസരിക്കുന്നു. ഒരു ഗുരുവിന്റെ കീഴിൽ സംഘടിത ജീവിതം നയിക്കണമെന്നും അല്ലാഹുവിന്റെ പാശമാകുന്ന ഖിലാഫത്ത് മുറുകെ പിടിച്ചാൽ നിങ്ങൾ ഭിന്നിക്കുകയില്ലെന്നും തിരു നബി (സ) പറഞ്ഞെങ്കിൽ അതൊ ന്നും ഇക്കാലത്ത് പ്രായോഗികല്ലെന്ന് പറഞ്ഞ് ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ടരായി ഗണിക്ക പ്പെട്ട കുഴപ്പങ്ങളുടെ ഉറവിട ക്കാരെന്ന് വിശേഷിപ്പിക്കപ്പെട്ട ജഹാലത്തിന്റെ വക്താക്കളായ പണ്ഡിതന്മാരെ പിന്തുണക്കാൻ അവർ മത്സരിക്കുന്നു. വിശുദ്ധ ഖുർആനും തിരുവചനങ്ങളും

സത്യസന്ധമായി നിഷ്പക്ഷമായി പഠിക്കാൻ അൽപനേരം പരിശ്രമത്തിന്ന് അവർക്കാവില്ല.

അബൂസയ്യിദ് ബിസ്താമി പറയുന്നു: ഗുരുവില്ലാത്തവന്റെ ഗുരു പിശാചാണ്. മഴക്കാലത്ത് പൊട്ടി മുളക്കുന്ന വിഷക്കൂണ് പോലെ തല ഉയർത്തുന്ന ഗുരു പരിഷകളെയല്ല. മറിച്ച് ലോകത്തിന്ന് നേതൃത്വം നൽകാൻ കെൽപ്പുള്ള ആത്മീയ ഗുരുവിനെയാണാവശ്യം. നബി (സ) വിശദീകരിച്ച ഖിലാഫത്ത് വ്യവസ്ഥിതി. അതിന്റെ ചുക്കാൻ പിടിക്കുന്ന ഖലീഫ. പ്രവാചകൻ (സ) പറഞ്ഞതായി ഉമർ (റ) പറഞ്ഞു: ഇമാം ഇല്ലാതെ (സ്വീകരിക്കാതെ) ദിവസത്തിന്റെ ഒരംശമെങ്കിലും ജീവിച്ച് മരിക്കുന്നവൻ ജാഹിലിയ്യാ മരണമായിരിക്കും വരിക്കുക. പ്രവാചകനെ അനുധാവനം ചെയ്തുകൊണ്ട് അതേ പാത പിന്തുടരുമ്പോൾ അവനനുഭവിക്കേണ്ടി വന്ന മർദ്ദനങ്ങൾ പീഢനങ്ങൾ ഒറ്റപ്പെടലുകൾ അതേപടി ഇവരും സഹിക്കേണ്ടി വരുന്നു. ഇബ്രാഹിം തീയിലെറിയപ്പെട്ടത് പോലെ യേശു ക്രൂശിക്കപ്പെട്ടത് പോലെ സേക്രട്ടീസിന് വിഷം പാനം ചെയ്യേണ്ടി വന്നത് പോലെ തിരുനബി (സ) മർദ്ദിക്കപ്പെടുകയും നാടുപേക്ഷിക്കുകയും ചെയ്യേണ്ടി വന്നത് പോലെ മൻസൂർ ഹല്ലാജ് വധിക്കപ്പെട്ടത് പോലെ ശഹീദ് സയ്യിദ് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബിനെ കല്ലെറിഞ്ഞ് കൊന്നത് പോലെ എന്തുകൊണ്ടിങ്ങനെ ചരിത്രം ആവർത്തിക്കുന്നു? ആ കാലഘട്ടത്തിന് അത്തരം സത്യാത്മാക്കളെ കൊല്ലാനാകാത്തത് കൊണ്ട് തന്നെ.

മുസ്‌ലിം കക്ഷികൾ ഒന്നിച്ചിരുന്ന് അഹ്മദിയ്യത്തിനെതിരെ സത്യമറിഞ്ഞിട്ടും അറിയാത്ത ഭാവം പ്രകടിപ്പിക്കുന്നു. ഫലം എന്തായി? ഭിന്നിക്കരുത് എന്ന് കടുത്ത ഭാഷയിൽ താക്കീത് ചെയ്ത് പറഞ്ഞിട്ടും അമീബ പോലെ ഭിന്നിപ്പിൽ നിന്നും ഭിന്നിപ്പിലേക്ക് ഈ സമുദായം കൂപ്പുകുത്തുന്നു. ആദർശ ശൂന്യതയിൽ ഓരോരുത്തനും തന്നിഷ്ടം പുലർന്ന് കാണാൻ കൊതിക്കുന്നു. സുന്നികൾ പലതായി മുജാഹിദുകൾ പലതായി. ജമാഅത്തെ ഇസ്‌ലാമി അധികാര രാഷ്ട്രീയം നോക്കി കളം മാറ്റി ചവിട്ടി. ഭൗതിക ചേരികളിലേക്ക് അവസരം നോക്കി കൂട് മാറി. ഒരു കാലത്ത് ഉൽപ്പതിഷ്ണുക്കളെന്നും തൗഹീദിന്റെ പതാക വാഹകരെന്നും പറഞ്ഞിരുന്ന മുജാഹിദുകളുടെ പതനം അതിദയനീയമാണ്. ജിന്ന്, പിശാച്, മാരണം, കണ്ണേറ് തുടങ്ങി നിരവധി പൊയ് ദൈവങ്ങളുടെ സംരക്ഷകരായി അവർ മാറി. മനുഷ്യനെ രക്ഷിക്കാനും ശിക്ഷിക്കാനും രോഗം പരത്താനും ദൈവത്തിന് പുറമേ ഈ പൊയ് ദൈവങ്ങൾക്കാകുമെന്ന വിശ്വാസത്തിലേക്ക് ഈ ആദർശ പ്രസ്ഥാനം അധഃപതിച്ചിരിക്കുന്നു.

വാഗ്ദത്ത് മസീഹും ഇമാം മഹ്ദിയുമായി അല്ലാഹു അയച്ച ഹ: അഹ്മദ് (അ) അന്നേവരെ മുസ്‌ലിം സമുദായത്തിലും ഇതര സമുദായങ്ങളിലുമുണ്ടായിരുന്ന അവിശുദ്ധവും അബദ്ധ ജഡിലവുമായ വിശ്വാസാചാരങ്ങളുടെയും പ്രമാണ പിന്തുണയില്ലാത്ത പൊയ് മുഖങ്ങളുടെയും ആവരണം അനാഛാദനം ചെയ്തു. ഭൂരിപക്ഷം മുസ്‌ലിങ്ങളും ക്രിസ്ത്യാനികളും ഒരേ പോലെ വിശ്വസിച്ചു വന്നിരുന്ന ക്രിസ്തുവിന്റെ ആകാശാരോഹണവും സ്വർഗ്ഗീയ വാസവും മനുഷ്യരെ പുനരുദ്ധരിക്കാൻ വീണ്ടും ആകാശത്ത് നിന്നും ഇറങ്ങി വരുമെന്നുമുള്ള യുക്തിരഹിതമായ വിശ്വാസം ബൈബിളും വിശുദ്ധ ഖുർആനും തുറന്ന് വെച്ച് ചോദ്യം ചെയ്യപ്പെട്ടു. യേശു ക്രിസ്തു എന്ന ആൾദൈവത്തെ മനുഷ്യനായ പ്രവാചക ഗണത്തിലേക്കിറക്കിക്കൊണ്ട് വന്നപ്പോൾ അവരുടെ വിശ്വാസം അവരുടെ വേദഗ്രന്ഥങ്ങളുടെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്ന് തെളിച്ചപ്പോൾ ജനം അമ്പരന്ന് നിന്നു. യേശു സാധാരണ മനുഷ്യരെപ്പോലെ ഭൂമിയിൽ ജനിച്ച് ഭൂമിയിൽ വളർന്ന് ഭൂമിയിൽവെച്ച് തന്നെ തന്റെ 120 ാമത്തെ വയസ്സിൽ മരണമടയുയുകയായിരുന്നു വെന്ന് മാത്രമല്ല അദ്ദേഹത്തിന്റെ കബറിടം ഇതാ ഇവിടെയാണ് എന്ന് കശ്മീരിലേക്ക് കൈവിരൽ ചൂണ്ടികാണിക്കുകക്കൂടി ചെയ്തപ്പോൾ രണ്ട് മതങ്ങളിലേയും പണ്ഡിതന്മാർ ഇളകി. ഹദ്റത്ത് അഹ്മദ് (അ) ന്ന് മേൽ കുഫ്റ ഫത്‌വകളുടെ മേൽ കുഫ്റ് ഫത്‌വകൾ ഒന്നൊന്നായി കെട്ടഴിഞ്ഞു വീണു. വധശ്രമത്തിന് ഗൂഢപദ്ധതികൾ ആവിഷ്‌ക്കരിച്ചു. ഇസ്‌ലാമിക വൃത്തത്തിൽ നിന്നും എത്രയോ കാതം അകലെയാണ് അദ്ദേഹമെന്ന് ഇരുകൂട്ടരും ആക്രോശിച്ചു. നിഷ്പക്ഷമായി ചിന്തിക്കാനും യുക്തി ഭദ്രമായി നോക്കി കാണാനും തയ്യാറായവർ ഹ. അഹ്മദി(അ)ന്റെ വാദമുഖങ്ങളെ മാറോടണച്ചു

നവോത്ഥാന നായകനെന്നും ഉൽപതിഷ്ണുവെന്നും കരുതിപ്പോന്നിരുന്ന കേരളത്തിലെ പ്രസിദ്ധ മുജാഹിദ് പണ്ഡിതനും വിശുദ്ധ ഖുർആൻ വ്യാഖ്യാതാവുമായ സി എൻ അഹമദ് മൗലവി പോലും തന്റെ വിശുദ്ധ ഖുർആൻ വ്യഖ്യാനത്തിൽ ഈസാ നബി (അ) ആകാശത്തിലേക്കുയർത്തപ്പെട്ടെന്നും അവസാനകാലം ഇറങ്ങി വരുമെന്നും ശക്തമായി സ്ഥാപിക്കാൻ വിഫല ശ്രമങ്ങൾ നടത്തി. ഈസാ നബി(അ) യെ പ്പോലെയുള്ള ഒരു പ്രവാചകന് 2000 കൊല്ലമായി ഭക്ഷണം കൂടാതെ ജീവിക്കാമെന്നത് അസാധ്യമായ കാര്യമല്ലെന്നും അതിന് നമ്മുടെ അതിർത്തി പ്രദേശമായ കുടകിലുള്ള ബാലികയുടെ ജീവിതം തന്നെ ഉദാഹരണമാണെന്നും അദ്ദേഹം എഴുതി. കുടകിൽ ഒരു അത്ഭുത ബാലിക എന്ന ശീർഷകത്തിൽ എല്ലാ ദേശീയ അന്തർദേശീയ മാധ്യമങ്ങളിൽ ഒന്നാം പേജിൽ വന്ന വാർത്തയായിരുന്നു ആ ഉൽപ്പതിഷ്ണുവായ ഖുർആൻ പണ്ഡിതന്റെ ഖുർആൻ വ്യഖ്യാനത്തിൽ

ഇങ്ങനെ എഴുതാൻ പ്രേരിപ്പിച്ചത്. ഒരിക്കലും വിശപ്പില്ലാത്ത ഭക്ഷണ പാനീയങ്ങൾ കഴിക്കാത്ത ഒരു ബാലിക കുടകിൽ ജീവിച്ചിരിപ്പുണ്ടെന്നും അവൾ പൂർണ്ണ ആരോഗ്യവതിയായിരിക്കുന്നുവെന്നും മാധ്യമങ്ങൾ എഴുതി. ധനലക്ഷ്മി എന്ന് പേരുള്ള ആ ബാലിക കുട്ടി ദൈവമായി മാറാൻ അധിക നാൾ വേണ്ടി വന്നില്ല. മുസ്ലിംകളടക്കമുള്ള ജനം ആ അത്ഭുത ബാലികയുടെ അനുഗ്രഹം വാങ്ങാനായി വിവിധ സ്ഥലങ്ങളിൽ നിന്നും കുടകിലേക്കൊഴുകി. ഈ ഒഴുക്ക് മാസങ്ങളോളം തുടർന്നു. ഇന്ത്യൻ പാർലമെന്റിൽ കുടകിലെ പ്രതിനിധി ശ്രീ. സോമണ്ണൻ ലക്ഷ്മിയുടെ അത്ഭുതകഥ അവതരിപ്പിച്ചു. അങ്ങനെ അവരുടെ മഹത്വങ്ങൾ ലോകം അറിഞ്ഞു. പണ്ഡിതന്മാർ അഹ്മദികളെ വെല്ലുവിളിച്ചു. ഈസാ നബിക്ക് രണ്ടായിരം കൊല്ലമായി ഭക്ഷണം കഴിക്കാതെ കഴിയാമെന്നതിന് ഇതിൽപരം ഒരു തെളിവ് വേണോ? അഹ്മദികളുടെ വിശ്വാസത്തെ നൂറു വട്ടം ചോദ്യം ചെയ്തു. സോമണ്ണ എം പി യുടെ പാർലമെന്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പെൺകുട്ടിയുടെ ആരോഗ്യാവസ്ഥ പരിശോധിക്കണമെന്ന് മൈസൂർ സർക്കാറിനോട് കേന്ദ്രം ആവശ്യപ്പെടുകയുണ്ടായി. ഡോക്ടർമാരുടെ വിദഗ്ധ സംഘം ധനലക്ഷ്മിയെ പ്രത്യേകം വാർഡിൽ കിടത്തി പുറത്ത് നിന്നുള്ളവരെ കടത്തിവിടാതെ പരിശോധന തുടർന്നു. 48 മണിക്കൂറിന്നുള്ളിൽ തന്നെ ബാലിക വിശപ്പിന്റെ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങി. ദിവസം ഒന്ന് രണ്ട് റാത്തൽ വീതം തൂക്കം കുറഞ്ഞു തുടങ്ങി. മൂന്നാമത്തെ ദിവസം ഏഴെട്ട് ഔൺസ് വെള്ളം വാങ്ങി കുടിച്ചു. പിന്നീട് ചായയും ഭക്ഷണവും ആവശ്യപ്പെട്ട് കഴിച്ച് തുടങ്ങി. മൈസൂർ മെഡിക്കൽ സയൻസ് ഡയറക്ടർ ഡോ. രാമലിംഗ റെഡ്ഢിയുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘമാണ് പരിശോധിച്ചത്. 1953 നവംബർ 14-ാം തീയതി എല്ലാ പത്രങ്ങളും ധനലക്ഷ്മിയുടെ യഥാർത്ഥ സ്ഥിതി വളരെ പ്രാധാന്യത്തോടെ തന്നെ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചു. ഇളിഭ്യരായി തീർന്ന പലരിൽ ഒരാളായ സിഎൻ അഹ്മദ് മൗലവി സാഹിബ് പിന്നീട് അഭിപ്രായം മാറ്റി. വിശുദ്ധ ഖുർആനെ കുറിച്ച് കൂടുതൽ പഠനം നടത്തി. ഈസാ നബി (അ) മരിച്ചു പോയെന്നും ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിട്ടില്ലെന്നും ഇനി തിരിച്ചുവരില്ലെന്നും അദ്ദേഹം മനസ്സിലാക്കി. മാന്യനും സമൂഹത്തിൽ ഏറെ ആദരിക്കപ്പെടുന്നവനുമായ മൗലവി സാഹിബ് തന്റെ ഖുർആൻ വ്യഖ്യാനത്തിന്റെ പിന്നീടുള്ള പതിപ്പുകളിൽ ആ ഭാഗം തിരുത്തി. തെറ്റ് സമ്മതിക്കാനുള്ള ആർജ്ജവം കാണിച്ചു. പക്ഷേ നദ്‌വത്തുൽ മുജാഹിദീൻ പണ്ഡിതന്മാർ പഴയ യഥാസ്ഥിതികത്വത്തിൽ ഉറച്ചു നിൽക്കുന്നു.

1970 മാർച്ച് 17ന് പാകിസ്താനിലെ ജംഗ് പത്രം റിപ്പോർട്ട് ചെയ്തതും ചന്ദ്രിക ദിനപത്രം പ്രസിദ്ധീകരിച്ചതുമായ മറ്റൊരു ആൾദൈവ വാർത്ത ഇതിലേറെ വിചിത്രമേറിയതാണ്. കുടകിലെ ധനലക്ഷ്മി എന്ന ആൾ ദൈവത്തിന് മുന്നിൽ സിഎൻ അഹമദ് മൗലവി അടക്കമുള്ള പണ്ഡിതന്മാർ മുട്ടു മടക്കിയപ്പോൾ ചന്ദ്രിക ദിനപത്രം റിപ്പോർട്ട് ചെയ്ത സംഭവത്തിൽ അന്തർ ദേശീയ പ്രശസ്തരായ രാഷ്ട്രീയ നേതാക്കന്മാരും ആലിമുകളും അല്ലാമാമാരുമാണ് വീണു പോയത്. ഒരു ഉമ്മയുടെ വയറ്റിൽ നമസ്ക്കരിക്കുന്ന കുഞ്ഞ് എന്നായിരുന്നു ചന്ദ്രികയുടെ തലക്കെട്ട്. ഇരുപത്തൊന്നു വയസ്സുകാരിയായ ഇന്തോനേഷ്യൻ യുവതി യാണ് ഇവിടുത്തെ താരം. കുടകിൽ ധനലക്ഷ്മിയാണെങ്കിൽ സുമാത്രയിൽ സുഹറാ!! സുഹറയുടെ ഭർത്താവ് വ്യപാരിയായ ഷറഫുദ്ദീൻ യെങ്കോ സുലൈമാൻ ആണ്. 13 മാസം ഗർഭിണിയാണ് സുഹറ. സയ്യിദ് കുടുംബത്തിൽ ജനിച്ചവരുടെ ഉമ്മയുടെ കുടുംബം ഖുറൈഷി വംശത്തിലാണെന്ന് അവർ അവകാശപ്പെട്ടു. 4 മാസം ഗർഭമായപ്പോൾ ഒരു വെള്ളിയാഴ്ച്ച പുലർച്ചെ വയറ്റിൽ ചില അസാധാരണ ചലനങ്ങൾ അനുഭവപ്പെട്ടുവത്രെ. അവർ പരിഭ്രാന്തരായെങ്കിലും പരിഭ്രമിക്കേണ്ട ആവശ്യമില്ലെന്ന് വയറ്റിലെ കുഞ്ഞ് ഉമ്മയെ ആശ്വസിപ്പിക്കുകയുണ്ടായി. അഞ്ച് നേരവും കുഞ്ഞ് നമസ്ക്കരിക്കാറുണ്ടെന്ന് സുഹറ അവകാശപ്പെട്ടു. ഗർഭസ്ഥശിശു നൽകിയ സൂചനയനുസരിച്ച് അടുത്ത വർഷം (1971 - ലായിരിക്കും) ഹജ്ജിന് രണ്ട് ദിവസം മുമ്പ് മക്കയിൽ വെച്ച് പ്രസവിക്കുമെന്നാണ്. അതിനാൽ കുഞ്ഞിനെ ഇമാമായി നമസ്ക്കരിപ്പിക്കാൻ പണ്ഡിതന്മാരും രാഷ്ട്രീയ നേതാക്കന്മാരും ആഗ്രഹിച്ചു. കുഞ്ഞിന്റെ അഭീഷ്ട പ്രകാരം കുഞ്ഞിനെ വയറ്റിൽ ചുമന്ന് കൊണ്ട് സുഹറ പാകിസ്താൻ, ജപ്പാൻ എന്നീ രാഷ്ട്രങ്ങൾ സന്ദർശിച്ചു. പാകിസ്താൻ പ്രസിഡന്റായിരുന്ന യഹ്യാ ഖാനും ഇൻഡോനേഷ്യൻ പ്രസിഡന്റ് സുഹാർത്തോയും ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കളും കുഞ്ഞിനെ ഇമാമാക്കി നമസ്ക്കരിക്കുന്ന ഫോട്ടോ പത്രങ്ങൾ പ്രസിദ്ധീകരിച്ചു. നമസ്കാര സൗകര്യത്തിനായി ഉമ്മ ഇമാമിനോടടുത്ത് മുട്ട് മടക്കി മലർന്ന് കിടക്കുന്ന ഫോട്ടോകൾ ചന്ദ്രികയും പ്രസിദ്ധീകരിച്ചിരുന്നു. ദേശീയവും അന്തർ ദേശീയവുമായ പത്രങ്ങൾ ദിവസങ്ങളോളം സുഹറ എന്ന ആൾദൈവത്തിന്റെ അത്ഭുത കഥ പ്രസിദ്ധീകരിച്ചു. കാലമേറെ കഴിയുന്നതിന്ന് മുമ്പേ സുഹറയുടെ തട്ടിപ്പും പുറത്ത് വന്നു. ഹദ്റത്ത് അഹ്മദ് (അ) വാദങ്ങൾ പൊയ്‌വാദങ്ങളെന്ന് വരുത്തുവാൻ തന്ത്രങ്ങൾ മെനഞ്ഞവർ പരാജിതരായി പിന്മാറേണ്ടി വന്നു. അന്നും ഇന്നും അഹ്മദിയ്യാ വിശ്വാസങ്ങൾക്ക് മാറ്റമില്ലാതെ സമൂഹത്തിൽ ഉയർന്ന് തന്നെ നിൽക്കും. കാരണം ദൈവിക പ്രസ്ഥാനമാകുന്ന വിളക്ക് ഊതിക്കെടുത്താൻ ശ്രമിച്ച കൊല

കൊമ്പന്മാരാരും പരാജിതരായിട്ടല്ലാതെ പിന്മാറിയിട്ടില്ല. അഹ്മദികളുടെ ഈമാനെ ദൃഢീകരിക്കുന്ന സംഭവങ്ങൾ പിന്നെയും പുറത്ത് വന്ന് കൊണ്ടേയിരുന്നു.

കൊല്ലം ഓച്ചിറയിലെ ഒരു തെരുവ് പിച്ചക്കാരൻ പട്ടിണി കിടന്ന് വഴിയരികിൽ മരിച്ച് കിടന്നപ്പോൾ ആ പ്രദേശത്തെ മുസ്‌ലിംകൾ അദ്ദേഹത്തിന്ന് വൊലിപ്പട്ടം നൽകിയതും ഹിന്ദുക്കൾ ഹിന്ദു സിദ്ധനായി അവകാശവാദമുന്നയിച്ചതും തർക്കത്തിൽ കലാശിച്ചതും നാം ഈയ്യിടെ പത്രത്തിൽ വായിച്ചതാണ്. യാഥാർത്ഥ്യങ്ങളും വെളിച്ചവുമല്ല സങ്കൽപ്പങ്ങളും തമസ്സുമാണ് പെട്ടെന്ന് ആളുകളെ ആകർഷിക്കുന്നത്. പക്ഷേ തമസ്സിന്ന് ആയുസ്സ് കുറയുമെന്നേയുള്ളൂ. വെളിച്ചം ശ്വാശ്വതമായി നിലനിൽക്കുകയും വഴി കാട്ടുകയും ചെയ്യും.

നീൽ ആംസ്ട്രോങ്ങ് ചന്ദ്രനിൽ വെച്ച് ബാങ്ക് വിളി ശബ്ദം കേട്ടുവെന്ന് പ്രചരിപ്പിച്ചു. പത്രങ്ങൾ പ്രാധാന്യം ഒട്ടും ചോരാതെ പ്രസിദ്ധീകരിച്ചു. ജനം വിശ്വസിച്ചു. പിന്നീട് അവർ ഇളിഭ്യരായി. ക്രിസ്തുമതം 2000ൽ യേശു ആകാശത്ത് നിന്ന് ഇറങ്ങി വരുമെന്ന് വിശ്വസിച്ചു. കേരളത്തിലെ മുസ്‌ലിംകളും ക്രിസ്ത്യാനികളും അത് പ്രചരിപ്പിച്ചു. ജനം പിന്നീട് അവിടെയും വിഢികളായി. ഈയ്യിടെയാണ് സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കാൻ പോകുന്നുവെന്ന് അമേരിക്കയിലെ ബഹിരാകാശ ഗവേഷണ കേന്ദ്രമായ നാസയുടെ പേരിൽ വെണ്ടക്ക വാർത്തകൾ വന്നത്. ഇങ്ങനെ അത്ഭുതങ്ങൾക്ക് മേൽ അത്ഭുതങ്ങൾ സംഭവിച്ചുവെന്ന് വിശ്വസിക്കാൻ ആളുകളേറേ. അതിൽ സുന്നികളെന്നോ മുജാഹിദുകളെന്നോ ഉൽപതിഷ്ണിണുവെന്നോ ഹിന്ദുവെന്നോ മുസ്‌ലിമെന്നോ വ്യത്യാസമില്ല. പ്രകൃതി വിരുദ്ധമായ അത്ഭുതങ്ങൾ കാണണമെന്ന് നിഷേധികളായ മുൻ പ്രവാചക സമൂഹങ്ങളും ആവശ്യപെട്ടത് അത് തന്നെയായിരുന്നല്ലോ. എന്നാൽ വിശ്വാസികൾ എന്നും അചഞ്ചലരായി ലോകത്ത് ജീവിക്കാനാഗ്രഹിക്കുന്നവരാണ്. പണത്തിന്നായാലും ദൈവത്തിന്നായാലും എളുപ്പമാർഗ്ഗം തേടുന്നവർ അവർ ഒരിക്കലും പാഠം പഠിക്കുകയില്ല. ഒരു ഗർത്തത്തിൽ നിന്നും മറ്റൊരു ഗർത്തത്തിലേക്ക് അവർ കൂപ്പു കുത്തികൊണ്ടേയിരിക്കും. തമസ്സിൽ നിന്നും തമസ്സിലേക്ക് അവർ തപ്പിത്തടഞ്ഞ് പോയ്ക്കൊണ്ടേയിരിക്കും. പക്ഷേ യഥാർത്ഥത്തിൽ പണക്കാരേകണ്ടവർ, ദൈവത്തിന്റെ യഥാർത്ഥ ദാസന്മാരുടെ മാർഗ്ഗം തിരഞ്ഞെടുക്കേണ്ടവർ അവർ പ്രകൃതി നിയമങ്ങൾക്കനുസരിച്ച് അദ്ധ്വാനിച്ചേ മതിയാവൂ. യുക്തി ഭദ്രമായ പ്രമാണങ്ങളുടെ പിൻബലത്തോടെ ജ്ഞാനവും കഠിനാദ്ധ്വാനവും സ്വായത്തമാക്കിയേത്തീരൂ. ഒന്നിനും എളുപ്പമാർഗ്ഗമില്ല. ധനത്തിനായാലും ഭക്തിക്കായാലും.

---

പേജ് 35 ൽ നിന്ന് തുടർച്ച

അല്ലാഹുവിന്റെ വിധിയുടെ യാഥാർത്ഥ്യത്തിനും സ്ഥൈര്യത്തിനും മുന്നിൽ തെറ്റായതും ക്ഷണികവുമായ എല്ലാ നിഴലുകളും അപ്രത്യക്ഷമാകും. നാം വ്യാജത്തെ ആരാധിക്കുകയാണെങ്കിൽ, നാശമല്ലാതെ മറ്റൊന്നും നാം സമ്പാദിക്കുന്നില്ല. രാഷ്ട്രങ്ങൾ വളരുകയും പാകമാവുകയും താഴുകയും ചെയ്യുന്നു. അവർ അല്ലാഹുവിനോട് അനുസരണക്കേട് കാണിച്ചാൽ അവരുടെ അന്ത്യം തിന്മയായി ഭവിക്കും. അവർ സത്യത്തിലും ദൈവഭക്തിയിലും അടിയുറച്ച് നിൽക്കുകയാണെങ്കിൽ അവർക്ക് നല്ല പ്രതിഫലമുണ്ട്.

ഫറവോന്റെ സ്വേച്ഛാധിപത്യത്തിന്റെ നാശത്തിനുശേഷം ദൈവം വെളിപാടുകളുടെ ഒരു പുതിയ യുഗം ആരംഭിച്ചു - മൂസാ നബിയുടെ യുഗം. അങ്ങനെ മാനവീയതക്ക് ഒരു പുതിയ തുടക്കമായി.

സമകാലീനലോകത്ത് അധികാരവും ശക്തിയുമുള്ള രാഷ്ട്രങ്ങൾക്ക് ഖുർആനിൽ നിന്നുള്ള മുന്നറിയിപ്പോടെ ഈ ലേഖനം അവസാനിപ്പിക്കുകയാണ്. 'അങ്ങനെ നമ്മുടെ കല്പന വന്നുകഴിഞ്ഞപ്പോൾ നാം ആ പട്ടണത്തിന്റെ മേൽഭാഗം അതിന്റെ കീഴ്ഭാഗ മായി മറിച്ചു. ചുട്ടെടുത്ത അട്ടിയട്ടിയായ കല്ലുകൾ അവരുടെ മേൽ വർഷിക്കുകയും ചെയ്തു. നിന്റെ നാഥന്റെയടുക്കൽ (അവർക്ക് വേണ്ടിത്തന്നെ) അടയാളപ്പെടുത്തിയ കല്ലുകൾ. അത് (ആ ശിക്ഷ) ഈ അക്രമികളിൽ നിന്ന് വിദൂരമല്ല.' (11:84).

### സംക്ഷേപം

വിശ്വാസം എപ്പോഴും നീതീകരിക്കപ്പെടുന്നു, കാരണം അല്ലാഹു ക്ഷമിക്കുന്നു. എന്നാൽ ദുഷ്പ്രവൃത്തികൾ അല്ലാഹു അറിയുകയും നീതി പുലർത്തുകയും ചെയ്യുന്നു. (40:120)

എല്ലാ ചരിത്രത്തിലും തിന്മ തിന്മയായി; തിന്മയ്ക്കിടയിലുള്ള വിശ്വാസത്തിന്റെ പ്രതിഷേധം അവഗണിക്കപ്പെടാം, എന്നാൽ തിന്മ നശിക്കുമ്പോൾ വിശ്വാസം അല്ലാഹു സംരക്ഷിക്കുന്നു. (40:21–50)

ഭാവിയിലെ ന്യായവിധി ഉണ്ടെന്നതിൽ സംശയമില്ല, ദൈവത്തിന്റെ നന്മയും നീതിയും പ്രകടമാണ്; മനുഷ്യൻ തർക്കിക്കുമോ അതോ വളരെ വൈകുന്നതിന് മുമ്പ് അവൻ അടയാളങ്ങൾ സ്വീകരിക്കുമോ? (40:5185)

INTERNATIONAL

കുറിപ്പുകൾ

# ആ ഭീകരൻ അരങ്ങൊഴിഞ്ഞു

## മുസാഫിർ

ഇസ്‌ലാമിക് സ്‌റ്റേറ്റ് ഇൻ ഇറാഖ് ആന്റ് ലെവന്റ് (Islamic State of Iraq and the Levant ISIL) എന്ന സായുധ ജിഹാദി സംഘടനയുടെ ഖലീഫയായി സ്ഥാനമേറ്റ 48 കാരനായ അബൂബക്കർ അൽ ബാഗ്ദാദി 2019 ഒക്ടോബർ 27 ന്ന് താൻ ഒളിച്ചിരുന്ന സിറിയൻ ഗ്രാമത്തിലെ ഒരു തുരങ്കത്തിൽ വെച്ച് പൊട്ടിത്തെറിച്ച് കൊല്ലപ്പെടുകയുണ്ടായി. കഴിഞ്ഞ അഞ്ച് വർഷമായി ബാഗ്ദാദി ഒളിവിൽ കഴിയുകയായിരുന്നു.



അബൂബക്കർ അൽ ബാഗ്ദാദി

ഇറാഖിലെ സമാറയിലെ ഒരു സലഫി കുടുംബത്തിലാണ് ബാഗ്ദാദി ജനിച്ചത്. തീവ്രവാദപരമായ വഹാബി ആശയം വെച്ചു പുലർത്തിയവരായിരുന്നു ആ കുടുംബം. ബാഗ്ദാദിയുടെ വിദ്യാഭ്യാസത്തെ കുറിച്ച് പല അഭ്യൂഹങ്ങളുമുണ്ട്. ഇറാഖ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇസ്‌ലാമിക നിയമത്തിൽ ബിരുദമെടുത്തുവെന്നാണ് ഒരഭിപ്രായം. അമേരിക്കൻ ഇന്റലിജൻസിന്റെ വിശകലനത്തിൽ അദ്ദേഹത്തിന് ഇസ്‌ലാമിക് സ്റ്റഡീസിൽ ഡോക്ടറേറ്റ് ഡിഗ്രി ഉണ്ടെന്നാണ്. അദ്ദേഹത്തിന്റെ അനുയായികൾ പ്രസിദ്ധീകരിച്ച ഒരു കുറിപ്പിൽ അദ്ദേഹം നിരവധി ബിരുദങ്ങൾ നേടിയിട്ടുണ്ടെന്നും അവകാശപ്പെടുന്നു. ആദ്യകാലങ്ങളിൽ ഈജിപ്തിലെ മതരാഷ്ട്രവാദ ജിഹാദി സംഘടനയായ മുസ്‌ലിം ബ്രദർഹുഡ് എന്ന് അറിയപ്പെടുന്ന ഇഖ്‌വാനുൽ മുസ്‌ലിമൂനിന്റെ സജീവ പ്രവർത്തകനായിരുന്നു അദ്ദേഹം. 1966 ൽ തൂക്കിലേറ്റപ്പെട്ട ഇഖ്‌വാൻ സ്ഥാപനായ സയ്യിദ് ഖുത്തുബിന്റെ ഒരു ആരാധകനായിരുന്നു ബാഗ്ദാദി.

ഇസ്‌ലാമിനെ ഏറ്റവും നികൃഷ്ടമായും നിന്ദ്യമായും ചിത്രീകരിക്കാൻ ആഗ്രഹിക്കുന്ന ശക്തികളുടെ കൈയ്യിലെ കളിപ്പാവയായിരുന്നു ഈ ഭീകര നേതാവ് എന്ന കാര്യം നിസ്തർക്കമാണ്. അതിതീവ്രവാദം, കൂട്ടഹത്യകൾ, അത്യന്തം ക്രൂരമായ ശിക്ഷാ സമ്പ്രദായങ്ങൾ, ആത്മഹത്യാ ബോംബ് സ്കോഡുകൾ, നിഷ്ഠൂരമായ കൊലപാതകങ്ങൾ, മനുഷ്യത്വഹീനമായ വധശിക്ഷകൾ, കാർബോംബ് സ്ഫോടനങ്ങൾ, യമനിലെ യസീദികളുടെ കൂട്ടക്കൊല, ലൈംഗിക അടിമത്വം, ചാട്ടവാറടി തുടങ്ങിയ ആധുനിക ലോകത്ത് ഉൾകിടിലമുണ്ടാക്കുന്ന ക്രൂരതകളാണ് ഇസ്‌ലാം മതത്തിന്റെ പേരിൽ തുടർച്ചയായി ഈ ഭീകരൻ ചെയ്തുകൂട്ടിയത്.

കൊള്ളിമീൻ പോലെ ഉയർന്നു പൊങ്ങിയ അബൂബക്കർ ബാഗ്ദാദിയുടെ സൈനിക മുന്നേറ്റങ്ങങ്ങൾക്കും സാമ്പത്തിക പിന്തുണക്കും പിന്നിൽ അമേരിക്കയും ഇസ്രയേലും സഊദി അറേബ്യയുമാണെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നു. ഫലസ്തീൻ മുസ്‌ലിം

കളുടെ അവകാശങ്ങൾ ഹനിക്കുന്ന ഇസ്രയേലിനെതിരെ ഒരു വാക്കുപോലും ഉന്നയിക്കാൻ ബാഗ്ദാദി തയ്യാറായിട്ടില്ല. അദ്ദേഹത്തിന്റെ യുദ്ധങ്ങളെല്ലാം മുസ്‌ലിം സമൂഹത്തിലെ വിഭഗീയതയുടെ പേരിലായിരുന്നു. അദ്ദേഹം ഭീകര നേതൃത്വത്തിലേക്ക് എത്തുന്നത് യാദൃച്ഛികമായാണ്. 2004 ൽ അമേരിക്കയുടെ നോട്ടപ്പുള്ളിയായ തന്റെ ഒരു സുഹൃത്തിനെ സന്ദർശിക്കാൻ പോയ അവസരത്തിൽ ഫല്ലൂജയിൽ വെച്ച് അമേരിക്കൻ അധികൃതർ ബാഗ്ദാദിയെ അറസ്റ്റ് ചെയ്തു. അദ്ദേഹത്തെ തെക്കൻ ഇറാഖിലെ ബുക്കായിലെ അമേരിക്കൻ ക്യാമ്പിൽ തടവുകാരനായി പാർപ്പിച്ചു. പത്ത് മാസത്തോളം അമേരിക്കൻ ക്യാമ്പിലെ ഈ താമസത്തിനിടക്കാണ് ബാഗ്ദാദി ഒരു ആത്മീയ നേതാവായും പിന്നീട് ഭീകര സംഘടനയുടെ ഖലീഫയായും ഉയരുന്നത്. ബാഗ്ദാദി ഒരു ഫുട്ബോൾ ഭ്രാന്തൻ കൂടിയായിരുന്നു. ബുക്കായിലെ സൈനിക ക്യാമ്പിൽ ബുക്കായി മറഡോണ എന്നായിരുന്നു അദ്ദേഹം അറിയപ്പെട്ടിരുന്നത്.

ഇറാഖിലെ അൽഖാഇദ തലവനായിരുന്ന അബൂ മൂസബ് അൽ സർഖാവി 2006 ൽ കൊല്ലപ്പെട്ടപ്പോൾ ദുർബലമായ ഇറാഖിലെ അൽഖാഇദാ നേതൃത്വം അബൂബക്കർ ബാഗ്ദാദിയുടെ കൈകളിൽ എത്തിച്ചേരുകയും അദ്ദേഹം ഈ ജിഹാദി ഗ്രൂപ്പിന്റെ പേര് ഇസ്‌ലാമിക് സ്റ്റേറ്റ് ഇൻ ഇറാഖ് ആന്റ് ലെവന്റ് ( ഐ എസ് ഐ & എൽ) എന്നാക്കി മാറ്റുകയും ചെയ്തു. ഇസ്‌ലാമിക് സ്റ്റേറ്റ് അഥവാ ISI എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ ഭീകര സംഘടനയുടെ ശൂറാ കൗൺസിൽ 2014 ജൂൺ 29 ന് ബാഗ്ദാദിയെ ഖലീഫയായി തിരഞ്ഞെടുത്തു. ഖലീഫയായതിന് ശേഷം റോമും (പാശ്ചാത്യ ലോകം) മുസ്‌ലിംകൾക്ക് നഷ്ടപ്പെട്ട സ്പെയിനും താൻ പിടിച്ചടക്കുമെന്നും തന്റെ പുതിയ ഖിലാഫത്തീ ഭരണ പ്രദേശത്തേക്ക് ലോക മുസ്‌ലിംകൾ കുടിയേറാനും ബാഗ്ദാദി ആഹ്വാനം ചെയ്തു. 2014ൽ ഐഎസ് 'ദാബിഖ്' എന്ന പേരിൽ ഒരു മാഗസിൻ ഇംഗ്ലീഷിലടക്കം വിവിധ ഭാഷകളിൽ പ്രസിദ്ധീകരണം ആരംഭിച്ചു. അന്ത്യനാളിൽ മുസ്‌ലിംകളും ശത്രുക്കളും തമ്മിൽ ഒരു ഘോരയുദ്ധം നടക്കുമെന്ന് ഹദീസിൽ വിവരിക്കപ്പെട്ട ഇറാഖിലെ സ്ഥലത്തിന്റെ നാമമാണ് ദാബിഖ്.

എണ്ണ സമ്പന്നമായ ഇറാഖ് ഏതൊരു സാമ്രാജ്യത്വ അധിനിവേശ ശക്തിയേയും മോഹിപ്പിക്കുന്ന ഭൂമിയാണ്. ഇറാഖിലെ വിഭവങ്ങളെയും സൈനികമായ പ്രധാന്യത്തിലും കണ്ണ് നട്ട് ആ രാജ്യത്തെ കഴുകൻ കണ്ണുമായി വലയം ചെയ്യുകയാണ്. ഇറാഖിനെ തളർത്താനും തകർക്കാനും വിദേശ ശക്തികളുടെ ഗൂഢാലോചനകളും നയതന്ത്ര-സൈനിക നീക്കങ്ങളും വളരെ നാളുകളായി പ്രത്യക്ഷമായും പരോക്ഷമായും നടന്നു വരുന്നു. ഇറാഖിലേക്ക് 2003 ൽ അമേരിക്ക സൈനികാക്രമണം നടത്തി തകർത്ത് തരിപ്പണമാക്കി കടന്നു കയറിയതിന് ശേഷം അമേരിക്ക തന്നെ കണ്ടെത്തിയ പ്രധാനമന്ത്രിയായിരുന്നല്ലോ ശിയാ വിഭാഗക്കാരനായ നൂരി അൽ മാലിക്കി. അബൂബക്കർ അൽ ബാഗ്ദാദിയാകട്ടെ സുന്നി ഭീകര സംഘടനയായ ഐ എസിന്റെ നേതാവും. അങ്ങനെ സംഘട്ടനാത്മകമായ ഒരു ശിയാ സുന്നി വിഭജനവും ഇറാഖി ജനതക്ക് മേൽ ഉണ്ടായി. പിന്നീട് ഘോരമായ ആഭ്യന്തര യുദ്ധവും ഇറാഖിൽ ആരംഭിച്ചു. 2011 ഡിസംബറോടെ അമേരിക്കൻ സൈന്യം ഇറാഖിൽ നിന്നും പിൻവാങ്ങി. അതിന് ശേഷം ഇറാഖിന്റെ രാഷ്ട്ര സേനയെ വെല്ലുന്ന തരത്തിലാണ് ബാഗ്ദാദിയുടെ ഐ എസ് ഇറാഖിലെ ശിയാ ഗവൺമെന്റിനെതിരെ മുന്നേറിയത്. അത്യന്താധുനിക ആയുധങ്ങൾ ഉപയോഗിച്ചുള്ള ആക്രമണങ്ങളും അവർ നടത്തുന്ന ക്രൂരതകളുടെയും ചിത്രങ്ങൾ ഏതോ അജ്ഞാത കേന്ദ്രങ്ങളിൽ നിന്നും ലോക മാദ്ധ്യമങ്ങളിലേക്ക് പ്രവഹിക്കുകയായിരുന്നു. ലോകത്ത് ഇസ്‌ലാമിക ഭരണം നടപ്പാക്കാൻ കൂട്ടക്കൊല നടത്തി മുന്നേറിയ ബാഗ്ദാദി കൊന്നൊടുക്കിയതത്രയും ഇറാഖി ജനതയെ തന്നെ.

റഷ്യയുടെയും ഇറാന്റെയും പിന്തുണയുള്ള അയൽ രാജ്യമായ സിറിയയിൽ 2011 ൽ ആഭ്യന്തര കലാപം പൊട്ടിപുറപ്പെട്ടപ്പോൾ പ്രസിഡന്റ് ബഷാർ അൽ അസദിനെതിരെ അവിടുത്തെ വിമത നേതാക്കന്മാരെ സഹായിക്കാൻ ബാഗ്ദാദിയുടെ ഐ എസ് തയ്യാറായി. സഊദിയുടെ നിർലോഭ പിന്തുണയും ഐഎസ്സിനുണ്ടായിരുന്നു. ലോകത്തിന്റെ നാനാഭാഗത്ത് നിന്നും തീവ്രവാദ മനോനിലയുള്ള മുസ്‌ലിം ചെറുപ്പക്കാർ ഐഎസ്സി ലേക്ക് ചേരാൻ ഇറാഖിലേക്ക് വരികയുണ്ടായി. യമനിലെ ആഭ്യന്തര യുദ്ധത്തിലും ശിയാക്കളുടെ ഹൂദി മിലീഷ്യക്കെതിരെ സഊദിയുടെ പിന്തുണയോടെ ബാഗ്ദാദി പോരാടി. അങ്ങനെ പശ്ചിമേഷ്യ മുഴുവൻ യുദ്ധഭരിതമാക്കുകയാണ് ബാഗ്ദാദി ചെയ്തത്. പഴയ തുർക്കി സാമ്രാജ്യം പുനരുജ്ജീവിപ്പിക്കുമെന്ന് പറഞ്ഞ് പാശ്ചാത്യ ലോകത്തെ വെല്ലുവിളിച്ചു മുന്നേറിയ ബാഗ്ദാദി ഇസ്രയേലിനെതിരെ ഒരു ചെറുവിരൽപോലും അനക്കാതെ ഒരു പ്രസ്താവന പോലും നടത്തിയില്ല എന്നത് ശ്രദ്ധേയമാണ്. അതുകൊണ്ട് ബാഗ്ദാദി ഒരു അമേരിക്കൻ ഇസ്രയേലി സൃഷ്ടിയാണെന്ന ആരോപണം പ്രബലമാണ്. അമേരിക്കയും ഇസ്രയേലും ഉദ്ദേശിക്കുന്ന ദൗത്യം പൂർത്തിയായതിന് ശേഷം ബാഗ്ദാദിയെ നശിപ്പിക്കാൻ മുന്നിട്ടിറങ്ങിയതും അമേരിക്കയാണ്. അമേരിക്കയിൽ ട്രംപ് വൻ പ്രതിസന്ധി നേരിടുകയാണല്ലോ. ഒരു തിരഞ്ഞെടുപ്പിനെ നേരിടുന്നതിന് മുമ്പായി ട്രംപ് ഇംപീച്ച്മെന്റിനെയും അഭിമുഖീകരിക്കേണ്ടതുണ്ട്. ക്രൂരതയുടെ പ്രതിഛായയുള്ള ബാഗ്ദാദിയെ വേട്ടയാടി നശിപ്പിച്ചാൽ അമേരിക്ക

യിലും ലോകത്തും ട്രംപിന്റെ ഇമേജ് വർദ്ധിപ്പിക്കാൻ അത് സഹായകരമാവുമെന്ന് ഇതിന് മുമ്പുനടന്ന പശ്ചിമേഷ്യൻ ഇടപെടലുകളും പഠിച്ച പല നിരീക്ഷകരും കരുതുന്നു.

ഏതായാലും സമാധാനത്തിന്റെ മതമായ ഇസ്ലാമിൽ വിനാശകരമായ ജിഹാദി തത്വശാസ്ത്രത്തിന്റെ വേരോട്ടമുള്ളത് കൊണ്ടാണ് ഈ ദുരന്തങ്ങളും ദുരിതങ്ങളും അവരിൽ ആപതിക്കുന്നത്. ആരുടെയെങ്കിലും താൽപര്യം കൊണ്ട് സൃഷ്ടിക്കപ്പെടുകയോ അവരുടെ കൈയ്യിൽ കളിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ഒരു ഭീകര നേതാവോ സംഘടനയോ ഇസ്ലാമിന്റെ പേരിൽ ജിഹാദിന്റെ കാഹളം മുഴക്കുമ്പോൾ കുറെ പേർ അങ്ങോട്ട് പാഞ്ഞെത്തുന്ന ഈ അവസഥ അതുകൊണ്ടാണ് സംജാതമാവുന്നത്. യുക്തിഭദ്രവും ആശയ സമ്പുഷ്ടവുമായ ഇസ്ലാം മതം പ്രചരിക്കാൻ ഒരിക്കലും ആയുധ ശക്തിയുടെ ആവശ്യമില്ല. അടിസ്ഥാനപരമായി മുസ്ലിം സമുദായം ഇസ്ലാമിന്റെ വിവേകത്തിലധിഷ്ഠിതമായ ശാന്ത സൗമ്യഭാവം ആർജ്ജിക്കുകയും ഹിംസാത്മകമായ ജിഹാദീ സിദ്ധാന്തത്തെ പൂർണ്ണമായും തള്ളിപറയുകയും അതിന്റെ വിനാശകരമായ പ്രത്യാഘാതങ്ങളെ പറ്റി ആഗോള മുസ്ലിം സമുദായത്തെ സമൂലം ബോധവത്ക്കരിക്കുകയും വേണം. എങ്കിൽ മാത്രമേ ഇത്തരം വ്യാജനേതാക്കന്മാരും സംഘടനകളും മുഖേന ഇസ്ലാമിന്റെ എതിരാളികൾ ഒരുക്കുന്ന കെണിയിൽ മുസ്ലിം സമുദായം വീഴാതിരിക്കൂ. വിശുദ്ധ ഖുർആന്റെ ഒരു വചനത്തിൽ ഈ മുസ്ലിം അവസ്ഥയുടെ പ്രതിസന്ധിക്കുള്ള പ്രതിവിധിയുണ്ട്. ഖുർആൻ പറയുന്നു:

**ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത് വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല. (വി. ഖുർആൻ 13: 12)**




ഹ്യുമാനിറ്റി ഫസ്റ്റ് ഇന്ത്യയും മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ലയും സംയുക്തമായി കോതമംഗലം വടാട്ടുപാറ താളും കണ്ടം ആദിവാസി കോളനി സന്ദർശിക്കുകയും ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റ് വിതരണം ചെയ്യുകയും ചെയ്തു. കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സന്ധ്യാ ലാലു പരിപാടി ഉദ്ഘാടനം ചെയ്തു.

## അനുസ്മരണം

# പണിക്കവീട്ടിൽ സൈനബ സാഹിബ

കരുളായി ജമാഅത്തിലെ പണിക്കവീട്ടിൽ സൈനബ സാഹിബ (70) ഒക്ടോബർ 19ന് വഫാത്തായി. (ഇന്നാലില്ലാഹി....) ആദിനാട് ജമാഅത്തിലെ ആദ്യകാല അഹ്മദിയായിരുന്ന മർഹൂം ഹൈദ്രോസ് കുഞ്ഞു സാഹിബിന്റെ മകളാണ്. ഭർത്താവ്: മർഹൂം മുഹമ്മദ് യൂസുഫ് സാഹിബ്. മക്കൾ: സുബൈദ, നിസാർ, നസീർ, നുസ്രത്ത്, മുനീർ, മഷ്ഹൂദ്, റജീന. മരുമക്കൾ: മർഹൂം കരീം, കാദർ മൊയ്തു (ബാബു), നാസർ, സലീന, സുഹ്റാബി, ലിസ്ന, സജ്ന. അല്ലാഹു പരേതക്ക് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

# വഖ്ഫെ ജദീദ്

2019 ജനുവരി 4ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ വിളംബരം ചെയ്ത വഖ്ഫെ ജദീദിന്റെ നടപ്പു സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി ഏതാനും ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളു. ഈ അവസരത്തിൽ ചന്ദ വഖ്ഫെ ജദീദ് വാഗ്ദാനം നൽകിയവർ അത് എത്രയും വേഗം പൂർത്തിയാക്കാൻ പരിശ്രമിക്കണം എന്ന് ഓർമ്മപ്പെടുത്തുന്നു. വാഗ്ദാനം പൂർത്തിയാക്കിയവർക്കും ഇനിയും ഈ അനുഗ്രഹീത പദ്ധതിയിൽ കൂടുതൽ സാമ്പത്തിക ത്യാഗം ചെയ്ത് കൊണ്ട് അനുഗ്രഹങ്ങൾ കരസ്ഥമാക്കാവുന്നതാണ്. അല്ലാഹു നമുക്ക് ഏവർക്കും അതിനുള്ള തൗഫീഖും തക്കതായ പ്രതിഫലവും നൽകി അനുഗ്രഹിക്കട്ടെ. ആമീൻ

എന്ന്,

**നാസിം മാൽ വഖ്ഫെ ജദീദ്, ഖാദിയാൻ**

Published on 7.12.2019
Pages 44
Vol: 91 Issue. 12
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com